**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1520** **19-09-2025 - ൽ മറുപടിയ്ക്ക്**

**അധ്യാപക സംഘടനകളുടെ അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിൽ അംഗീകാരമുള്ള എത്ര അധ്യാപക സംഘടനകളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) | നിലവിൽ അംഗീകാരമുള്ള 34 സംഘടനകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | അധ്യാപക സംഘടനകൾക്ക് അംഗീകാരം നൽകുന്നതിന് 1958 ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലും നിയമങ്ങളിലും നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | കെ.ഇ.ആർ അദ്ധ്യായം XIVC ചട്ടം 51(എ) യിലാണ് അധ്യാപക സംഘടനകൾക്ക് അംഗീകാരം നൽകുന്നതിനുള്ള വ്യവസ്ഥകൾ നിർദേശിക്കുന്നത്.<br><br><u>അംഗീകാരത്തിനുള്ള വ്യവസ്ഥകൾ:</u><br><br>(1) താഴെ പറയുന്ന വ്യവസ്ഥകൾ പാലിക്കുന്നില്ലെങ്കിൽ, ഒരാദ്ധ്യാപക സംഘടനയ്ക്കും അംഗീകാരം നൽകുകയില്ല.<br><br>1. സാധാരണഗതിയിൽ സംഘടന സുവ്യക്തമായ ഒരദ്ധ്യാപക വിഭാഗമായിരിക്കേണ്ടതും, ആ വിഭാഗത്തിലെ മൊത്തം അംഗസംഖ്യയിൽ 25% ൽ കുറയാത്തവരുടെ പ്രാതിനിധ്യം ഉണ്ടായിരിക്കുകയും വേണം.<br><br>നോട്ട് 1 -<br><br>അംഗീകാരം നേടുന്നതിനു സർവീസ് സംഘടനയിൽ നിന്നും അപേക്ഷ നൽകുമ്പോൾ, പ്രാതിനിധ്യപരമായ നിശ്ചിത മിനിമം അംഗസംഖ്യയെപ്പറ്റി ഡയറക്ടർ സ്വയം ബോധ്യപ്പെടേണ്ടതും അക്കാര്യം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.<br><br>2 . സ്കൂൾ വിദ്യാഭ്യാസ വകുപ്പിലെ താഴെപ്പറയുന്ന അധ്യാപക വിഭാഗത്തെ മേൽപ്പറഞ്ഞ ചട്ടത്തെ സംബന്ധിച്ചിടത്തോളം പ്രത്യേക വിഭാഗമായി പരിഗണിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | **സെക്കൻഡറി സ്കൂളുകൾ :-**<br><br>1. പ്രധാനാധ്യാപകർ<br>2. വിവിധ വിഷയങ്ങൾക്കുള്ള ഹൈസ്കൂൾ അസിസ്റ്റൻറുമാർ<br>3. ഭാഷകൾക്കുള്ള ഹൈസ്കൂൾ അസിസ്റ്റൻറുമാർ<br>4. സ്പെഷ്യലിസ്റ്റ് അധ്യാപകരും ക്രാഫ്റ്റ് അധ്യാപകരും.<br><br>ഹൈസ്കൂൾ അസിസ്റ്റൻറുമാരിൽ, തങ്ങൾ പഠിപ്പിക്കുന്ന വിഷയങ്ങളുടെ വ്യത്യാസം കൂടാതെ എല്ലാ ഗ്രാഡുവേറ്റ് അധ്യാപകരും ഉൾപ്പെടുന്നു. ഭാഷയ്ക്കുള്ള ഹൈസ്കൂൾ അസിസ്റ്റൻറുമാരിൽ എല്ലാ ഭാഷകൾക്കുമുള്ള അധ്യാപകർ ഉൾപ്പെടും. സ്പെഷ്യലിസ്റ്റ് അധ്യാപകരിൽ സംഗീതം, ഡ്രോയിംഗ്, ഫിസിക്കൽ എജ്യൂക്കേഷൻ, നീഡിൽ വർക്ക് തുടങ്ങിയവയ്ക്കുള്ള അധ്യാപകർ ഉൾപ്പെടും.<br><br>**പ്രൈമറി സ്കൂളുകൾ (U.P. & L.P. ഉൾപ്പെടെ)**<br><br>1. പ്രൈമറി സ്കൂളുകളിലെ പ്രധാനാധ്യാപകർ<br>2. പ്രൈമറി സ്കൂൾ അസിസ്റ്റൻറുമാർ.<br>3. പ്രൈമറി സ്കൂളുകളിലെ ഭാഷാ അധ്യാപകർ<br>4.പ്രൈമറി സ്കൂളുകളിലെ സ്പെഷ്യലിസ്റ്റ് അധ്യാപകരും ക്രാഫ്റ്റ് അധ്യാപകരും.<br><br>(ii) ഒരേ വിഭാഗത്തിലുള്ള എല്ലാ അധ്യാപകരും സംഘടനയിൽ അംഗത്വത്തിന് അർഹരായിരിക്കും.<br>(iii) അദ്ധ്യാപകരല്ലാത്തവർ സംഘത്തിൽ ഔദ്യോഗിക ഭാരവാഹികൾ ആയിരിക്കരുത്<br>(iv) പ്രാദേശിക -സാമുദായിക അടിസ്ഥാനത്തിൽ സംഘടന രൂപീകരിക്കാൻ പാടില്ല<br><br>(2) (1)-ാം വ്യവസ്ഥയ്ക്കനുസൃതമല്ലാത്ത ഏതെങ്കിലും സംഘടനയുമായോ, സംഘടനകളുടെ ഫെഡറേഷനുമായോ ഒരു തരത്തിലും ബന്ധപ്പെടുകയോ അവയിൽ അംഗമായി ചേരുകയോ ചെയ്യരുത്.<br><br>(3) യാതൊരു രാഷ്ട്രീയ പാർട്ടിയോ സംഘടനയോ ആയി ഒരു പ്രകാരത്തിലും ബന്ധപ്പെടാൻ പാടില്ല. |
| (സി) | നിലവിൽ പ്രവർത്തിച്ചു വരുന്ന അധ്യാപക സംഘടനകൾ പൊതുവിദ്യാഭ്യാസ മേഖലക്ക് നൽകി വരുന്ന സംഭാവനകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) | പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന കുട്ടികൾക്കായുള്ള കലാ, കായിക മേളകൾ സംഘടിപ്പിക്കുന്നതിന് സംഘടനകളുടെ സഹകരണവും പങ്കാളിത്തവും ഉണ്ടാകാറുണ്ട്. വകുപ്പുമായി ബന്ധപ്പെട്ട പഠന, പഠനേതര വിഷയങ്ങളിൽ, ആവശ്യമെങ്കിൽ, സംഘടനകളുടെ |

| | | | |
|---|---|---|---|
| | | | അഭിപ്രായം കൂടി ആരാഞ്ഞ ശേഷമാണ് അന്തിമ തീരുമാനങ്ങൾ കൈക്കൊള്ളുന്നത്. |
| (ഡി) | പൊതുവിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിച്ചു വരുന്ന ഏതെങ്കിലും സംഘടനയുടെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാനോ സംഘടനകളുടെ അംഗീകാരം പിൻവലിക്കാനോ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (ഡി) | അധ്യാപക സംഘടനകൾ രൂപീകരിക്കുമ്പോൾ എല്ലാ വിഭാഗത്തെയും പ്രതിനിധാനം ചെയ്യുന്ന സംഘടനകൾക്ക് മാത്രമേ അംഗീകാരം നൽകേണ്ടതുള്ളൂ എന്ന ഒരു നിലപാട് സ്വീകരിച്ചുകൊണ്ട് കെ.ഇ.ആർ. അധ്യായം XIV C ചട്ടം 51 ന് ഭേദഗതി വരുത്തുവാനും അതിനോടൊപ്പം സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന അധ്യാപക സംഘടനകളെയും KGSC Rule ന്റെ പരിധിയിൽ നിന്ന് മാറ്റി കെ.ഇ.ആറിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് 1960 ലെ KGSC Rules ലെ 77,78 ചട്ടങ്ങൾക്ക് അതിപ്രഭാവം നൽകുന്നതിനുള്ള വ്യവസ്ഥ കെ.ഇ.ആറിൽ ഉൾപ്പെടുത്തുന്നതിനും അതിന് ശേഷം പുതുക്കിയ ചട്ടം പ്രകാരം സംഘടനകൾക്ക് അംഗീകാരം നൽകുന്നതിന് ഹിതപരിശോധന നടത്തുന്നതിനും ഇതിനായി അധ്യാപക സംഘടനകളുമായുള്ള ചർച്ചകൾ ഉൾപ്പെടെയുള്ള തുടർ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. കൂടിയ യോഗത്തിന്റെ മിനുട്സ്, വിവിധ സംഘടനകൾ സമർപ്പിച്ച അഭിപ്രായങ്ങളുടെ പകർപ്പുകൾ എന്നിവ അനുബന്ധമായി ഉൾപ്പെടുത്തുന്നു. |
| (ഇ) | പൊതുവിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിച്ചു വരുന്ന സംഘടനകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിന് ചട്ടങ്ങളിലും നിയമങ്ങളിലും ഭേദഗതി വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം ഭേദഗതികളാണ് വരുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (ഇ) | അധ്യാപക സംഘടനകൾ രൂപീകരിക്കുമ്പോൾ എല്ലാ വിഭാഗത്തെയും പ്രതിനിധാനം ചെയ്യുന്ന സംഘടനകൾക്ക് മാത്രമേ അംഗീകാരം നൽകേണ്ടതുള്ളൂ എന്ന ഒരു നിലപാട് സ്വീകരിച്ചുകൊണ്ട് കെ.ഇ.ആർ. അധ്യായം XIV C ചട്ടം 51 ന് ഭേദഗതി വരുത്തുവാനും അതിനോടൊപ്പം സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന അധ്യാപക സംഘടനകളെയും KGSC Rule ന്റെ പരിധിയിൽ നിന്ന് മാറ്റി കെ.ഇ.ആറിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് 1960 ലെ KGSC Rules ലെ 77,78 ചട്ടങ്ങൾക്ക് അതിപ്രഭാവം നൽകുന്നതിനുള്ള വ്യവസ്ഥ കെ.ഇ.ആറിൽ ഉൾപ്പെടുത്തുന്നതിനും അതിന് ശേഷം പുതുക്കിയ ചട്ടം പ്രകാരം സംഘടനകൾക്ക് അംഗീകാരം നൽകുന്നതിന് ഹിതപരിശോധന നടത്തുന്നതിനും ഇതിനായി അധ്യാപക സംഘടനകളുമായുള്ള ചർച്ചകൾ ഉൾപ്പെടെയുള്ള തുടർ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. കൂടിയ യോഗത്തിന്റെ മിനുട്സ്, വിവിധ സംഘടനകൾ സമർപ്പിച്ച അഭിപ്രായങ്ങളുടെ |

| | | | |
|---|---|---|---|
| | | | പകർപ്പുകൾ എന്നിവ അനുബന്ധമായി ഉൾപ്പെടുത്തുന്നു. |
| (എഫ്) | സംഘടനകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നത് സംബന്ധിച്ചും കേരള വിദ്യാഭ്യാസ ചട്ടങ്ങളിലും നിയമങ്ങളിലും ഭേദഗതി വരുത്തുന്നത് സംബന്ധിച്ചും അധ്യാപക സംഘടനാ പ്രതിനിധികളുടെ യോഗം സർക്കാർ തലത്തിൽ വിളിച്ചു ചേർത്തിരുന്നോ; എങ്കിൽ യോഗത്തിന്റെ മിനുട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇതു സംബന്ധിച്ച അഭിപ്രായങ്ങൾ അറിയിച്ച് വിവിധ അധ്യാപക സംഘടനകൾ നൽകിയ കത്തുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ? | (എഫ്) | അധ്യാപക സംഘടനകൾ രൂപീകരിക്കുമ്പോൾ എല്ലാ വിഭാഗത്തെയും പ്രതിനിധാനം ചെയ്യുന്ന സംഘടനകൾക്ക് മാത്രമേ അംഗീകാരം നൽകേണ്ടതുള്ളൂ എന്ന ഒരു നിലപാട് സ്വീകരിച്ചുകൊണ്ട് കെ.ഇ.ആർ. അധ്യായം XIV C ചട്ടം 51 നു ഭേദഗതി വരുത്തുവാനും അതിനോടൊപ്പം സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന അധ്യാപക സംഘടനകളെയും KGSC Rule ൻറെ പരിധിയിൽ നിന്ന് മാറ്റി കെ.ഇ.ആറിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് 1960 ലെ KGSC Rules ലെ 77,78 ചട്ടങ്ങൾക്ക് അതിപ്രഭാവം നൽകുന്നതിനുള്ള വ്യവസ്ഥ കെ.ഇ.ആറിൽ ഉൾപ്പെടുത്തുന്നതിനും അതിന് ശേഷം പുതുക്കിയ ചട്ടം പ്രകാരം സംഘടനകൾക്ക് അംഗീകാരം നൽകുന്നതിന് ഹിതപരിശോധന നടത്തുന്നതിനും ഇതിനായി അധ്യാപക സംഘടനകളുമായുള്ള ചർച്ചകൾ ഉൾപ്പെടെയുള്ള തുടർ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. കൂടിയ യോഗത്തിന്റെ മിനുട്സ്, വിവിധ സംഘടനകൾ സമർപ്പിച്ച അഭിപ്രായങ്ങളുടെ പകർപ്പുകൾ എന്നിവ അനുബന്ധമായി ഉൾപ്പെടുത്തുന്നു. |

സെക്ഷൻ ഓഫീസർ

**<u>സർക്കാർ, എയ്ഡഡ് മേഖലയിലെ അധ്യാപക സംഘടനകളുടെ ഹിതപരിശോധന നടത്തുന്നത് ചെയ്യുന്നതിനായി പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ അധ്യക്ഷതയിൽ സർക്കാർ / എയ്ഡഡ് സ്കൂളുകളിലെ വിവിധ അധ്യാപക സംഘടനകളുമായി 19.08.2025 രാവിലെ 10.30 മണിക്ക് ചേർന്ന യോഗത്തിന്റെ മിനിട്സ്</u>**

യോഗം രാവിലെ 10.45 മണിയ്ക്ക് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പട്ടിക ഉള്ളടക്കം ചെയ്തിട്ടുണ്ട്.

യോഗ വിളിച്ചു ചേർത്തതിന്റെ പശ്ചാത്തലം, ഹിത പരിശോധനയുമായി ബന്ധപ്പെട്ട കോടതി ഉത്തരവുകൾ , ഇത് സംബന്ധിച്ച് കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ സർക്കാർ കൊണ്ട് വരൻ ഉദ്ദേശിക്കുന്ന ഭേദഗതികൾ എന്നിവയെ സംബന്ധിച്ച വിവരങ്ങൾ പൊതു വിദ്യാഭ്യാസ ജോയിന്റ് സെക്രട്ടറി അവതരിപ്പിക്കുകയും തുടർന്ന് ഈ വിഷയത്തിൽ അധ്യാപക സംഘടനകളുടെ അഭിപ്രായങ്ങൾ ആരായുകയും ചെയ്തു. യോഗത്തിൽ പങ്കെടുത്തുകൊണ്ട് ഈ വിഷയത്തിൽ വിവിധ സംഘടനാ ഭാരവാഹികളുടെ അഭിപ്രായങ്ങൾ ചുവടെ ചേർക്കുന്നു:

<u>1. ശ്രീ ടി.കെ.എ ഷാഫി, ജനറൽ സെക്രട്ടറി, കെ.എസ്.റ്റി.എ</u>

തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുക പരിഹരിക്കുക തുടങ്ങിയ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ കേരളത്തിലുള്ള അദ്ധ്യാപകർക്ക് ഇടയിൽ 39 അദ്ധ്യാപക രജിസ്റ്റർ ചെയ്തു പ്രവർ ത്തിക്കുന്നുണ്ട് .കൂടാതെ രജിസ്ട്രേഷൻ കിട്ടാത്ത സംഘടനകളും പ്രവർത്തിക്കുന്നുണ്ട്. നിശ്ചിത ശതമാനം മെമ്പർഷിപ്പ് ഉള്ള സംഘടനകളെയാണ് പൊതുവിൽ അത്തരം കാര്യങ്ങൾക്ക് പരിഗണിക്കേണ്ടത്. എങ്കിൽ മാത്രമേ ഈ മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങളെ സമഗ്രമായി കാണാനും പരിഹരിക്കാനും കഴിയുകയുള്ളൂ . അതുകൊണ്ട് തന്നെ സർക്കാർ, എയ്ഡഡ് മേഖലയിലെ അധ്യാപക സംഘടനകളുടെ ഹിതപരിശോധന നടത്തേണ്ടതുണ്ട്. ഹിതപരിശോധന നടത്തുമ്പോൾ അത് കാറ്റഗറി അടിസ്ഥാനത്തിൽ അല്ല മറിച്ച് +2 വരെയുള്ള മുഴുവൻ അധ്യാപകരെയും കണ്ടുകൊണ്ട് അവരുടെ ഇടയിൽ വളരെ ജനാധിപത്യമായും സുതാര്യമായും നടത്തുന്ന തെരഞ്ഞെടുപ്പാണ് ഉണ്ടാവേണ്ടത്. അതിന് പൊതു വിദ്യാസ ഡയറക്ടറേയും മറ്റ് ഉദ്യോഗസ്ഥരെയും ഉൾപെടുത്തികൊണ്ടു ഒരു തെരഞ്ഞെടുപ്പ് സംവിധാനം ഒരുക്കണം.കുറഞ്ഞത് 2 0 % ആളുകളുടേതെങ്കിലും അംഗീകാരമുള്ള സംഘടനകൾക്കാണ് അംഗീകാരം നൽകേണ്ടത. കാറ്റഗറി അടിസ്ഥാനത്തിലുള്ള സംഘടനകൾ പലപ്പോഴും നമ്മുടെ മേഖലയിലെ പൊതുവായ പ്രശ്നങ്ങൾ സമഗ്രമായി കാണുന്നില്ല. അതുകാണ്ടെ് അത്തരം തെരഞ്ഞെടുപ്പിലും പൊതുവായ അദ്ധ്യാപകരെ പ്രതിനിധീകരിക്കുന്ന സംഘടനകളെയാണ് പങ്കെടുപ്പിക്കേണ്ടത്. 5 മുതൽ 6 വർഷത്തെ ഇടവേളകളിൽ ഹിത പരിശോധന നടത്തണമെന്നും ആ സമയം കഴിയുമ്പോൾ അപ്പോഴത്തെ സ്ഥിതി വീണ്ടും പരിശോധിക്കുന്ന സംവിധാനം ഒരുക്കണമെന്നും അഭിപ്രായപ്പെട്ടു.

<u>2. ശ്രീ കെ അബ്ദുൾ മജീദ്,സംസ്ഥാന പ്രസിഡന്റ്, കെ.പി.എസ്.റ്റി.എ .</u>

കേരളത്തിലുള്ള അദ്ധ്യാപകർക്ക് ഇടയിൽ 39 സംഘടനകൾക്കാണ് അംഗീകാരമുള്ളത്. ഈ അദ്ധ്്യാപക സംഘടനകളൊക്ക തന്നെ അദ്ധ്യാപക ക്ഷേമവും പൊതുവിദ്യാഭ്യാസ മേഖലയുടെ നന്മയും ലക്ഷ്യം വച്ച് പ്രവർത്തിക്കുന്നതാണ്. സ്വാഭാവികമായും ഓരോ വർഷം കൂടുമ്പോഴും സംഘടനകളുടെ പെരുപ്പം കൂടി വരുന്നത് കുറച്ച് ആളുകൾ മാത്രം കൂടി കൊണ്ട് ഒരു സംഘടന ഉണ്ടാക്കിയാലും അംഗീകാരം കൊടുക്കുന്ന രീതിയിലേക്ക് വരുന്ന ഒരു സാഹചര്യം ഉള്ളതുകൊണ്ടാണ്. അതുകൊണ്ട് തന്നെ ഒരു ഹിതപരിശോധന മറ്റുള്ള മേഖലയിൽ പോലെ തന്നെ ആവശ്യമാണ് . കെഎസ്.ആർ.ടി.സി, കെ.എസ്.ഇ.ബി എന്നിവയിൽ നിന്നും വ്യത്യസ്തമായി പൊതുവിദ്യാഭ്യാസ മേഖലയിൽ സ്കൂൾ മേളകൾ ഉൾപ്പെടയുള്ള കാര്യങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സംഘടനകളുടെ ക്രിയാത്മകമായ ഇടപെടലുകളുടെ അനിവാര്യതയുണ്ട്.

അതുകൊണ്ട് തന്നെ കൃത്യമായ ഒരു മാനദണ്ഡം നിശ്ചയിച്ച് അംഗീകാരമുള്ള് മുഴുവൻ അദ്ധ്യാപകരെയും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ഹിത പരിശോധന നടത്തി സംഘടനകൾക്ക് അംഗീകാരം കൊടുക്കുന്ന ഒരു സംവിധാനം കൊണ്ട് വരേണ്ടതാണ്. അതോടപ്പം തന്നെ നിലവിലുള്ള സംഘടനകളെ അബോളിഷ് ചെയ്യുള്ളമെന്നുള്ള അഭിപ്രായം ഇല്ല.

നിലവിലുള്ള 1,71,000 അധ്യാപകരിൽ 10 % വോട്ട് കിട്ടിയ സംഘടനകൾക്ക് അംഗീകാരം നൽകേണ്ടതും, ഹിത പരിശോധനയിൽ 10% ശതമാനം വോട്ട് ലഭിക്കാത്ത സംഘടനകൾ കൺസോർട്ടിയം രൂപീകരിക്കുന്നെങ്കിലോ കോണ്ഫിഡറേഷൻ ആയി മാറിയിട്ടുണ്ടെങ്കിലോ അവയ്ക്കു കൂടി അംഗീകാരം നൽകുന്ന വിഷയം പരിഗണിക്കണം. അതുകൊണ്ട് ഹിത പരിശോധന നടത്തി ആകെ അംഗങ്ങളുടെ 10% പ്രാധിനിത്യമുള്ള സംഘടനകൾക്ക് അംഗീകാരം നൽകിക്കൊണ്ടും, കുറഞ്ഞത് 10 സംഘടനകളെങ്കിലും വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കത്തക്ക രീതിയിലുള്ള ഒരു സംവിധാനംകൊണ്ട് വരണമെന്ന് അഭിപ്രായപ്പെട്ടു.

3. <u>ശ്രീ അരുൺകുമാർ .എ ജനറൽ സെക്രട്ടറി എൻ.ടി.യു.</u>

വിദ്യാഭ്യാസ മേഖലയിലെ എല്ലാ പ്രവർത്തനങ്ങളിലും അദ്ധ്യാപക സംഘടനകൾ സർക്കാരോടൊപ്പം ക്രിയാത്മകമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.ഇത്തരം ഇടപെടലുകൾ വിദ്യാഭ്യാസ വകുപ്പിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് അനുഗുണമായി മാത്രമേ വർദ്ധിച്ചിട്ടുള്ളൂ. മറിച്ചുള്ള അഭിപ്രായങ്ങളോട് സംഘടന യോജിക്കുന്നില്ല.ദേശിയ പാർട്ടികളുടെ അംഗീകാരം നിലനിർത്തുന്നതിന് സ്വീകരിക്കുന്ന സമീപനം പോലെ എല്ലാ സംഘടനകളെയും ചേർത്ത് നിർത്താനുള്ള ഒരു സമീപനമായിരിക്കണം സ്വീകരിക്കണം.ദേശിയ പാർട്ടികളുടെ അംഗീകാരം നിലനിർത്തുന്നതിൽ സ്വീകരിക്കുന്ന സമീപനം പോലെ നിലവിലുള്ള എല്ലാ അധ്യാപക സംഘടകളെയുംചേർത്ത് നിർത്തുന്ന സമീപനമായിരിക്കണം ഹിത പരിശോധന നടത്തുമ്പോൾ സർക്കാർ സ്വീകരിക്കേണ്ടത്. 1 മുതൽ 12 വരെ ഒറ്റ യൂണിറ്റായി കണകാക്കിവേണം ഹിത പരിശോധന നടത്തേണ്ടത്.ഹിത പരിശോധന നടത്തുമ്പോൾ ഇപ്പോൾ നിലവിലുള്ള ഒരു സംഘടനയും പുറത്താകാത്ത പ്രാധിനിത്യ ശതമാനം നിശ്ചയിക്കണമെന്നു അഭിപ്രായപെട്ടു.

4. ഒ.കെ. ജയകൃഷ്ണൻ, ജനറൽ സെക്രട്ടറി, എ.കെ.എസ്.റ്റി.യു.

ഒന്ന് മുതൽ 1 2 വരെയുള്ള മേഖലകളിലെ ക്ലാസ്സുകളിലെ അദ്ധ്യാപകരെ ഒറ്റ യൂണിറ്റായി കണക്കാക്കികൊണ്ടു അവരെ പ്രതിനിധീകരിക്കുന്ന സംഘടനകളെ ഹിതപരിശോധനയിലൂടെ അംഗീകാരം നൽകേണ്ടത് കാലഘട്ടത്തിന്റെ അവശ്യമായിട്ടാണ് കണക്കാക്കുന്നത്. ആരെയും ഒഴിവാക്കാനില്ല മറിച് അർഹതയുള്ളവർക്ക് അംഗ ീകാരം നൽകാൻ ഹിതപരിശോധന ആവശ്യമാണ്. നിശ്ചിത ശതമാനമാണോ കൂടിയ വോട്ട് ലഭിച്ചവര ്ക്കാണോ നിശ്ചിത എണ്ണമാണോ എന്നൊക്കെ അടുത്ത ഘട്ടത്തിലാണ് കണക്കാക്കേണ്ടത്. അദ്ധ്യാപക സംഘടനകൾ വിദ്യാഭ്യാസ മേഖലയിലെ അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങളുടെ സംഘാടനത്തിൽ നിസ്തുലമായ പങ്കു വഹിച്ചിട്ടുണ്ട് എന്ന വസ്തുതയും കണക്കിലെടുക്കണം.

5. അനിൽ എം ജോർജ്ജ് ജനറൽ സെക്രട്ടറി എച്ച്. .എച്ച് .എസ്.റ്റി.എ.

കാറ്റഗറി സംഘടനകളെ ഒഴിവാക്കുന്നതിനെ സംബന്ധിച്ചും ചട്ട ഭേദഗതി വരുത്തുന്നതിനെ സംബന്ധിച്ചും ബഹു കോടതി ഉത്തരവുകൾ കുറിച്ചും യോഗ കുറിപ്പിൽ പരാമർശിച്ചിട്ടുള്ള വസ്തുതകളോട് വിയോജിപ്പ് രേഖപ്പെടുത്തി. നിലവിലുള്ള കെ.ഇ.അർ അനുസരിച്ച് ഹിത പരിശോധന നടത്തണമെന്ന ാണ് കോടതി നിർദേശിച്ചിട്ടുള്ളതെന്നും ഇതിനായി ചട്ട ഭേദഗതി നടത്തുവാൻ കോടതികൾ നിർദേശിച്ചിട്ടില്ലെന്നും വ്യക്തമാക്കി. നിലവിലുള്ള ചട്ടങ്ങൾ പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ള സംഘടകളാണ് ഈ മേഖലയിൽ പ്രവർത്തിക്കുന്നത്.നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ഹിത പരിശോധന നടത്തുകയാണെങ്കിൽ പരമാവധി സംഘടനകളെ ചേർത്ത് നിർത്തുവാൻ സാധിക്കും. കേരള വിദ്യാഭ്യാസ ചട്ടങ്ങളും , സർക്കാർ ജീവനക്കാർക്കുള്ള പെരുമാറ്റ ചട്ടങ്ങളും പരിശോദിച്ചാൽ കാറ്റഗറി സംഘടനകൾക്കു പ്രവര്ത്തിക്കുന്നതിൽ നിയമപരമായ തടസങ്ങളൊന്നും നിലവിലില്ല. ഇതിൽ ഭേദഗതി വരുത്തേണ്ട ആവശ്യം നിലവിൽ എന്താണ് എന്ന് വ്യക്തമാക്കണം. സർക്കാർ ജീവനക്കാർക്ക് ബാധകമാകുന്ന നിബന്ധനകളിൽ നിന്നും സംഘടനാ സ്വതന്ത്രം മാത്രം എടുത്ത് കെഈആറിന്റെ ഭാഗമാകുക എന്നുള്ളത് ഒരിക്കലും അംഗീകരിക്കാൻ സാധിക്കുകയില്ല. സർക്കാർ ജീവനക്കാർക്ക് ചില പ്രത്യേക നിബന്ധനകളുണ്ട്. സർക്കാർ സർവ്വീസിൽ പ്രവർത്തിക്കുമ്പോൾ ചില മേഖലയിൽ പ്രവർത്തിക്കാൻ സാധിക്കുന്നതല്ല. സർക്കാർ ജീവനക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണം. സർക്കാർ ജീവനക്കാർക്കുള്ള പെരുമാറ്റ ചട്ടങ്ങളിലെ ചില വ്യവസ്ഥകൾ അടർത്തുമാറ്റി കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ യോജിപ്പിച്ചുകൊണ്ടു ഹിത പരിശോധന നടത്തുന്നത് ന്യായമല്ല. കൂടാതെ കേരളത്തിലെ വിവിധ വകുപ്പുകളിൽ കാറ്റഗറി സംഘടകൾ ഉണ്ട്. വിദ്യാഭ്യാസ മേഖലയ്ക്ക് മാത്രം കാറ്റഗറി സംഘടനകളെ ഒഴിവാക്കുന്ന സമീപനം അംഗീകരിക്കുവാൻ സാധിക്കുകയില്ല. ഹിത പരിശോധന നടത്തി സംഘടനകൾ ഇല്ലാതാക്കാനുള്ള നീക്കത്തെ അംഗീകരിക്കുകയില്ല. സർക്കാർ മുന്നോട്ടു വെച്ചിട്ടുള്ള ചട്ട ഭേദഗതിയും ഹിതപരിശോധനയും പുനഃപരിശോധിച്ചതിന് ശേഷമേ നടപ്പിൽ വരുത്തേണ്ടതുള്ളൂ.

6 . <u>ശ്രീ.അരുൺകുമാർ.ആർ.സംസ്ഥാന പ്രസിഡന്റ്, എയ്ഡഡ് ഹയർ സെക്കണ്ടറി ടീച്ചേഴ്സ് അസ്സോസിയേഷൻ.</u>

ഹൈസ്കൂൾ-ഹയർസെക്കണ്ടറി ഏകീകരണം പൂർത്തിയാകാത്ത സാഹചര്യത്തിൽ പ്രൈമറി മേഖല, സെക്കണ്ടറി മേഖല എന്ന രീതിയിൽ ഹയർ സെക്കണ്ടറി മേഖലയെ പ്രത്യേക വിഭാഗമായി പരിഗണിക്കാതെയുള്ള ഹിതപരിശോധന നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാണ്. KER ൽ വരുത്തുമെന്ന് പറയപ്പെടുന്ന ഘടനാപരമായ പരിഷ്കാരങ്ങൾക്ക് വ്യക്തത വരുന്നതിന് മുൻപ് വരാൻ പോകുന്ന പരിഷ്കാരത്തെ മുൻനിർത്തിയുള്ള ഹിതപരിശോധനയുമായി ബന്ധപ്പെട്ട ചർച്ച അനാവശ്യമാണ് എന്ന് സംഘടന കരുതുന്നു. കാറ്റഗറി സംഘടനകൾ വിദ്യാഭ്യാസ മേഖലയ്ക്ക് ഗുണപരമായ മാറ്റങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന സംഘടനകളാണ്.ജില്ലാ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് അടിസ്ഥാനമാക്കിയുള്ള ഏകജാലക സംവിധാനമാണ് ഹയർസെക്കൻഡറി പ്രവേശനത്തിലുള്ളത്. ഒട്ടേറെ വിഷയങ്ങളിൽ പ്രായോഗികപരീക്ഷ ഉൾപ്പെടെയുള്ള ഹയർസെക്കൻഡറി മേഖലയുടെ അക്കാദമിക പ്രവർത്തനങ്ങളിലും, പരീക്ഷാ ഘടനയിലും, നടത്തിപ്പിലും എല്ലാം സെക്കണ്ടറി തലത്തിൽനിന്ന് ഒട്ടേറെ വ്യത്യാസങ്ങളാണ് ഹയർ സെക്കൻഡറി യിൽ നിലനിൽക്കുന്നത്. അതിനാൽ തന്നെ റഫറണ്ടം നടത്തുമ്പോൾ, ഹയർസെക്കൻഡറി മേഖലയിലെ പ്രത്യേകത കൊണ്ട് ആ മേഖലയിൽ സംഘടനകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നീക്കം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഹയർസെക്കണ്ടറി അദ്ധ്യാപക സംഘടനയുടെ ഫെഡറേഷൻ ഇന്നത്തെ യോഗത്തിനെതിരെ WPC 30457/2025 നമ്പരായി ബഹു ഹൈ കോടതിയിൽ ഹർജി ഫയൽ ചെയ്തിട്ടുണ്ട് .ഹർജി തീർപ്പുകൽപ്പിക്കുന്നതു വരെയും ഏകീകരണ നടപടികൾ പൂർത്തിയാകുന്നതുവരെയും ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കരുത്. നിലവിലുള്ള അദ്ധ്യാപക സംഘടനകൾക്ക് തുടർന്നും ഈ രീതിയിൽ പ്രവർത്തിക്കാനുള്ള അനുവാദം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>7. ശ്രീ അബ്ദുൽ ജലീൽ, ഓർഗനൈസിങ് സെക്രട്ടറി, കെ.എച്.എസ്.ടി.യു.</u>

കേരള വിദ്യാഭ്യാസ ചട്ടങ്ങളിലും നിയമങ്ങളിലും അധ്യാപക സംഘടനകൾക്ക് അംഗീകാരം നൽകുന്നതിന് ഹിതപരിശോധന (Referendum) നടത്തുന്നത് സംബന്ധിച്ച് യാതൊന്നും പ്രതിപാദിക്കുന്നില്ല. മറിച്ച് അധ്യാപക സംഘടനകൾക്ക് അംഗീകാരം നല്കുന്നതിനും റദ്ദ ചെയ്യുന്നതിനുമുള്ള വ്യവസ്ഥകളെ കുറിച്ചു മാത്രമാണ് കെഇആർ അധ്യായം പ്രതിപാദിക്കുന്നത്. എണ്ണം കുറഞ്ഞ അധ്യാപകരുള്ള സംഘടനകൾ സ്കൂളുകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുമെന്ന നിലപാടോട് യോജിക്കുന്നില്ല.കൂടാതെ റെഫെറെൻഡവുമായി ബന്ധപ്പെട്ട കേസുകളിൽ വിവിധ വിഭാഗങ്ങളിൽ തുടരുന്ന അധ്യാപക സംഘടനകളെ കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. സംഘടനകളുടെ അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സാധാരണയായി യൂണിയനുകളുടെ അംഗബലം പരിശോധിച്ചാണ് തീരുമാനിക്കുന്നത്. അധ്യാപക സംഘടനകളുടെ അംഗീകാരം പോലുള്ള വിഷയങ്ങളിൽ റഫറണ്ടം പ്രയോഗിക്കുന്നത് നിലവിലെ

നിയമവ്യവസ്ഥയിൽ വ്യക്തമായ മാർഗനിർദേശങ്ങൾ ഇല്ലാത്ത ഒരു നടപടിയാണ്.വിത്യസ്ത വിഭാഗങ്ങളിലായി പ്രവർത്തിച്ച വരുന്ന അധ്യപക സംഘടനകൾ സന്നദ്ധരായി അതത് വിഭാഗത്തിലെ അക്കാദമിക മികവിനോടൊപ്പം ആവശ്യമായ നിർദ്ദേശങ്ങൾ പങ്കുവെക്കുന്നതോടൊപ്പം അധ്യാപകർക്ക് പരിശീലന പരിപാടികളികളും സംഘടിപ്പിച്ച് വരുന്നുണ്ട്. അംഗങ്ങളുടെ വോട്ടും മോമ്പർഷിപ്പും രണ്ടും രണ്ടാണെന്നിരിക്കെ ഹിത പരിശോധന നടത്തുന്നത് പ്രായോഗിക അല്ലാത്തതും മെമ്പർഷിപ്പിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് സംഘടനകൾക്ക് അംഗീകാരം നൽകേണ്ടത്.

<u>8 . ശ്രീ എ.വി.ഇന്ദുലാൽ, കെ.എ.റ്റി.എ. ജനറൽ സെക്രട്ടറി,കേരള എയ്ഡഡ് ടീച്ചേഴ്സ് അസോസിയേഷൻ.</u>

കെ.എസ്.ആർ.ടി.സി, കെ.എസ്.ഇ.ബി കേരള വാട്ടർ അതോറിറ്റി തുടങ്ങിയ സർവ്വീസ് സെക്ടറുകളാണ്. അവയെല്ലാം കമ്പനി കോർപ്പറേഷൻ എന്നിവയുടെ പരിധിയിൽ ഉൾപ്പെടും. എന്നാൽ വിദ്യാഭ്യാസം സേവനമേഖലയാണ് ഉൾപ്പെടുന്നത്. കേരളത്തിലെ സർവ്വീസ് മേഖലയിൽ വിവിധ കാറ്റഗറി സംഘടനകൾ ഉള്ളതും അവയെല്ലാം അതാത് വിഭാഗത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. ഓരോ വിഭാഗത്തിനെയും ബാധിക്കുന്ന വിഷയങ്ങൾ വ്യത്യസ്തമാണെന്നും ആയതിനാൽ തന്നെ കാറ്റഗറി സംഘടനകൾക്ക് അധ്യാപക മേഖലയിൽ പ്രാധാന്യം ഉണ്ട്. അദ്ധ്യാപക സംഘടനകളുടെ ഹിതപരിശോധന നടത്തുന്ന വിഷയത്തിൽ ഹൈക്കോടതിയിൽ നിലവിൽ കേസു ഉള്ളപ്പോൾ പൊതുവിദ്യാഭ്യാസ വകുപ്പ് അത് നേരിട്ട് ബാധിക്കുന്ന കക്ഷികളായ അധ്യാപക സംഘടനകൾക്ക് ആ വിവരം നൽകിയിട്ടില്ല. അതുകാരണം സംഘടനകൾക്ക് ടി കേസിൽ കക്ഷി ചേരാനോ അതത് സംഘടനകളുടെ ആവലാതി കൾ ബഹു. ഹൈക്കോടതിയെ ബോധ്യപ്പെടുത്താനോ സാധിച്ചിട്ടില്ല. ഹിത പരിശോധനയുമായി ബന്ധപ്പെട്ട് ഏകപക്ഷീയമായ നിലപാട് സർക്കാർ സ്വീകരിക്കരുതെന്ന അഭിപ്രായം രേഖപ്പെടുത്തി.

9. <u>ശ്രീ മൻസൂർ മാടമ്പാട് , ജനറൽ സെക്രട്ടറി, കേരള അറബിക് ടീച്ചേഴ്സ് അസ്സോസിയേഷൻ.</u>

സർക്കാർ മേഖലയിലും, എയ്ഡഡ് മേഖലയിലും പ്രവർത്തിക്കുന്ന അധ്യാപകർ നേരിടുന്ന വിഷയങ്ങൾ വ്യത്യസ്തമാണ്. ഭാഷാധ്യാപകരുടെയും പ്രധാനധ്യാപകരുംടയും, സ്പെഷ്യലിസ്റ്റ് അധ്യാപകരുടെയും യോഗ്യതകളും, അവരുടെ തസ്തികകളും, അവരുടെ സർവ്വീസ് സംബന്ധമായതും, പാഠ്യ, പാഠ്യ ഇതര വിഷയങ്ങളുടെ വ്യത്യസ്തതയുമെല്ലാം ഭധ്യാപകരിൽ നിന്നും തീർത്തും വ്യത്യസ്തനമാണ്. അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സർക്കാറിന്റെ മുന്നിൽ കൊണ്ടുവരാനും, അതിന് വേണ്ടി പ്രവർത്തിക്കാനും അതാത് മേഖലകളിൽ ഉള്ള കാറ്റഗറി സംഘടനകൾക്ക് മാത്രമെ സാധിക്കുകയുള്ളൂ. അതിനാൽ കാറ്റഗറി സംഘടനകൾക്ക് അംഗീകാരം നൽകുന്നതല്ലെന്ന നിലപാട് അംഗീകരിക്കാൻ കഴിയില്ല. കെ.ഇ.ആർ പ്രകാരമുള്ള കാറ്റഗറി സംഘടനകൾ നില നിൽക്കേണ്ടത് മേഖലയിൽ അനിവാര്യമാണ്. ആയതിനാൽ അധ്യാപക സംഘടനകളുടെ റഫറണം നടത്തുന്നതിന് വേണ്ടി കേരള വിദ്യാദ്യസ ചട്ടം ഭേദഗതി വരുത്താനുള്ള

ശ്രമങ്ങളിൽ നിന്നും സർക്കാർ പിന്മാറണമെന്ന് ആവശ്യപ്പെടുന്നു.

10. ശ്രീ കെ.എം. അബ്ദുള്ള, പ്രസിഡന്റ് കേരള സ്കൂൾ ടീച്ചേഴ്സ് യൂണിയൻ

വിദ്യാഭ്യാസ മേഖലയിൽ നിയമനാംഗീകാരം ഉൾപ്പെടെ ഒട്ടേറെ ഒട്ടേറെ വിഷയങ്ങൾ നിലനിൽക്കുന്ന ഈ സന്ദർഭത്തിൽ തൊഴിലാളി സംഘടനകൾക്കായി നടത്തുന്നതുപോലെ റഫറണ്ടം നടത്തേണ്ട ആവശ്യമില്ല . മറ്റ് തൊഴിൽ ശാലകളിലെ പോലെ അധ്യാപക സംഘടനക്കായി റഫറണ്ടം നടത്തി ഒന്നോ രണ്ടോ സംഘടനകൾക്ക് മാത്രം പ്രവർത്തന സ്വാതന്ത്ര്യവും അംഗീകാരവും നൽകുന്നതിന് വേണ്ടിയുള്ള നീക്കം വിദ്യാലയങ്ങളിൽ പരസ്പര സൗഹാർദ്ദം നഷ്ടപ്പെടാൻ ഇടയാകുമെന്ന് സംഘടന മനസ്സിലാക്കുന്നു. ആയതിനാൽ ഈ ആവശ്യങ്ങൾക്കായി തൽക്കാലം കേരള വിദ്യാഭ്യാസ ചട്ടങ്ങളിലും നിയമങ്ങളിലും വരുത്തേണ്ടതില്ല എന്നറിയിച്ചു.

11. ശ്രീ റെജിമോൻ വി എം , പ്രസിഡന്റ്, കെ.പി.എസ്.എച്ച്.എ

ഹിത പരിശോധന നടത്തുന്നത് മൂലം വിദ്യാഭ്യാസ മേഖലയിൽ പരമാവധി മൂന്നു സംഘടനകൾ മാത്രമായി ചുരുങ്ങുന്നതു മൂലം വിവിധ വിഭാഗങ്ങളുടെ വ്യത്യസ്തമായ ആവശ്യമാണ് ഉന്നയിക്കുവാൻ കാറ്റഗറി സംഘടകൾ ഇല്ലാതാകുന്നത് വിദ്യാഭ്യാസ മേഖലയെ സമൂലമായി ബാധിക്കും. പ്രഥമാധ്യാപകരുടെതു ഉൾപ്പെടെയുള്ള കാറ്റഗറി സംഘടനകൾ നിലനിൽക്കേണ്ടത് ആവശ്യമാണ്. കാറ്റഗറി സംഘടകളെ ഒഴിവാക്കിക്കൊണ്ട് ഹിത പരിശോധന നടത്തുവാൻ കോടതി നിർദേശങ്ങൾ ഒന്നുമില്ലാത്ത സാഹചര്യത്തിൽ നിലവിലെ സർക്കാർ തീരുമാനത്തിൽ നിന്ന് പിന്മാറേണ്ടതാണ്.

**12.** ശ്രീ തമിമുദീൻ, ജനറൽ സെക്രട്ടറി കെ.എ.എം.എ.

കാറ്റഗറി സംഘടനകൾക്ക് അധ്യാപക മേഖലയിൽ പ്രാധാന്യം ഉണ്ട്.കാറ്റഗറി സംഘടകളെ ഒഴിവാക്കുന്ന നിലപാടോടു യോജിക്കുന്നില്ല

മറ്റ് സംഘടന ഭാരവാഹികൾ യോഗവിഷയം സംബന്ധിച്ച് അഭിപ്രായം രേഖപ്പെടുത്തുന്നത് മുന്നോട്ടു വന്നെങ്കിലും യോഗം പര്യവസാനിപ്പിക്കേണ്ട സാഹചര്യം സെക്രട്ടറി വ്യക്തമാക്കുകയും, യോഗത്തിൽ പങ്കെടുത്ത മൂന്നു സംഘടകളൊഴികെ മറ്റെല്ലാ സംഘടനകളും ഹിത പരിശോധന സംബന്ധിച്ച് നിലവിൽ സർക്കാർ മുന്നോട്ടു വച്ചിട്ടുള്ള നടപടികളെ ശക്തമായി എതിർക്കുന്നതായി അറിയിക്കുകയും ചെയ്തു. ബഹു കോടതി വിധികളുടെയും, യോഗത്തിൽ ഉയർന്നു വന്നിട്ടുള്ള, പ്രത്യേകിച്ച് കാറ്റഗറി സംഘടനകളുടെ,ആശങ്കകളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ, ഈ വിഷയത്തിൽ, കൂടുതൽ പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കുമെന്ന് സെക്രട്ടറി . യോഗം 12.30.ന്ന അവസാനിച്ചു.

യോഗത്തിൽ പങ്കെടുത്തവർ.

1. ശ്രീ എ.വി.ഇന്ദുലാൽ, , ജനറൽ സെക്രട്ടറി ,കെ.എ.റ്റി.എ

2. ശ്രീ അരുൺകുമാർ ആർ, സ്റ്റേറ്റ് പ്രസിഡന്റ്, എ.എച്ച്എസ് റ്റി എ

3. ശ്രീ അനിൽ.എം.ജോർജ്ജ്, ജനറൽ സെക്രട്ടറി, എച്ച്.എസ്.എസ്.റ്റി.എ.

4. ശ്രീ മൻസൂർ മാടമ്പാട്, ജനറൽ സെക്രട്ടറി, കെ.എ.റ്റി.എഫ്.

5. ശ്രീ വെൻകിട മൂർത്തി.കെ, സ്റ്റേറ്റ് പ്രസിഡന്റ്, എച്ച്.എസ്.എസ്.റ്റി.എ.

6. ശ്രീ അജീബ് എ.കെ, കെ.എച്ച്.എസ്.റ്റി.യു

7. ശ്രീ അബ്ദുൾ ജെലീൽ പി, ഓർഗനൈസിംഗ് സെക്രട്ടറി, കെഎച്ച്എസ് റ്റി യു

8. ശ്രീ ജി. അബിലാഷ്, സ്റ്റേറ്റ് വൈസ് പ്രസിഡന്റ്.

9. ശ്രീ സിജു.കെ, പ്രസിഡന്റ്,കെ.എ.എച്ച്.എസ്. റ്റ.എ,

10. ശ്രീ ശാലു ജോൺ, ജനറൽ സെക്രട്ടറി, എ.കെ.വി.എച്ച്. എസ്. വി.ഐ.എ.

11. ശ്രീ സിബി ആന്റണി തെക്കേടത്ത്, , പ്രസിഡന്റ്, പി.ജി.ടി.എ കേരള.

12. ശ്രീ ഷഫീർ കെ., സ്റ്റേറ്റ് ട്രഷറർ, പി.ജി.ടി.എ കേരള.

13. ശ്രീ ബി. ശ്രീപ്രകാശ്, സ്റ്റേറ്റ് പ്രസിഡന്റ് ,കെ.എ.റ്റി.എ.

**14.** ശ്രീ സന്തോഷ് ബേബി എ.കെ., പ്രസിഡന്റ്, വൊക്കേഷണൽ ടീച്ചേഴ്സ് അസോസിയേഷൻ (VTA)

15. ശ്രീ അജിത് കുമാർ ജെ, ജനറൽ സെക്രട്ടറി, കെ.എ.എച്ച്.എസ്.ടി.എ

16. ശ്രീ മജീദ് എം, സ്റ്റേറ്റ് സെക്രട്ടറി, കെ.എച്ച്.എസ്.ടി.യു

17. ഡോ. എസ്. സന്തോഷ് കുമാർ, ജനറൽ സെക്രട്ടറി, കെ.എച്ച്.എസ്.ടി.യു

18. ശ്രീ എസ്. മനോജ്, ജനറൽ സെക്രട്ടറി, എ.എച്ച്.എസ്.ടി.എ

19. ശ്രീ കെ. എ. വർഗീസ്, സ്റ്റേറ്റ് ട്രഷറർ, എ.എച്ച്.എസ്.ടി.എ

20. ശ്രീ കെ. ഗോപകുമാർ, ജനറൽ സെക്രട്ടറി, എൻ.വി.എൽ.എ (വി.എച്ച്.എസ്.ഇ)

21. ശ്രീ സുരേഷ് പി, ജനറൽ സെക്രട്ടറി, ഡി.എസ്.ടി.എ

22. ശ്രീ അരുൺകുമാർ എ, സെക്രട്ടറി, എൻ.ടി.യു.

23. ശ്രീ ശിഹാബ് വി.എം, ജനറൽ സെക്രട്ടറി, എച്ച്.എ.എം

24. ശ്രീ ജോസ്.വി, പ്രസിഡന്റ് ,ഹിന്ദി അധ്യാപക മാർച്ച് (എച്ച്.എ.എം).

25. ശ്രീ റഷീദ്. എം. എ, ജനറൽ സെക്രട്ടറി, കെ.എസ്.റ്റി.എഫ് (ജി)

26. ശ്രീ ഷാജി വി. മാത്യു, പ്രസിഡന്റ് കെ.പി.റ്റി.എഫ്.

27. ശ്രീ ടോബിൻ കെ. അലക്സ്,പ്രസിഡന്റ്, കെ.എസ്.എസ്.റ്റി.എഫ്..

28. ശ്രീ വൈ. സെൽവം,ജനറൽ സെക്രട്ടറി, കെ.എസ്.എൽ.എം.റ്റി.റ്റി.എ.

29. ശ്രീ അബ്ദുൽ സത്താർ എം.പി, കെ യു റ്റി എ (ജി)

30. ശ്രീ പി.റ്റി ശ്രീകുമാർ, പ്രസിഡന്റ് എൻ.വി.എൽ.എ (വിഎച്ച്.എസ് ഇ)

31. ശ്രീ പ്രദീപ്കുമാർ ജി.ഐ, ജനറൽ സെക്രട്ടറി (കെ.വി.എച്ച്.എസ്.എസ്.എൽ റ്റി.എ.യു)

32. ശ്രീ അരുൺകുമാർ കെ.എസ്, എക്സിക്യൂട്ടീവ് മെമ്പർ, എ.കെ.വി.എച്ച്.എസ്.വി.ഐ.എ

33. ശ്രീ അനൂപ് പി.എസ്.

34. ശ്രീ മധു എം., വി.ഐ.

35. ശ്രീ ആലൻ ബോസ്കോ കെ.പി., ജനറൽ സെക്രട്ടറി,കെ.പി.ടി.എഫ്.

36. ശ്രീ അനൂപ് കുമാർ ജനറൽ സെക്രട്ടറി, എൻ.ടി.യു.

37. ശ്രീ റെജിമോൻ വി.എം. പ്രസിഡണ്ട്,

38. ശ്രീ സുനിൽകുമാർ എം.ആർ, ജനറൽ സെക്രട്ടറി,കെ.പി.എസ്.എച്ച്.എ.

39. ശ്രീ ഇസ്മായിൽ ഇ.ടി.കെ.,ജനറൽ സെക്രട്ടറി, കെ.ജി.പി.എസ്.എച്ച് .എ.

40. ശ്രീ അബ്ദുസ്സലാം കെ.കെ., ജനറൽ സെക്രട്ടറി, കെ.യു.റ്റി.എ- ജി.

41. ശ്രീ സനൽ ചന്ദ്രൻ സി.പി., സംസ്ഥാന പ്രസിഡന്റ്, കെഎസ്.റ്റി.എഫ്.

42. ശ്രീ നബീൽ കെ, ജനറൽ സെക്രട്ടറി, കെ.പി.എസ്. പി. ഇ. റ്റി. എ.

43. ശ്രീ ബിജു ദിവാകരൻ, പ്രസിഡന്റ്, കെ.പി.എസ്. പി. ഇ. റ്റി. എ.

44. ശ്രീ ഷിഹാബ്ദീൻ എസ്, പ്രസിഡന്റ്, ഡി.പി.ഇ.റ്റി.എ.

45. ശ്രീ പ്രവീൺകുമാർ കെ എസ്, കെ.പി.പി.എച്ച്.എ

46. ശ്രീ അബ്ദുൽ റഷീദ് .ടി, പ്രസിഡന്റ് കെ.യു.റ്റി.എ.

47. ശ്രീ മുഹമ്മദ് റിയാസ് ,സെക്രട്ടറി, കെ.യു.റ്റി.എ.

48. ശ്രീ എം.പി. സൈനുൽ ആബിദീൻ, പ്രസിഡന്റ്, കെ. എ.റ്റി.എഫ്.

49. ശ്രീ ജി. സുനിൽ കുമാർ, ജനറൽ സെക്രട്ടറി ,കെ.പി.പി.എച്ച്.എ.

50. ശ്രീ ദിനേഷ് കുമാർ കെ, പ്രസിഡണ്ട്, പി.ബി.എസ്.

51. ശ്രീ നാസർ തെലത്ത്, കെ.എസ്.റ്റി.യു.

52. ശ്രീ കല്ലൂർ മുഹമ്മദ് അലി, ജനറൽ സെക്രട്ടറി,കെ.എസ്. റ്റി.യു.

53. ശ്രീ കെ.എം. അബ്ദുള്ള, പ്രസിഡന്റ്,കെ.എസ്.റ്റി.യു

54. ശ്രീ തമിമുദീൻ, ജനറൽ സെക്രട്ടറി, കെ.എ.എം.എ.

55. ശ്രീ പി. കെ. ബിജു, പ്രസിഡന്റ്,കെ.എസ്.റ്റി.എഫ്.

56. ശ്രീ ടി. കെ. എ. ഷാഫി, ജനറൽ സെക്രട്ടറി

57. ശ്രീ കെ. കെ അബ്ദുൾ മജീദ് ,സ്റ്റേറ്റ് പ്രസിഡന്റ്, കെ.പി.എസ്.റ്റി.എ.

58. ശ്രീ ഒ.കെ. ജയകൃഷ്ണൻ, ജനറൽ സെക്രട്ടറി, എ.കെ.എസ്.റ്റി.യു.

59. ശ്രീ പി.കെ. അരവിന്ദൻ, ജനറൽ സെക്രട്ടറി, കെ.പി.എസ്.റ്റി.എ.

60. ശ്രീ കോശി എബ്രഹാം, കെ.എസ്.റ്റി.എഫ്.

61. ശ്രീ ജയചന്ദ്രൻ കെ, കെ.പി.റ്റി.എ.

62. ശ്രീ അജിത് കുമാർ, പി.എസ്.എസ്.റ്റി.യു.

63. ശ്രീ അനുനാദ് എം, കെ.എസ്.റ്റി.എഫ്.

64. ശ്രീ ഷൈജിത്ത് ബി റ്റി, ജനറൽ സെക്രട്ടറി (വി.റ്റി.എ).

65. ശ്രീ ജയകുമാർ സി എസ് ജോയിന്റ് സെക്രട്ടറി,പൊതു വിദ്യാഭ്യാസ (ജെ.ആർ) വകുപ്പ് .

66. ശ്രീ സന്തോഷ് സി എ ,അഡിഷണൽ ഡയറക്ടർ, പൊതു വിദ്യഅഭ്യാസ വകുപ്പ്.

67. ശ്രീമതി പ്രിയദർശിനി മോഹൻദാസ് , പൊതു വിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്.

68. ശ്രീ ബി.ഹരികുമാർ,സെക്ഷൻ ഓഫീസർ,പൊതു വിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്.

69. ശ്രീ മനു, ജൂനിയർ സൂപ്രണ്ട്,പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്.

70. ശ്രീരാജ് എസ്.കെ, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, പൊതു വിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്.

DEPARTMENTAL
**HIGHER SECONDARY SCHOOL TEACHERS ASSOCIATION**
Recognised as per Order Number – GO (MS) 22/2011, P & ARD Dated 18/07/2011.
STATE COMMITTEE, THIRUVANANTHAPURAM
HSSTA
TC 11/2082 C-6, "Krishna Vilas" Kanaka Nagar, Kowdiar P.O., Thiruvananthapuram - 695 003

| PRESIDENT | TREASURER | GENERAL SECRETARY |
|---|---|---|
| VENKITA MOORTHY K | RIYAZ M | ANIL M GEORGE |
| Principal | HSST Commerce | Principal |
| GVHSS Pazhanji, Thrissur | GHSS Payambra, Kozhikode | GHSS Chittar, Pathanamthitta |
| Phone : 9496444254 | Phone : 9745640655 | Phone : 9745591677 |
| Email : venkitamoorthy@gmail.com | Email : irinriyaz@gmail.com | Email : anilmodiyil@gmail.com |


പ്രേഷകൻ

**അനിൽ എം ജോർജ്,**

ജനറൽ സെക്രട്ടറി, എച്ച് എസ് എസ് ടി എ

സ്വീകർത്താവ്

**പ്രിൻസിപ്പൽ സെക്രട്ടറി**

പൊതു വിദ്യാഭ്യാസ വകുപ്പ്,

തിരുവനന്തപുരം

മാഡം,

വിഷയം : ഹിതപരിശോധനയിലൂടെ അധ്യാപക സംഘടനകൾക്ക് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ ചർച്ച നടത്തുന്നതിലേക്കായി 19.08.2025 ൽ തിരുവനന്തപുരത്ത് വിളിച്ചിരിക്കുന്ന അധ്യാപക സംഘടനാ പ്രതിനിധികളുടെ യോഗത്തെ സംബന്ധിച്ച്;

സൂചന : യോഗത്തിന്റെ പരിഗണനയ്ക്കായി തയാറാക്കി വിതരണം ചെയ്ത ചർച്ചാ കുറിപ്പ്;

മേൽ സൂചന പ്രകാരം KER Chapter XIV C Rule 51, 52 എന്നിവ ഭേദഗതി ചെയ്ത് ഹിതപരിശോധനയിലൂടെ അധ്യാപക സംഘടനകൾക്ക് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ ചർച്ച നടത്തുന്നതിലേക്കായി 2025 ഓഗസ്റ്റ് മാസം പത്തൊമ്പതാം തീയതി തിരുവനന്തപുരത്ത് വിളിച്ചിരിക്കുന്ന അധ്യാപക സംഘടനാ പ്രതിനിധികളുടെ യോഗത്തിന് മുന്നോടിയായി തയ്യാറാക്കി നൽകിയിട്ടുള്ള ചർച്ചാ കുറിപ്പിൽ പറഞ്ഞിരിക്കുന്നത് എല്ലാവിഭാഗങ്ങളേയും പ്രതിനിധീകരിക്കുന്ന സംഘടനകൾക്ക് മാത്രമേ അംഗീകാരം നൽകേണ്ടതുള്ളൂ എന്നും കാറ്റഗറി സംഘടനകൾക്ക് അംഗീകാരം നൽകേണ്ടതില്ല എന്നുമുള്ള നിലപാട് സ്വീകരിച്ചുകൊണ്ടുള്ള ഒരു ചർച്ച എന്നതാണ്. അതിനാൽ തന്നെ വളരേയേറെ മുൻവിധിയോടുകൂടിയതും ഇതിനോടകം തീരുമാനം എടുത്തുകൊണ്ടുള്ളതുമായ ഒരു അജണ്ടയുമായിട്ടാണ് യോഗം വിളിച്ചിരിക്കുന്നത് എന്ന് വ്യക്തമായിരിക്കുകയാണ്. മുൻകൂട്ടി നിർണായകമായ തീരുമാനങ്ങൾ കൈക്കൊണ്ട ശേഷം പേരിന് വേണ്ടി ഒരു യോഗം വിളിച്ചുചേർക്കുന്നത് അനുചിതമാണെന്ന് മാത്രമല്ല, ചർച്ചയിൽ പങ്കെടുത്ത് ജനാധിപത്യ രീതിയിൽ തീരുമാനത്തിലെത്തുന്നതിനുള്ള ഒരു വിഭാഗത്തിന്റെ നിയമപരമായ അവകാശത്തിൻമേലുള്ള കടന്നുകയറ്റവും കൂടിയാണ്.

ചർച്ചാ കുറിപ്പിൽ സൂചിപ്പിപ്പിച്ച കേസുകളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ സർക്കാർ നൽകിയിരിക്കുന്ന സത്യവാങ്മൂലങ്ങളിൽ പറയുന്നത് KER Chapter XIV– C Rule 51 പ്രകാരം അധ്യാപക സംഘടനകൾക്ക് അംഗീകാരം നൽകുന്നതിന് ആവശ്യമായ ഹിതപരിശോധന നടത്തുന്നതാണ് എന്നാണ്. ഈ ചട്ടം അനുസരിച്ച് സെക്കന്ററി വിഭാഗത്തിൽപ്പെട്ട പ്രത്യേക ക്ലാസുകളായ ഹെഡ്മാസ്റ്റർ,

## List of Correspondences

| Receipt No. / Issue No. | Subject | Type | Marked As | Attached On | Issued On | Pages | Remarks |
|---|---|---|---|---|---|---|---|
| 9901588/2025/G.EDN | SANCTION FOR TEACHERS ASSOCIATION - MEETING-HSSTA, TVM - REG | Receipt | | 15/08/2025 10:41 AM | | 1-2 | . |

DEPARTMENTAL

**HIGHER SECONDARY SCHOOL TEACHERS ASSOCIATION**

Recognised as per Order Number – GO (MS) 22/2011, P & ARD Dated 18/07/2011.

STATE COMMITTEE, THIRUVANANTHAPURAM

HSSTA

TC 11/2082 C-6, "Krishna Vilas" Kanaka Nagar, Kowdiar P.O., Thiruvananthapuram - 695 003

| PRESIDENT | TREASURER | GENERAL SECRETARY |
|---|---|---|
| **VENKITA MOORTHY K** | **RIYAZ M** | **ANIL M GEORGE** |
| Principal | HSST Commerce | Principal |
| GVHSS Pazhanji, Thrissur | GHSS Payambra, Kozhikode | GHSS Chittar, Pathanamthitta |
| Phone : 9496444254 | Phone : 9745640655 | Phone : 9745591677 |
| Email : venkitamoorthy@gmail.com | Email : irinriyaz@gmail.com | Email : anilmodiyil@gmail.com |

പ്രേഷകൻ

**അനിൽ എം ജോർജ്,**

ജനറൽ സെക്രട്ടറി, എച്ച് എസ് എസ് ടി എ

സ്വീകർത്താവ്

**പ്രിൻസിപ്പൽ സെക്രട്ടറി**

പൊതു വിദ്യാഭ്യാസ വകുപ്പ്,

തിരുവനന്തപുരം

മാഡം,

വിഷയം : ഹിതപരിശോധനയിലൂടെ അധ്യാപക സംഘടനകൾക്ക് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ ചർച്ച നടത്തുന്നതിലേക്കായി 19.08.2025 ൽ തിരുവനന്തപുരത്ത് വിളിച്ചിരിക്കുന്ന അധ്യാപക സംഘടനാ പ്രതിനിധികളുടെ യോഗത്തെ സംബന്ധിച്ച്;

സൂചന : യോഗത്തിന്റെ പരിഗണനയ്ക്കായി തയാറാക്കി വിതരണം ചെയ്ത ചർച്ചാ കുറിപ്പ്;

മേൽ സൂചന പ്രകാരം KER Chapter XIV C Rule 51, 52 എന്നിവ ഭേദഗതി ചെയ്ത് ഹിതപരിശോധനയിലൂടെ അധ്യാപക സംഘടനകൾക്ക് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ ചർച്ച നടത്തുന്നതിലേക്കായി 2025 ഓഗസ്റ്റ് മാസം പത്തൊമ്പതാം തീയതി തിരുവനന്തപുരത്ത് വിളിച്ചിരിക്കുന്ന അധ്യാപക സംഘടനാ പ്രതിനിധികളുടെ യോഗത്തിന് മുന്നോടിയായി തയ്യാറാക്കി നൽകിയിട്ടുള്ള ചർച്ചാ കുറിപ്പിൽ പറഞ്ഞിരിക്കുന്നത് എല്ലാവിഭാഗങ്ങളേയും പ്രതിനിധീകരിക്കുന്ന സംഘടനകൾക്ക് മാത്രമേ അംഗീകാരം നൽകേണ്ടതുള്ളൂ എന്നും കാറ്റഗറി സംഘടനകൾക്ക് അംഗീകാരം നൽകേണ്ടതില്ല എന്നുമുള്ള നിലപാട് സ്വീകരിച്ചുകൊണ്ടുള്ള ഒരു ചർച്ച എന്നതാണ്. അതിനാൽ തന്നെ വളരേയേറെ മുൻവിധിയോടുകൂടിയതും ഇതിനോടകം തീരുമാനം എടുത്തുകൊണ്ടുള്ളതുമായ ഒരു അജണ്ടയുമായിട്ടാണ് യോഗം വിളിച്ചിരിക്കുന്നത് എന്ന് വ്യക്തമായിരിക്കുകയാണ്. മുൻകൂട്ടി നിർണായകമായ തീരുമാനങ്ങൾ കൈക്കൊണ്ട ശേഷം പേരിന് വേണ്ടി ഒരു യോഗം വിളിച്ചുചേർക്കുന്നത് അനുചിതമാണെന്ന് മാത്രമല്ല, ചർച്ചയിൽ പങ്കെടുത്ത് ജനാധിപത്യ രീതിയിൽ തീരുമാനത്തിലെത്തുന്നതിനുള്ള ഒരു വിഭാഗത്തിന്റെ നിയമപരമായ അവകാശത്തിൻമേലുള്ള കടന്നുകയറ്റവും കൂടിയാണ്.

ചർച്ചാ കുറിപ്പിൽ സൂചിപ്പിപ്പിച്ച കേസുകളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ സർക്കാർ നൽകിയിരിക്കുന്ന സത്യവാങ്മൂലങ്ങളിൽ പറയുന്നത് KER Chapter XIV– C Rule 51 പ്രകാരം അധ്യാപക സംഘടനകൾക്ക് അംഗീകാരം നൽകുന്നതിന് ആവശ്യമായ ഹിതപരിശോധന നടത്തുന്നതാണ് എന്നാണ്. ഈ ചട്ടം അനുസരിച്ച് സെക്കന്ററി വിഭാഗത്തിൽപ്പെട്ട പ്രത്യേക ക്ലാസുകളായ ഹെഡ്മാസ്റ്റർ,

സബ്ജക്ട് അധ്യാപകർ, ഭാഷാ അധ്യാപകർ, സ്പെഷ്യലിസ്റ്റ് അധ്യാപകർ എന്ന നാല് വിഭാഗത്തിനും സമാനമായി പ്രൈമറി വിഭാഗത്തിൽപ്പെട്ട നാല് പ്രത്യേക ക്ലാസുകളിൽ പെട്ട അധ്യാപകർക്കിടയിലുമായിരുന്നു ഹിതപരിശോധന നടത്തേണ്ടിയിരുന്നത്. അങ്ങനെ വന്നാൽ എല്ലാ വിഭാഗത്തിൽപ്പെട്ടവരേയും പ്രതിനിധീകരിക്കുന്നവർ എന്ന് അവകാശപ്പെടുന്ന ചില സംഘടനകളുടെ അംഗബലം നിലവിലേതുപോലെ നിലനിർത്താനാവില്ല എന്ന തിരിച്ചറിവ് മൂലമാകാം KER വ്യവസ്ഥകൾക്ക് അനുസൃതമായ ഒരു ഹിതപരിശോധന നാളിതുവരെ നടക്കാതിരുന്നത്. ഇപ്രകാരം ഹിതപരിശോധന നടത്തണമെന്ന് 2010 ൽ തന്നെ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവുണ്ടായിട്ടും അത് നടപ്പാക്കാൻ KER ഭേദഗതി വേണം എന്ന് കേവലം പിടിവാശി മാത്രമല്ല ദുരുദ്ദേശപരവുമാണെന്ന് സംശയിക്കേണ്ട സാഹചര്യമാണ് ചർച്ചാ കുറിപ്പിലൂടെ വെളിവാക്കപ്പെടുന്നത്

സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമാണെങ്കിലും ഹയർ സെക്കന്ററി ഒരു Distinct Class ആയിട്ടാണ് നിൽക്കുന്നത്. അധ്യാപക സംഘടനകൾ രൂപീകരിക്കുന്നത് അവരവർ പ്രതിനിധീകരിക്കുന്ന മേഖലയുമായി ബന്ധപ്പെട്ട അക്കാദമികവും സർവീസ് സംബന്ധിച്ചതുമായ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും വിവിധ മാർഗങ്ങളിലൂടെ പ്രശ്ന പരിഹാരം തേടുന്നതിനുമാണെന്നിരിക്കേ, ഹയർസെക്കന്ററി മേഖലയുമായി അക്കാദമികമായോ ഘടനാപരമായോ റെഗുലേറ്ററി ചട്ടങ്ങൾ സംബന്ധമായോ യാതൊരുവിധ ബന്ധങ്ങളുമില്ലാത്ത വിഭാഗത്തിൽപ്പെട്ടവരെ കൂട്ടിക്കെട്ടി സംഘടന രൂപീകരിക്കുന്നതും അംഗീകാരം നൽകുന്നതും അധ്യാപക സംഘടനയുടെ രൂപീകരണ ലക്ഷ്യത്തെ പരാജയപ്പെടുത്തുന്നതും ഹയർസക്കന്ററി മേഖലയുടെ മുന്നോട്ടുള്ള സുഗമമായ നടത്തിപ്പിന് വിഘാതം സൃഷ്ടിക്കുന്നതുമാണ്. മാത്രമല്ല ഇന്ന് ഹയർസെക്കന്ററി മേഖല കൈവരിച്ചിട്ടുള്ള നേട്ടങ്ങളെപ്പോലും ഇല്ലാതാക്കുകയും ചെയ്യും.

ഹയർ സെക്കന്ററി അധ്യാപക നിയമനവും സ്ഥാനക്കയറ്റവുമെല്ലാം നിയന്ത്രിക്കുന്നത് Special Rules for the Kerala Higher Secondary Education State Service 2001 and Special Rules for Kerala Higher Secondary Education Subordinate Service 2001 എന്നിവ പ്രകാരമാണെന്നിരിക്കേ ഹൈസ്കൂൾ വിഭാഗത്തിൽപ്പെട്ടവർ Special Rules for Kerala General Education State Service / Special Rules for Kerala General Education Subordinate Service എന്നിവയുടെ പരിധിയിൽ വരുന്നവരാണ്.

കൂടാതെ ഗവൺമെന്റ് ഹയർ സെക്കന്ററി അധ്യാപകരുടെ അച്ചടക്കവുമായി ബന്ധപ്പെട്ട എല്ലാ ചട്ടങ്ങളും Kerala Government Servants' Conduct Rules 1960 ന്റെ പരിധിയിലായിരിക്കെ സംഘടനാ സ്വാതന്ത്ര്യം മാത്രമായി വേർതിരിച്ച് KER ന്റെ പരിധിയിലാക്കുന്നത് വിവേചനപരവും ദുരുദ്ദേശപരവുമാണ്.

ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളുമായി ബന്ധപ്പെട്ട് എയ്ഡഡ് സ്കൂൾ ജീവനക്കാർക്കും സർക്കാർ സ്കൂൾ ജീവനക്കാർക്കും വ്യത്യസ്ത ചട്ടങ്ങളാണ് നിലനിൽക്കുന്നത്. ഉദാഹരണമായി എയ്ഡഡ് മേഖലയിലുള്ളവർക്ക് രാഷ്ട്രീയ പ്രവർത്തനങ്ങളും തെരഞ്ഞെടുപ്പുകളിൽ മൽസരവും അനുവദനീയമാണെന്നിരിക്കേ സർക്കാർ സ്കൂൾ ജീവനക്കാർക്ക് ഇവ നിഷിദ്ധമാണ്.

ഇത്തരത്തിൽ ഒട്ടേറെ വൈവിധ്യങ്ങളും സങ്കീർണതകളും ഈ വിഷയവുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരിക്കേ തികച്ചും മുൻവിധിയോടെ ഹിഡൺ അജണ്ടയുമായി സംഘടിപ്പിക്കുന്ന ഒരു ചർച്ച ഒഴിവാക്കണമെന്നും ഹിതപരിശോധന ആവശ്യമെങ്കിൽ ആയത് KER Chapter XIV C Rule 51 ന്റ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് തന്നെ ഹയർ സെക്കന്ററി അധ്യാപകർ ഉൾപ്പെടെ ഓരോ Distinct class of teachers നും പ്രത്യേകമായ ഹിതപരിശോധന നടത്തി അംഗീകാരം നൽകുന്നതിനും ആവശ്യമായ നിയമാനുസൃത നടപടികൾ സ്വീകരിക്കണമെന്നും വിനീതമായി അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

HIGHER SECONDARY SCHOOL TEACHERS ASSOCIATION
HSSTA

തിരുവനന്തപുരം,

05/08/2025.

**അനിൽ എം ജോർജ്,**

ജനറൽ സെക്രട്ടറി, എച്ച് എസ് എസ് ടി എ

ANIL. M. GEORGE
General Secretary
Higher Secondary School
Teachers Association

# AHSTA

## AIDED HIGHER SECONDARY TEACHERS' ASSOCIATION

Kerala State, Thiruvananthapuram

State Committee Office : TC 14/2178 (6), Ebenezer, Market Road, Palayam, Trivandrum-34

Reg. No. G.O. (M.S.) No. 166/2002/G.Ed. Trivandrum. Date : 24.06.2002

Affiliated to AIFTO & SETO



*President*
**ARUN KUMAR. R**
M.V. HSS Thundathil, Tvpm.
arunkaroor@gmail.com
Mob : 9447265022

*General Secretary*
**S. MANOJ**
N.R.P.M.H.S.S. Kayamkulam
manojnrpm@yahoo.com
Mob : 9447398080, 8281398080

*Treasurer*
**K. A. VARGHESE**
St. Mary's H.S.S.
Iringalakuda, Thrissur
Mob: 9446627411


Date 19-8-25

സ്വീകർത്താവ്

**ഡോ. കെ.വാസുകി**
ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി

വിഷയം: എച്ച് 3/ 14667/2025 dt 26 -7 -25 ലെ കത്ത് (അദ്ധ്യാപക സംഘടനകളുടെ അംഗീകാരവുമായി ബന്ധപ്പെട്ട് ആഗസ്റ്റ് 19-ന് വിളിച്ചു ചേർത്ത മീറ്റിംഗ്) സംബന്ധിച്ച്

സർ,

പൊതുവിദ്യാഭ്യാസ മേഖലയിൽ പ്രവൃത്തിച്ചുവരുന്ന അധ്യാപക സംഘടനകളുടെ അംഗീകാരവുമായി ബന്ധപ്പെട്ട് ഹിതപരിശോധന നടത്തുന്നതിനെക്കുറിച്ച് ആലോചിക്കാൻ വേണ്ടിയാണ് അംഗീകൃത അധ്യാപക സംഘടനകളുടെ ഒരു യോഗം വിളിച്ചിട്ടുള്ളത്.

യോഗം വിളിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള കുറിപ്പിൽ വ്യത്യസ്ത വിഭാഗങ്ങളിൽ പ്രവൃത്തിച്ച് വരികയും, വ്യത്യസ്ത നിയമങ്ങൾ പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ളതുമായ സംഘടനകളെ ഏക നിയമത്തിന്റെ കീഴിൽ കൊണ്ടുവരുമെന്നും, ഹയർസെക്കണ്ടറി, ഹൈസ്കൂൾ, പ്രൈമറി, ഭാഷാവിഭാഗങ്ങൾ, സർക്കാർ അധ്യാപകർ, എയ്ഡഡ് അധ്യാപകർ എന്നിങ്ങനെ വ്യത്യസ്ത മേഖലകളിൽ പ്രവൃത്തിക്കുന്ന സംഘടനകളുടെ അംഗീകാരം എടുത്തുകളയുമെന്നും സൂചിപ്പിക്കുന്നു.

അപ്രായോഗികമാണെന്ന കാരണത്താൽ ഹൈസ്കൂൾ - ഹയർ സെക്കണ്ടറി ഏകീകരണം പാതിവഴിയിൽ നിലച്ചിരിക്കുന്ന സാഹചര്യത്തിൽ, പ്രൈമറി മേഖല, സെക്കണ്ടറി മേഖല എന്ന രീതിയിൽ ഹയർ സെക്കണ്ടറി മേഖലയെ പ്രത്യേക വിഭാഗമായി പരിഗണിക്കാതെയുള്ള ഹിതപരിശോധന നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാണ്.

AIDED HIGHER SECONDARY TEACHERS ASSOCIATION STATE COMMITTEE TVPM ★ AHSTA ★

KER ൽ വരുത്തുമെന്ന് പറയപ്പെടുന്ന ഘടനാപരമായ പരിഷ്കാരങ്ങൾക്ക് വ്യക്തത വരുന്നതിന് മുൻപ് വരാൻ പോകുന്ന പരിഷ്കാരത്തെ മുൻനിർത്തിയുള്ള ഹിതപരിശോധനയുമായി ബന്ധപ്പെട്ട ചർച്ച അനാവശ്യമാണ് എന്ന് സംഘടന കരുതുന്നു.

പൊതുവിദ്യാഭ്യാസം നിരവധി വെല്ലുവിളികളെ നേരിടുന്ന കാലഘട്ടത്തിൽ അധ്യാപക സംഘടനകളെ ശത്രുപക്ഷത്ത് കാണാതെ എല്ലാവരേയും ഉൾക്കൊണ്ടു കൊണ്ട് മുന്നോട്ട് പോകുന്ന പോസിറ്റീവായ സമീപനം സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കോളേജിന്റെ ഭാഗമായി, പ്രീഡിഗ്രി എന്ന പേരിൽ നിലനിന്ന വിദ്യാഭ്യാസ തലം പിന്നീട് ഹയർ സെക്കൻഡറി ആയി സ്കൂളിലേക്ക് മാറ്റിയപ്പോൾ, അന്നുവരെ പൊതുവിദ്യാഭ്യാസ മേഖലയുടെ ഉയർന്ന തലമായിരുന്ന സെക്കൻഡറിയിൽ നിന്നും ഒട്ടേറെ വ്യത്യാസങ്ങൾ ഹയർ സെക്കൻഡറിക്ക് അവകാശപ്പെടാൻ ഉണ്ട്. സെക്കൻഡറി തലം വരെയുള്ള സിലബസും പുസ്തകവും കേരളത്തിൽ എസ്സി ഈആർടി ആണ് തയ്യാറാക്കുന്നത് എങ്കിൽ, ഹയർ സെക്കൻഡറിയിൽ കോർ വിഷയങ്ങളെല്ലാം സിബിഎസ്ഇ-യുടെ സിലബസും എൻസിഇആർടിയുടെ പുസ്തകവുമാണ് പിന്തുടരുന്നത്. കോളേജ് അധ്യാപകരുടെ അടിസ്ഥാന യോഗ്യത പോസ്റ്റ് ഗ്രാജുവേഷൻ മാത്രമായിരുന്നെങ്കിൽ, ഹയർ സെക്കൻഡറി അധ്യാപകർക്ക് പോസ്റ്റ് ഗ്രാജുവേഷൻ കൂടാതെ ബി.എഡും അനിവാര്യമായി വന്നു.

സെക്കൻഡറി തലം വരെ പഠിക്കാൻ ഉള്ളത് പരിമിത വിഷയങ്ങൾ ആണെങ്കിൽ, ഹയർ സെക്കൻഡറി തലത്തിൽ അമ്പതിലേറെ വിഷയങ്ങളുടെ വൈവിധ്യ കോമ്പിനേഷനുകൾ പഠിക്കണം. നിലവിൽ ഹയർസെക്കൻഡറിയിലെ പ്രവേശനം തന്നെ സെക്കണ്ടറി സ്കൂൾ വിട്ടുപോയുള്ള സർട്ടിഫിക്കറ്റിന്റെ (Secondary School Leaving Certificate) അടിസ്ഥാനത്തിലാണ്.

ജില്ലാ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് അടിസ്ഥാനമാക്കിയുള്ള ഏകജാലക സംവിധാനമാണ് ഹയർസെക്കൻഡറി പ്രവേശനത്തിലുള്ളത്. ഒട്ടേറെ വിഷയങ്ങളിൽ പ്രായോഗികപരീക്ഷ ഉൾപ്പെടെയുള്ള ഹയർസെക്കൻഡറി മേഖലയുടെ അക്കാദമിക പ്രവർത്തനങ്ങളിലും, പരീക്ഷാ ഘടനയിലും, നടത്തിപ്പിലും എല്ലാം സെക്കണ്ടറി തലത്തിൽനിന്ന് ഒട്ടേറെ വ്യത്യാസങ്ങളാണ് ഹയർ സെക്കൻഡറി യിൽ നിലനിൽക്കുന്നത്.

അങ്ങനെയുള്ള വ്യത്യസ്ത സാഹചര്യങ്ങൾ ഉള്ളപ്പോൾ, ഹയർസെക്കൻഡറി മേഖലയിലെ പ്രശ്നങ്ങളെ വേർതിരിച്ചു കാണേണ്ടതും, അതിനുതകുന്ന രീതിയിൽ ഇടപെടീൽ നടത്തുന്നതിനും, ആ മേഖലയ്ക്ക് മാത്രം പ്രാതിനിധ്യമുള്ള സംഘടന ആവശ്യമാണ്. ഈ കാഴ്ചപ്പാടോടെ ഹയർ സെക്കൻഡറിക്ക് മാത്രം പ്രാതിനിധ്യ സ്വഭാവത്തിൽ, രണ്ടായിരത്തിൽ (2000), ആദ്യമായി, അംഗീകാരം കിട്ടിയ ഹയർ സെക്കൻഡറി അധ്യാപക സംഘടനയാണ് എയ്ഡഡ് ഹയർ സെക്കൻഡറി ടീച്ചേഴ്സ് അസോസിയേഷൻ (AHSTA). ഹയർ സെക്കൻഡറി മേഖലയുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട്, ഇടപെടീൽ നടത്തുന്ന സംഘടനയുടെ പ്രാധാന്യം ചെറുതല്ല. അതിനാൽ തന്നെ റഫറണ്ടം നടത്തുമ്പോൾ, ഹയർസെക്കൻഡറി മേഖലയെ പ്രത്യേകമായി കണ്ടുകൊണ്ട്, ആ മേഖലയിൽ 25% പ്രാതിനിധ്യമുള്ള

AIDED HIGHER SECONDARY TEACHERS ASSOCIATION STATE COMMITTEE TVPM ★ AHSTA ★

സംഘടനകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നീക്കം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഹയർസെക്കൻഡറി മേഖലയിലെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട്, സർക്കാർ പ്രത്യേകമായി പല മീറ്റിങ്ങുകൾ വിളിക്കുന്നത് തന്നെ മേഖലയിലെ പ്രശ്നങ്ങൾ വേറിട്ടതാണെന്ന് സൂചിപ്പിക്കുന്നു. അധ്യാപക മേഖലയിൽ മാത്രം, കാറ്റഗറി സംഘടന എന്ന പേരിൽ ഹയർ സെക്കൻഡറി സംഘടനകളെ ഒഴിവാക്കുന്നത് നീതീകരിക്കാവുന്നതല്ല. മറ്റ് സർക്കാർ ഓഫീസുകൾ പരിശോധിച്ചാൽ കാറ്റഗറി സ്വഭാവമുള്ള സംഘടനകൾക്ക് അംഗീകാരം ഉണ്ടെന്ന് കാണാൻ കഴിയും. ഉദാഹരണത്തിന് ഒരേ ഓഫീസിൽ എൻജിഒ യൂണിയൻ (NGOU) ഉള്ളപ്പോൾ തന്നെ കാറ്റഗറി സംഘടനയായ കെജിഓ എയും (KGOA) പ്രവർത്തിക്കുന്നു. ഇതെല്ലാം പരിഗണിച്ച് ഹയർസെക്കൻഡറി മേഖലയുടെ വളർച്ചയ്ക്ക് ആവശ്യമായ ഇടപെടീൽ നടത്തുന്ന ഹയർ സെക്കൻഡറി സംഘടനകളെ ഉന്മൂലനം ചെയ്യുന്ന രീതിയിലുള്ള റഫറണ്ടം രീതി ഉപേക്ഷിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആയതിന്റെ പശ്ചാത്തലത്തിൽ, നിലവിൽ തീരുമാനിച്ചിരിക്കുന്ന ഹിത പരിശോധനയുമായി ബന്ധപ്പെട്ട ചർച്ച, ഹൈസ്കൂൾ-ഹയർ സെക്കണ്ടറി ഏകീകരണവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ വന്നതിന് ശേഷം മതിയെന്ന് സംഘടന ആവശ്യപ്പെടുന്നു.

വിശ്വസ്തതയോടെ

**ആർ. അരുൺകുമാർ**
സംസ്ഥാന പ്രസിഡന്റ്

**എസ്. മനോജ്**
ജനറൽ സെക്രട്ടറി

AIDED HIGHER SECONDARY TEACHERS ASSOCIATION
STATE COMMITTEE
TVPM
★ AHSTA ★



File No. GE-JR1/526/2023-G.EDN (Computer No. 2565304)

Generated from eOffice by SREERAJ S K, ASO (JR1) G.EDN, ASO (JR1) G.EDN, General Education on 17/09/2025 06:26 PM

DEPARTMENTAL

**HIGHER SECONDARY SCHOOL TEACHERS ASSOCIATION**

Recognised as per Order Number – GO (MS) 22/2011, P & ARD Dated 18/07/2011.

STATE COMMITTEE, THIRUVANANTHAPURAM

**HSSTA**

TC 11/2082 C-6, "Krishna Vilas" Kanaka Nagar, Kowdiar P.O., Thiruvananthapuram - 695 003

| PRESIDENT | TREASURER | GENERAL SECRETARY |
|---|---|---|
| VENKITA MOORTHY K | RIYAZ M | ANIL M GEORGE |
| Principal | HSST Commerce | Principal |
| GVHSS Pazhanji, Thrissur | GHSS Payambra, Kozhikode | GHSS Chittar, Pathanamthitta |
| Phone : 9496444254 | Phone : 9745640655 | Phone : 9745591677 |
| Email : venkitamoorthy@gmail.com | Email : irinriyaz@gmail.com | Email : anilmodiyil@gmail.com |

പ്രേഷകൻ

**അനിൽ എം ജോർജ്,**

ജനറൽ സെക്രട്ടറി, എച്ച് എസ് എസ് ടി എ

സ്വീകർത്താവ്

**പ്രിൻസിപ്പൽ സെക്രട്ടറി**

പൊതു വിദ്യാഭ്യാസ വകുപ്പ്,

തിരുവനന്തപുരം

മാഡം,

വിഷയം : ഹിതപരിശോധനയിലൂടെ അധ്യാപക സംഘടനകൾക്ക് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ ചർച്ച നടത്തുന്നതിലേക്കായി 19.08.2025 ൽ തിരുവനന്തപുരത്ത് വിളിച്ചിരിക്കുന്ന അധ്യാപക സംഘടനാ പ്രതിനിധികളുടെ യോഗത്തെ സംബന്ധിച്ച്;

സൂചന : യോഗത്തിന്റെ പരിഗണനയ്ക്കായി തയാറാക്കി വിതരണം ചെയ്ത ചർച്ചാ കുറിപ്പ്;

മേൽ സൂചന പ്രകാരം KER Chapter XIV C Rule 51, 52 എന്നിവ ഭേദഗതി ചെയ്ത് ഹിതപരിശോധനയിലൂടെ അധ്യാപക സംഘടനകൾക്ക് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ ചർച്ച നടത്തുന്നതിലേക്കായി 2025 ഓഗസ്റ്റ് മാസം പത്തൊമ്പതാം തീയതി തിരുവനന്തപുരത്ത് വിളിച്ചിരിക്കുന്ന അധ്യാപക സംഘടനാ പ്രതിനിധികളുടെ യോഗത്തിന് മുന്നോടിയായി തയ്യാറാക്കി നൽകിയിട്ടുള്ള ചർച്ചാ കുറിപ്പിൽ പറഞ്ഞിരിക്കുന്നത് എല്ലാവിഭാഗങ്ങളേയും പ്രതിനിധീകരിക്കുന്ന സംഘടനകൾക്ക് മാത്രമേ അംഗീകാരം നൽകേണ്ടതുള്ളൂ എന്നും കാറ്റഗറി സംഘടനകൾക്ക് അംഗീകാരം നൽകേണ്ടതില്ല എന്നുമുള്ള നിലപാട് സ്വീകരിച്ചുകൊണ്ടുള്ള ഒരു ചർച്ച എന്നതാണ്. അതിനാൽ തന്നെ വളരേയേറെ മുൻവിധിയോടുകൂടിയതും ഇതിനോടകം തീരുമാനം എടുത്തുകൊണ്ടുള്ളതുമായ ഒരു അജണ്ടയുമായിട്ടാണ് യോഗം വിളിച്ചിരിക്കുന്നത് എന്ന് വ്യക്തമായിരിക്കുകയാണ്. മുൻകൂട്ടി നിർണായകമായ തീരുമാനങ്ങൾ കൈക്കൊണ്ട ശേഷം പേരിന് വേണ്ടി ഒരു യോഗം വിളിച്ചുചേർക്കുന്നത് അനുചിതമാണെന്ന് മാത്രമല്ല, ചർച്ചയിൽ പങ്കെടുത്ത് ജനാധിപത്യ രീതിയിൽ തീരുമാനത്തിലെത്തുന്നതിനുള്ള ഒരു വിഭാഗത്തിന്റെ നിയമപരമായ അവകാശത്തിൻമേലുള്ള കടന്നുകയറ്റവും കൂടിയാണ്.

ചർച്ചാ കുറിപ്പിൽ സൂചിപ്പിച്ച കേസുകളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ സർക്കാർ നൽകിയിരിക്കുന്ന സത്യവാങ്മൂലങ്ങളിൽ പറയുന്നത് KER Chapter XIV- C Rule 51 പ്രകാരം അധ്യാപക സംഘടനകൾക്ക് അംഗീകാരം നൽകുന്നതിന് ആവശ്യമായ ഹിതപരിശോധന നടത്തുന്നതാണ് എന്നാണ്. ഈ ചട്ടം അനുസരിച്ച് സെക്കന്ററി വിഭാഗത്തിൽപ്പെട്ട പ്രത്യേക ക്ലാസുകളായ ഹെഡ്മാസ്റ്റർ,

സബ്ജക്ട് അധ്യാപകർ, ഭാഷാ അധ്യാപകർ, സ്പെഷ്യലിസ്റ്റ് അധ്യാപകർ എന്ന നാല് വിഭാഗത്തിനും സമാനമായി പ്രൈമറി വിഭാഗത്തിൽപ്പെട്ട നാല് പ്രത്യേക ക്ലാസുകളിൽ പെട്ട അധ്യാപകർക്കിടയിലുമായിരുന്നു ഹിതപരിശോധന നടത്തേണ്ടിയിരുന്നത്. അങ്ങനെ വന്നാൽ എല്ലാ വിഭാഗത്തിൽപ്പെട്ടവരേയും പ്രതിനിധീകരിക്കുന്നവർ എന്ന് അവകാശപ്പെടുന്ന ചില സംഘടനകളുടെ അംഗബലം നിലവിലേതുപോലെ നിലനിർത്താനാവില്ല എന്ന തിരിച്ചറിവ് മൂലമാകാം KER വ്യവസ്ഥകൾക്ക് അനുസൃതമായ ഒരു ഹിതപരിശോധന നാളിതുവരെ നടക്കാതിരുന്നത്. ഇപ്രകാരം ഹിതപരിശോധന നടത്തണമെന്ന് 2010 ൽ തന്നെ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവുണ്ടായിട്ടും അത് നടപ്പാക്കാൻ KER ഭേദഗതി വേണം എന്ന് കേവലം പിടിവാശി മാത്രമല്ല ദുരുദ്ദേശപരവുമാണെന്ന് സംശയിക്കേണ്ട സാഹചര്യമാണ് ചർച്ചാ കുറിപ്പിലൂടെ വെളിവാക്കപ്പെടുന്നത്

സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമാണെങ്കിലും ഹയർ സെക്കന്ററി ഒരു Distinct Class ആയിട്ടാണ് നിൽക്കുന്നത്. അധ്യാപക സംഘടനകൾ രൂപീകരിക്കുന്നത് അവരവർ പ്രതിനിധീകരിക്കുന്ന മേഖലയുമായി ബന്ധപ്പെട്ട അക്കാദമികവും സർവീസ് സംബന്ധിച്ചതുമായ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും വിവിധ മാർഗങ്ങളിലൂടെ പ്രശ്ന പരിഹാരം തേടുന്നതിനുമാണെന്നിരിക്കേ, ഹയർസെക്കന്ററി മേഖലയുമായി അക്കാദമികമായോ ഘടനാപരമായോ റെഗുലേറ്ററി ചട്ടങ്ങൾ സംബന്ധമായോ യാതൊരുവിധ ബന്ധങ്ങളുമില്ലാത്ത വിഭാഗത്തിൽപ്പെട്ടവരെ കൂട്ടിക്കെട്ടി സംഘടന രൂപീകരിക്കുന്നതും അംഗീകാരം നൽകുന്നതും അധ്യാപക സംഘടനയുടെ രൂപീകരണ ലക്ഷ്യത്തെ പരാജയപ്പെടുത്തുന്നതും ഹയർസക്കന്ററി മേഖലയുടെ മുന്നോട്ടുള്ള സുഗമമായ നടത്തിപ്പിന് വിഘാതം സൃഷ്ടിക്കുന്നതുമാണ്. മാത്രമല്ല ഇന്ന് ഹയർസെക്കന്ററി മേഖല കൈവരിച്ചിട്ടുള്ള നേട്ടങ്ങളെപ്പോലും ഇല്ലാതാക്കുകയും ചെയ്യും.

ഹയർ സെക്കന്ററി അധ്യാപക നിയമനവും സ്ഥാനക്കയറ്റവുമെല്ലാം നിയന്ത്രിക്കുന്നത് Special Rules for the Kerala Higher Secondary Education State Service 2001 and Special Rules for Kerala Higher Secondary Education Subordinate Service 2001 എന്നിവ പ്രകാരമാണെന്നിരിക്കേ ഹൈസ്കൂൾ വിഭാഗത്തിൽപ്പെട്ടവർ Special Rules for Kerala General Education State Service / Special Rules for Kerala General Education Subordinate Service എന്നിവയുടെ പരിധിയിൽ വരുന്നവരാണ്.

കൂടാതെ ഗവണ്മെന്റ് ഹയർ സെക്കന്ററി അധ്യാപകരുടെ അച്ചടക്കവുമായി ബന്ധപ്പെട്ട എല്ലാ ചട്ടങ്ങളും Kerala Government Servants' Conduct Rules 1960 ന്റെ പരിധിയിലായിരിക്കെ സംഘടനാ സ്വാതന്ത്ര്യം മാത്രമായി വേർതിരിച്ച് KER ന്റെ പരിധിയിലാക്കുന്നത് വിവേചനപരവും ദുരുദ്ദേശപരവുമാണ്.

ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളുമായി ബന്ധപ്പെട്ട് എയ്ഡഡ് സ്കൂൾ ജീവനക്കാർക്കും സർക്കാർ സ്കൂൾ ജീവനക്കാർക്കും വ്യത്യസ്ത ചട്ടങ്ങളാണ് നിലനിൽക്കുന്നത്. ഉദാഹരണമായി എയ്ഡഡ് മേഖലയിലുള്ളവർക്ക് രാഷ്ട്രീയ പ്രവർത്തനങ്ങളും തെരഞ്ഞെടുപ്പുകളിൽ മൽസരവും അനുവദനീയമാണെന്നിരിക്കേ സർക്കാർ സ്കൂൾ ജീവനക്കാർക്ക് ഇവ നിഷിദ്ധമാണ്.

ഇത്തരത്തിൽ ഒട്ടേറെ വൈവിധ്യങ്ങളും സങ്കീർണതകളും ഈ വിഷയവുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരിക്കേ തികച്ചും മുൻവിധിയോടെ ഹിഡൺ അജണ്ടയുമായി സംഘടിപ്പിക്കുന്ന ഒരു ചർച്ച ഒഴിവാക്കണമെന്നും ഹിതപരിശോധന ആവശ്യമെങ്കിൽ ആയത് KER Chapter XIV C Rule 51 ന്റ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് തന്നെ ഹയർ സെക്കന്ററി അധ്യാപകർ ഉൾപ്പെടെ ഓരോ Distinct class of teachers നും പ്രത്യേകമായ ഹിതപരിശോധന നടത്തി അംഗീകാരം നൽകുന്നതിനും ആവശ്യമായ നിയമാനുസൃത നടപടികൾ സ്വീകരിക്കണമെന്നും വിനീതമായി അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

HIGHER SECONDARY SCHOOL TEACHERS ASSOCIATION
HSSTA

തിരുവനന്തപുരം,

05/08/2025.

അനിൽ എം ജോർജ്,

ജനറൽ സെക്രട്ടറി, എച്ച് എസ് എസ് ടി എ

ANIL. M. GEORGE
General Secretary
Higher Secondary School
Teachers Association

# KERALA AIDED TEACHERS' ASSOCIATION

Recognized as per G.O. (M.S.) 36/80 G Edn. (J) dated 18.03.1980
P.B. No. 1019, THIRUVANANTHAPURAM - 04

JR

**A.V. Indulal**
General Secretary

## STATE COMMITTEE

MCHSS Kottukalkonam
Balaramapuram
Thiruvananthapuram
Mob : 9446750820
(R) 0471 - 2459154

**ബഹു. വിദ്യാഭ്യാസ സെക്രട്ടറി**
**പൊതുവിദ്യാഭ്യാസ വകുപ്പ്**
**സെക്രട്ടറിയേറ്റ്, തിരുവനന്തപുരം**

വിഷയം : 28.07.2025-ലെ ബഹു. DGE യുടെ കത്ത്. 19.08.2028-ലെ സെക്രട്ടറിയേറ്റ് അനക്സ് II-ലെ ലയം ഹാളിൽ വച്ച് അധ്യാപക സംഘടനയുടെ ഹിതപരിശോധന നടത്തുന്നതിനായി വിദ്യാഭ്യാസ ചട്ടങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്ന ഭേദഗതികൾ സംബന്ധിച്ച് താങ്കൾ വിളിച്ച് ചേർക്കുന്ന യോഗം.

സർ,

ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നിലവിൽ അധ്യാപകസംഘടനകൾക്ക് ഹിതപരിശോധന നടത്തുവാനായി ഒരു യോഗം 19.08.2025ൽ വിളിച്ച് ചേർക്കുന്നതിന് അടിസ്ഥാനമായി പറയുന്നത് ബഹു. ഹൈക്കോടതി നിർദ്ദേശം എന്നതാണ്. പ്രസ്തുത വിഷയത്തിൽ അദ്ധ്യാപക സംഘടനകളുടെ എണ്ണം കൂടുതലായതിനാൽ ഹിതപരിശോധന നടത്തുന്നതിന് ഹൈക്കോടതിയിൽ നിലവിലുള്ള കേസും പ്രതിപാദിക്കുന്നു. എന്നാൽ പ്രസ്തുത വിഷയത്തിൽ ഹൈക്കോടതിയിൽ ഇത്തരത്തിൽ നിലവിൽ കേസുള്ളപ്പോൾ പൊതുവിദ്യാഭ്യാസ വകുപ്പ് അത് നേരിട്ട് ബാധിക്കുന്ന കക്ഷികളായ അധ്യാപക സംഘടനകൾക്ക് ആ വിവരം നൽകിയിട്ടില്ല. അതുകാരണം സംഘടനകൾക്ക് ടി കേസിൽ കക്ഷി ചേരാനോ അതത് സംഘടനകളുടെ ആവലാതികൾ ബഹു. ഹൈക്കോടതിയെ ബോധ്യപ്പെടുത്താനോ സാധിച്ചിട്ടില്ല.

ടി വിഷയം ഹിതപരിശോധനയുമായി ബന്ധപ്പെട്ട് സർക്കാർ അധ്യാപക സംഘടനകളെ കമ്പനി, കോർപ്പറേഷൻ, ബോർഡ് സ്ഥാപനങ്ങളുമായി താരതമ്യം ചെയ്യരുത്. ടി സർക്കാർ സർവ്വീസ് മേഖലയിൽ ഒന്നും തന്നെ ഹിതപരിശോധന നാളിതുവരെ നടന്നിട്ടില്ല. മാത്രമല്ല സർക്കാരിന് ലാഭ, നഷ്ട കണക്കുകളുമായോ, ബോണസ് തർക്കങ്ങളുമായോ ചർച്ച ചെയ്യുന്ന മേഖല അല്ല സ്കൂൾ



"Vasanth", P.R.A. - 79A, Pazhanchira, Ambalathara, Thiruvananthapuram - 695 026

വിദ്യാഭ്യാസം. ടി സംഘടനകൾ പ്രതിനിധാനം ചെയ്യുന്നത് കേരളത്തിലെ ഒന്നേ മുക്കാൽ ലക്ഷം അധ്യാപകരെയും നാൽപ്പത്തി അഞ്ച് ലക്ഷം വിദ്യാർത്ഥികളെയും, അവരുടെ പ്രശ്നങ്ങളെയും നേരിട്ട് ബാധിക്കുന്ന വ്യത്യസ്ത ബൗദ്ധിക-കല-കായിക- സാംസ്കാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളെയാണ്. ഈ സർക്കാർ അധികാരത്തിൽ എത്തിയ ശേഷമാണ് 36 അധ്യാപക സംഘടനകളിൽ നിന്നും 41 സംഘടനകളായി എണ്ണം ഉയർത്തി അംഗീകാരം നൽകിയത്. ടി മാനദണ്ഡം സർക്കാർ ആണ് നിശ്ചയിക്കേണ്ടത്. നിലവിലെ അംഗീകാരം ലഭിച്ച് പ്രവർത്തിക്കുന്ന സർവ്വീസ് മേഖലയിലെ സംഘടനകൾക്ക് ഹിതപരിശോധന സമ്പ്രദായമില്ല.

വിദ്യാഭ്യാസ പ്രവർത്തനം വൈവിധ്യമാർന്ന വിഷയങ്ങൾ ഉള്ളതും, വിവിധ പ്രശ്നങ്ങളെ ഉൾക്കൊള്ളുന്നതും, പരീക്ഷ നടത്തിപ്പ്, അക്കാദമിക പ്രവർത്തനം, കലാ- കായിക-ശാസ്ത്ര- സ്കൂൾ തലം മുതൽ സംസ്ഥാനം വരെയുള്ള ഏഷ്യയിലെ ഏറ്റവും വലിയ മേളകളുടെ നടത്തിപ്പും, ചുമതലകളും സ്വാർത്ഥ താൽപര്യങ്ങളാലും രാഷ്ട്രീയ പ്രേരണയാലും അടിച്ചേൽപ്പിക്കേണ്ടവയല്ല. അവ കുറ്റമറ്റ നിലയിൽ നടത്തി കൊണ്ട് പോകാൻ നിലവിലെ സംഘടനാ സംവിധാനം പര്യാപ്തമാണ്. മാത്രമല്ല സർക്കാർ അവരുടെ ഇഷ്ടപ്രകാരം QIP കമ്മിറ്റി എന്ന നിലയിൽ എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ച് നിലവിൽ തന്നെ അനൗദ്യോഗിക നിയന്ത്രണം ഈ മേഖലയിൽ വരുത്തിയിട്ടുണ്ട്.

ഹിതപരിശോധന നടത്തുന്നതിന് മുമ്പ് KER ഭേദഗതിയിൽ ഗവൺമെന്റ് സർവെന്റ് കോൺടാക്റ്റ് റൂൾസ് 1960 റൂൾ 78 പ്രകാരം നിലവിലെ രാഷ്ട്രീയ പാർട്ടികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംഘടനകളെ നിരോധിക്കുമോ?

ഏകപക്ഷീയമായ തീരുമാനങ്ങൾ കൊണ്ട് വന്ന് കേരളത്തിലെ ഏറ്റവും വലിയ വകുപ്പ് ആയ പൊതുവിദ്യാഭ്യാസ വകുപ്പിനെ ശബ്ദമില്ലാത്തവരുടെ താവളമാക്കി മാറ്റി വളർന്ന് വരുന്ന സമൂഹത്തിന്റെ സ്വതന്ത്ര്യ ചിന്താഗതിയെയും സർഗ്ഗവാസനകളെയും കക്ഷി രാഷ്ട്രീയത്തിന് അടിയറവ് വെയ്ക്കുകയല്ല വേണ്ടത്. പകരം ഇതിന് അതീതമായി ചിന്തിക്കാനും പ്രവർത്തിക്കാനും ഭയരഹിതമായി അഭിപ്രായം പറയാനും പ്രാപ്തമാക്കാൻ പര്യാപ്തമായ സമൂഹത്തെ വാർത്തെടുക്കാനാണ് വിദ്യാഭ്യാസ വകുപ്പ് ശ്രമിക്കേണ്ടത്.

18.08.2025
തിരുവനന്തപുരം

KERALA AIDED TEACHERS ASSOCIATION
KATA
PB.No. 1019

എ.വി. ഇന്ദുലാൽ
ജനറൽ സെക്രട്ടറി

KHSTU
Kerala Higher Secondary Teachers Union

**State Committee**
(Recognised as per GO. No 321/2003 Gen. Edn.)
KHSTU Bhavan, Sabha School Road
Puthiyara, Kozhikode-673 004

President:
**K.T. ABDUL LATHEEF**
Velom hss cherapuram
Mob:9447417482
9447160906
ktalatheef@gmail.com

General Secretary:
**Dr. S. SANTHOSH KUMAR**
Govt HSS For Girls
Ernakulam
Mob: 9447840371
santhoshpolitics@gmail.com

Treasurer:
**ABOOBACKER A.**
GHSS Irumbuzhi
Malappuram
Mob: 9745894348
aboo443@gmail.com

സ്വീകർത്താവ്

ബഹു.പൊതുവിദ്യാഭ്യാസ സെക്രട്ടറി,
ഗവ: സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

സാർ,

വിഷയം : അധ്യാപക സംഘടനകളെ റഫറണ്ടം വഴി ഇല്ലാതാക്കാനുള്ള നടപടികളെ സംബന്ധിച്ച്

നമ്മുടെ രാജ്യത്തിന്റെയും വിശിഷ്യ കേരളത്തിന്റെ ഉത്തമ താൽപര്യവും ഭരണഘടന വിഭാവനം ചെയ്യുന്നതുമായ ജനാധിപത്യ മതേതരത്വ മൂല്യങ്ങളുടെ സംരക്ഷണവും; സാഹോദര്യവും സഹവർത്തിത്വവും ബഹുസ്വരതയും വളർത്തിയെടുക്കുക എന്നതാണ് നമ്മുടെ പൊതുവിദ്യാഭ്യാസത്തിന്റെ വിശാലമായ ഉത്തരവാദിത്വം. അതിനുള്ള മാർഗ്ഗ നിർദ്ദേശം നല്കുന്നതിനും പ്രായോഗിക ബുദ്ധിമുട്ടുകളും തടസ്സങ്ങളുമില്ലാതെ പൊതു വിദ്യാഭ്യാസ മേഖലയെ കരുത്തോടെ മുന്നോട്ടു നയിക്കുന്നതിനുള്ള നിയമാനുസൃതമായ പരിസരം ഒരുക്കുകയും ചട്ടങ്ങളും നിയമങ്ങളും ഉറപ്പുവരുത്തുകയും ചെയ്യുന്നതിനുള്ള മാർഗ്ഗ നിർദ്ദേശകമാണ് കെ.ഇ.ആർ. കേരള സംസ്ഥാനം രൂപീകരിക്കപ്പെട്ട ശേഷം നാളിതുവരെ നടന്ന നിരവധിയായ കെ.ഇ.ആർ പരിഷ്കരണങ്ങൾ പൊതുവിദ്യാഭ്യാസത്തെ ശാക്തീകരിക്കുക എന്ന ഉദ്ദേശത്തോടുകൂടിയായിരുന്നു. എന്നാൽ സമീപകാലത്ത് അവധാനതയില്ലാതെ ഉദ്ദേശശുദ്ധി പോലും സംശയിക്കുന്ന തരത്തിലാണ് ചില പരിഷ്കരണങ്ങൾ നടക്കുന്നത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അശാസ്ത്രീയമായി തയ്യാറാക്കിയ ഖാദർ കമ്മറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിരുത്തരവാദപരമായി നടന്ന കെ.ഇ.ആർ പരിഷ്കരണങ്ങൾ നിരവധി അപാകതകൾ നിറഞ്ഞതായിരുന്നു. തുടർന്ന് കെ.എച്ച്.എസ്.ടി.യു ചൂണ്ടിക്കാട്ടിയ അപകാതകൾ പരിഹരിക്കുന്നതിന് നിരവധി

അസാധാരണ ഗസറ്റുകൾ പുറപ്പെടുവിക്കേണ്ടി വന്നിരുന്നു. ഇത്തരം നീക്കങ്ങളുടെ തുടർച്ചയാണ് പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണപരമായ വളർച്ചയിൽ ക്രിയാത്മകമായി ഇടപെട്ടുകൊണ്ടിരിക്കുന്ന ജനാധിപത്യ സംഘടനകളെ ഇല്ലാതാക്കുന്നതിനുള്ള ചില നിക്ഷിപ്ത താൽപര്യങ്ങളുടെ അസ്വാഭാവിക പ്രവർത്തനങ്ങൾ തുടരുന്നത് എന്ന് അഭിപ്രായപെടേണ്ടിവരുന്നു. പൊതുവിദ്യാഭ്യാസ മേഖലയിലെ ഗവൺമെന്റ് എയിഡഡ് മേഖല യിൽ പ്രവർത്തിക്കുന്ന അധ്യാപക സംഘടനകളുടെ അംഗീകാരം തുടർന്നു നൽകുന്നതിന് കേരള വിദ്യാഭ്യാസ ചട്ടങ്ങളിലും, നിയമങ്ങളിലും ഭേദഗതി വരുക്കുന്നത് സംബന്ധിച്ച് കേരള ഹയർ സെക്കണ്ടറി ടീച്ചേഴ്സ് യൂണിയന്റെ അഭിപ്രായങ്ങൾ താഴെ സൂചിപ്പിക്കുന്നു.

1. കേരള വിദ്യാഭ്യാസ ചട്ടങ്ങളിലും നിയമങ്ങളിലും അധ്യാപക സംഘടനകൾക്ക് അംഗീകാരം നൽകുന്നതിന് ഹിതപരിശോധന (Referendum) നടത്തുന്നത് സംബന്ധിച്ച് യാതൊന്നും പ്രതിപാദിക്കുന്നില്ല. മറിച്ച് അധ്യാപക സംഘടനകൾക്ക് അംഗീകാരം നല്കുന്നതിനും റദ്ദു ചെയ്യുന്നതിനുമുള്ള വ്യവസ്ഥകളെ കുറിച്ചു മാത്രമാണ് കെ.ഇ.ആർ അധ്യായം പ്രതിപാദി ക്കുന്നത്. ആയതിനാൽ സംഘടനകളുടെ ഹിത പരിശോധന ചട്ട ഭേദഗതിയെ കുറിച്ച് എച്ച് 3/14667/2025/ഡി.ജി.ഇ തിയ്യതി 19/07/ 2025 ലെ അറിയിപ്പിലെ സൂചന പോലും നിയമ ങ്ങളെയും ചട്ടങ്ങളേയും വസ്തുത വിരുദ്ധമായി ദുർവ്യാഖ്യാനം ചെയ്യലാണ്.

2. മികവിനായുള്ള സ്ക്കൂൾ വിദ്യാഭ്യാസം വിദഗ്ദ്ധ സമിതി റിപ്പോർട്ടിന്റെ രണ്ടാം ഭാഗം പേജ് നം.149 ൽ അധ്യാപകരുടെ എണ്ണം വളരെ കുറഞ്ഞ സംഘടനകൾ പ്രശ്നങ്ങളെ സമഗ്രതയിൽ കാണുന്നതിനു പകരം വളരെ സങ്കുചിതമായി കാണുന്ന അവസ്ഥയുണ്ടെന്ന് സൂചിപ്പിക്കുന്നുണ്ട്. 19/8/2025ന് ബഹു.പൊതുവിദ്യാഭ്യാസ സെക്രട്ടറി വിളിച്ച് ചേർത്ത മീറ്റിംഗിന് നൽകിയ കുറിപ്പിൽ അധ്യാപക സംഘടനകളുടെ ബാഹുല്യം സ്കൂളുകളുടെ സുഗമമായ പ്രവർത്തനത്തെ ഒരു പരിധിവരെ ദോഷകരമായി ബാധിക്കുന്നുവെന്ന് സൂചിപ്പിക്കുന്നുണ്ട്. എണ്ണം കുറഞ്ഞ അധ്യാപകരുള്ള സംഘടനകൾ സ്കൂളുകളുടെ പ്രവർത്തനത്തെ എങ്ങനെയാണ് ദോഷകരമായി ബാധിക്കുന്നതെന്ന് വ്യക്തമാക്കാതെയുള്ള പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ മീറ്റിംഗ് കുറിപ്പും, താരതമ്യേന എണ്ണം കുറഞ്ഞവർക്ക് കാര്യങ്ങളെ സമഗ്രമായി കാണാൻ സാധിക്കില്ല എന്ന വിദഗ്ധ സമിതി റിപ്പോർട്ട് 'മികവിനായുള്ള വിദ്യാഭ്യാസം' റിപ്പോർട്ട് 154 പേജിലെ ഭാഗവും വസ്തുതകൾക്ക് നിരക്കാത്തതും അക്കാദമികമല്ലാത്തതുമാണ്. വസ്തുതകൾക്ക് നിരക്കാത്ത കുറിപ്പ് നൽകി ചർച്ച നടത്തുന്നത് ജനാധിപത്യ രീതിയല്ല.

3. നിലവിൽ LP & UP , ഹൈസ്കൂൾ വിഭാഗങ്ങളിലെ എല്ലാ വിഷയ അധ്യാപകർക്കും പ്രത്യേകം സംഘടനകൾ രൂപീകരിക്കുന്നതിന് കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെയും

നിയമങ്ങളിലെയും അധ്യായം XIVC ചട്ടം 51,52 അനുശാസിക്കുന്നുണ്ട്. കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ 2019 ലെ ഭേദഗതികൾ ബഹു.ഹൈക്കോടതിയിൽ ചോദ്യം ചെയ്യപ്പെട്ട കേസിൽ (WPC No 20959/ 2019)ൽ സർക്കാർ നൽകിയ സത്യവാങ്മൂലത്തിൽ LP , UP, HS, HSS,VHSS വിഭാഗങ്ങൾ വിത്യസ്തങ്ങളായി മുൻപ് പ്രവർത്തിക്കുന്ന രൂപത്തിൽ തുടരുമെന്നും അറിയിച്ചിട്ടുണ്ട്. വിത്യസ്ത വിഭാഗങ്ങളിലായി പ്രവർത്തിച്ചു വരുന്ന അധ്യപക സംഘടനകൾ സ്വയം സന്നദ്ധരായി അതത് വിഭാഗത്തിലെ വിദ്യാഭ്യാസ ഫലങ്ങളെ വിലയിരുത്തി മെച്ചപ്പെടുത്തലിന് ആവശ്യമായ നിർദ്ദേശങ്ങൾ പങ്കുവെക്കുന്നതോടൊപ്പം അധ്യാപകർക്ക് പരീശീലന പരിപാടികളികളും സംഘടിപ്പിച്ച് വരുന്നുണ്ട്. ഇത്തരം അക്കാദമിക പ്രവർത്തനങ്ങളെ നിസ്സാരമായി കാണുന്ന പൊതുവിദ്യാഭ്യാസ വകുപ്പ് ചർച്ചകളെയും, നിർദ്ദേശങ്ങളെയും പ്രോൽസാഹിപ്പിക്കുന്നതിന് പകരം അക്കാദമിക ചർച്ചകൾക്ക് ഇടം നൽകാത്ത വിധം ഓരോ വിഭാഗങ്ങളിലും പ്രവർത്തിച്ചു വരുന്ന അധ്യാപക സംഘടനകളെ ഇല്ലാതാക്കാനാണ് ശ്രമിച്ചു വരുന്നത്. ഹയർ സെക്കൻററി വിഭാഗത്തിൽ ഉൾപ്പെടെ അംഗീകാരമുള്ള വിത്യസ്ത വിഭാഗങ്ങളിലെ അധ്യാപക സംഘടനകൾക്ക് തുടർ പ്രവർത്തിക്കുന്നതിനും കെ.ഇ.ആർ ചട്ടങ്ങളിൽ ഭേദഗതിയുടെ ആവശ്യമില്ല.

4. അധ്യാപക സംഘടന അംഗീകാരത്തിനായി നൽകിയ അപേക്ഷ പൊതുവിദ്യാഭ്യാസ വകുപ്പ് നിരസിച്ചതിനെ തുടർന്ന് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റിഷനുകളിൽ (No1688/2010, 21645 /2022 ) ബഹു. ഹൈക്കോടതിയുടെ നിരീക്ഷണം ഓരോ വിഭാഗങ്ങളെയും പ്രതിനിധീകരിക്കുന്ന അധ്യാപക സംഘടനകളുടെ പ്രാതിനിധ്യം സംബന്ധിച്ചാണ്. ബഹു.ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾക്കപ്പുറം പ്രൈമറി തലം മുതൽ ഹയർ സെക്കന്ററി തലം വരെയുള്ള അധ്യാപകരെ ഒരു യൂണിറ്റാക്കി ഹിതപരിശോധന നടത്തുന്നതിലെ അക്കാദമിക താൽപര്യങ്ങൾക്കപ്പുറമുള്ള രാഷ്ട്രീയ താൽപര്യങ്ങൾ എന്താണെന്ന് വ്യക്തമാക്കണം.

5. ബഹു: ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP (C) No1688/2010, 21645 /2022 എന്നീ റിട്ട് പെറ്റിഷനുകളുടെ ഉത്തരവ് ഉണ്ടായിരിക്കെ റഫറണ്ടം ഇല്ലാതെ എൻ.എസ്.ടി.എ എന്ന അധ്യാപക സംഘടനക്ക് 9/01/2025 ന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സാധാരണ ഉത്തരവ് നം 6/2025 പ്രകാരം അംഗീകാരം നൽകിയത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കണം.

6. ഇന്ത്യയിലെ ട്രേഡ് യൂണിയൻസ് ആക്ട്, 1926 പ്രകാരം ഒരു ട്രേഡ് യൂണിയന് അംഗീകാരം നൽകുന്നതിന് റഫറണ്ടം നടത്തണമെന്ന് പറയുന്നില്ല. ഈ നിയമം പ്രധാനമായും

ട്രേഡ് യൂണിയനുകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച കാര്യങ്ങളാണ് പ്രതിപാദിക്കുന്നത്. അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സാധാരണയായി യൂണിയനുകളുടെ അംഗബലം പരിശോധിച്ചാണ് (~~[illegible]~~ Membership Verification) തീരുമാനിക്കുന്നത്. ഇത് ജീവനക്കാർക്കിടയിലുള്ള യഥാർത്ഥ പിന്തുണ ഉറപ്പാക്കുന്നു. റഫറണ്ടം എന്നത് സാധാരണയായി വലിയ രാഷ്ട്രീയ, ഭരണഘടനാപരമായ വിഷയങ്ങളിൽ ജനഹിതം തേടുന്നതിനുള്ള ഒരു മാർഗമാണ്. അധ്യാപക സംഘടനകളുടെ അംഗീകാരം പോലുള്ള വിഷയങ്ങളിൽ ഇത് പ്രയോഗിക്കുന്നത് നിലവിലെ നിയമവ്യവസ്ഥയിൽ വ്യക്തമായ മാർഗനിർദേശങ്ങൾ ഇല്ലാത്ത ഒരു നടപടിയാണ്.

7. റഫറണ്ടം നടത്താൻ സർക്കാരിന് അധികാരമുണ്ടോ എന്ന കാര്യത്തിൽ വ്യക്തതയില്ല. ചില പ്രത്യേക സന്ദർഭങ്ങളിൽ ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം കേരള സർക്കാർ മുൻപ് റഫറണ്ടം നടത്തിയിട്ടുണ്ട്. എന്നാൽ അത് ഒരു പൊതുനിയമമായി കണക്കാക്കാനാവില്ല. അതുകൊണ്ട് തന്നെ ഈ നടപടിക്ക് നിയമപരമായ സാധുത ഉണ്ടോയെന്ന് കോടതിക്ക് ചോദ്യം ചെയ്യാൻ കഴിയും. ഒരു റഫറണ്ടം നടത്താൻ വ്യക്തമായ നിയമമോ ചട്ടങ്ങളോ ഇല്ലാത്തതിനാൽ, അത് നീതിയുക്തവും സുതാര്യവുമാണോ എന്ന് ഉറപ്പുവരുത്താൻ ബുദ്ധിമുട്ടാണ്.

8. അധ്യാപക സംഘടനകളുടെ അംഗീകാരം ഒരു തൊഴിലാളിമുതലാളി ബന്ധത്തിന്റെ ഭാഗമാണ്. റഫറണ്ടം നടത്തുന്നത് ഈ പ്രക്രിയയെ ഒരു രാഷ്ട്രീയ മത്സരമാക്കി മാറ്റാൻ ഇടയാക്കും. ഇത് വിവിധ സംഘടനകൾ തമ്മിലുള്ള സംഘർഷങ്ങൾക്കും വിഭാഗീയതയ്ക്കും കാരണമാകും. കൂടാതെ, കൂടുതൽ അംഗബലമുള്ള സംഘടനകൾക്ക് പകരം പൊതുസമ്മതി നേടാൻ കഴിയുന്ന സംഘടനകൾക്ക് അനർഹമായ അംഗീകാരം ലഭിക്കാൻ ഇത് വഴിയൊരുക്കും.

9. റഫറണ്ടം വഴി കൂടുതൽ പേർ വോട്ട് ചെയ്യുന്ന സംഘടനയ്ക്ക് അംഗീകാരം ലഭിച്ചേക്കാം. എന്നാൽ ഇത് ആ സംഘടനയിൽ യഥാർത്ഥത്തിൽ അംഗത്വമുള്ള അധ്യാപകരുടെ എണ്ണത്തെ കൃത്യമായി പ്രതിനിധീകരിക്കണമെന്നില്ല. ഉദാഹരണത്തിന്, ഒരു സംഘടനയിൽ അംഗത്വമില്ലാത്തവർ പോലും റഫറണ്ടത്തിൽ വോട്ട് ചെയ്തേക്കാം. ഇത് അംഗബലം അടിസ്ഥാനമാക്കിയുള്ള അംഗീകാരമെന്ന തൊഴിൽ നിയമങ്ങളിലെ അടിസ്ഥാന തത്വത്തിന് വിരുദ്ധമാണ്.

ചുരുക്കത്തിൽ, നിയമപരമായ പിൻബലമില്ലാത്തതും, തൊഴിൽപരമായ കാര്യങ്ങളെ രാഷ്ട്രീയവൽക്കരിക്കുന്നതും, അതുവഴി അധ്യാപക സമൂഹത്തിൽ സംഘർഷങ്ങൾ സൃഷ്ടിക്കുന്നതുമാണ് റഫറണ്ടം വഴി അധ്യാപക സംഘടനകളുടെ അംഗീകാരം നിർണ്ണയിക്കുന്നത്

10. 1960 ലെ Kerala Goverment servent Conduct rule അനുസരിച്ചാണ് ഗവൺമെന്റ് മേഖലയിൽ മാത്രം പ്രവർത്തിക്കുന്ന സംഘടനകൾക്ക് അംഗീകാരം നൽകി വരുന്നത്. പ്രസ്തുത നിയമത്തിലെ ചട്ടം.77 നോട് ചേർത്തിട്ടുള്ള കുറിപ്പ് ഇപ്രകാരമാണ്.

Note.1. Class I and Class II Officers shall not be allowed to be members in the same association in which Class III Officers are members and vice versa. ഇത്തരമൊരു നിയമം നിലനിൽക്കെ വിവിധ ക്ലാസുകളിലായി സേവനം ചെയ്തു വരുന്ന അധ്യാപകരെ ഒരു യൂണിറ്റായി കാണുന്നത് നിയമപരമായി നിലനിൽക്കുന്നതല്ല.

11. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ നമ്മുടെ ഇന്ത്യയിലെ ഭരണഘടന യിൽ ഒരിടത്തും പ്രതിപാദിച്ചിട്ടില്ലാത്ത റഫറണ്ടം (ഹിത പരിശോധന) എന്ന കാര്യം കെ.ഇ.ആറിൽ തിരുകി കയറ്റി പൊതുവിദ്യാഭ്യാസ മേഖലയിലെ അധ്യാപക സംഘടനകളെ ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടി പ്രയോഗിക്കുന്നത് നമ്മുടെ സംസ്ഥാനത്തിന്റെ ജനാധിപത്യ പാരമ്പര്യങ്ങളെയും ഭരണഘടന വിഭാവനം ചെയ്യുന്ന വിശാലമായ കാഴ്ചപാടുകളേയും തള്ളികളയുന്നതിന് തുല്യമാണ്.

12. Direct Democrazy പിന്തുടരുന്ന രാജ്യങ്ങളിൽ പോളിസികൾ, നിയമങ്ങൾ ,പദ്ധതികൾ എന്നിവ പരിഗണിക്കപ്പെടുന്നത് റഫറണ്ടത്തിലൂടെയാണ് . Representative Democrazy പിന്തുടരുന്ന രാജ്യമായ ഇന്ത്യയിൽ റഫറണ്ടത്തിലൂടെ സംഘടനകളെ ഇല്ലാതാക്കുന്നത് ഭരണഘടനാ വിരുദ്ധവുമാണ്.

പൊതുവിദ്യാഭ്യാസ രംഗത്ത് വിശിഷ്യാ ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലയുടെ അക്കാദമിക സർവ്വീസ് പ്രശ്നങ്ങളിൽ നിരന്തരമായ ഇടപെടലുകൾ നടത്തുന്ന KHSTU (കേരളാ ഹയർ സെക്കന്ററി ടീച്ചേഴ്സ് യൂണിയൻ) തുടർന്നും ജനാധിപത്യ രീതിയിൽ പ്രവർത്തിക്കുന്നതിന് അവസരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

അബ്ദുൽ ജലീൽ.പി
ഓർഗനൈസിംഗ് സെക്രട്ടറി
കെ.എച്ച്.എസ്.ടി.യു സംസ്ഥാന കമ്മിറ്റി

കോഴിക്കോട്
18/08/2025.

# K.A.H.S.T.A

## KERALA AIDED HIGHER SECONDARY TEACHERS ASSOCIATION

KAHSTA
കേരള എയ്ഡഡ് ഹയർസെക്കന്ററി ടീച്ചേഴ്സ് അസോസിയേഷൻ

Recoginised as per Go (Rt) No. 321/2003/G. Edn dt 22. 01. 2003
State Committe, P.k Building,Ram Mohan Road Calicut - 4
Ph: 9446669543, 9447647156, E mail: Kahsta98@gmail.com

| President | General Secretary | Treasurer |
|---|---|---|
| **SIJU. K** | **AJITH KUMAR. S** | **SMIJU JACOB** |
| NNM HSS Chelembra | R.V.H.S.S Chokli | MS H.S.S |
| Pulliparamba | Thalassery, | Ranny PO |
| Malappuram | Kannur | Ranny, Pathanamthitta |
| Pin:673634 | Pin:670672 | Pin:689672 |
| Ph: 9446669543 | Ph:9447647156 | Ph:9446079420 |

To,

dt- 19/8/25

പൊതുവിദ്യാഭ്യാസ സെക്രട്ടറി
TVM.

K.S.R. ചാപ്റ്റർ 14(C) ചട്ടം 51, 52.

ഭേദഗതി ചെയ്യുന്നതു ഗവൺമെന്റ് നിരവധി [illegible]. ജനാധിപത്യ മൂല്യങ്ങൾ സംരക്ഷിക്കാത്ത ഒരു [illegible] [illegible]- [illegible] ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതു [illegible] K.A.H.S.T.A. ശക്തമായ പ്രതിഷേധവും വിയോജന കുറിപ്പും രേഖപ്പെടുത്തുന്നു. K.S.R. ഭേദഗതി ചെയ്യുന്നതു നടപടികൾ നിർത്തിവെക്കണമെന്നും, നിലവിലുള്ള സ്ഥിതി തുടരണം എന്നും KAHSTA ആവശ്യപ്പെടുന്നു.

**AJITH KUMAR. S**
**State General Secretary**
**K. A. H. S. T. A**

SIJU. K

# P. G. T. A. KERALA

**PRIVATE SCHOOL GRADUATE TEACHERS ASSOCIATION, KERALA**

(Recognised by the Government of Kerala as per G.O. (Ms) 172/71. S. Edn. Dated 04/12/1971.)

**STATE COMMITTEE**

E Mail:pgtapresident@gmail.com,pgtakerala1@gmail.com

*President*
SIBY ANTONY THEKKEDATHE
SS HSS KADANAD
Kottayam - 686653
9446608780(M), 04822246230(S)
6282644070(M)

*General Secretary*
SUDHEER CHANDRAN
SV HS PULLAD, Thiruvalla
Pathanamthitta - 689548
9400425600(M)
04692680311(S)

*Treasurer*
SHAFEER K
SPS ANIKODE
Kariankode P. O.
Palakkad - 678572
9037171788(M) 9539393578(S)


No-165/2025 Date-19/08/2025

To,

**ബഹു. പൊതു വിദ്യാഭ്യാസ സെക്രട്ടറി**
**കേരള സർക്കാർ സെക്രട്ടറിയേറ്റ്.**
**തിരുവനന്തപുരം.**

വിഷയം - അധ്യാപക സംഘടനകളുടെ ഹിതപരിശോധന -ചട്ടഭേദഗതി സംബന്ധിച്ച്;
സൂചന - Lr.No.-H3/14667/2025 DGE. Dated-28/07/25.

സർ,

മേൽ വിഷയവുമായി ബന്ധപ്പെട്ട് 19/ 8/ 25 ന് സർക്കാർ വിളിച്ചു ചേർക്കുന്ന അധ്യാപക സംഘടന യോഗത്തിൽ പ്രൈവറ്റ് സ്കൂൾ ഗ്രാജുവേറ്റ് ടീച്ചേഴ്സ് അസോസിയേഷൻ PGTA കേരള താഴെപ്പറയുന്ന ജനാധിപത്യവിരുദ്ധവും, അന്യായവുമായ കാരണങ്ങളാൽ കെ ഇ ആർ ചട്ടഭേദഗതിയെയും, ഹിതപരിശോധനയെയും എതിർക്കുന്നു.

1) കേരളത്തിലെ അധ്യാപക സംഘടനകൾ പൊതുവിദ്യാഭ്യാസത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കുന്ന സംഘടന അംഗങ്ങളായ അധ്യാപകരുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനും അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് വേണ്ടി രൂപീകരിക്കപ്പെട്ടുകയും,KER ചട്ട പ്രകാരം സർക്കാർ അംഗീകാരം നൽകുകയും ചെയ്തിട്ടുള്ളതാണ്. സർക്കാരിൽ നിന്നോ പൊതുജനങ്ങളിൽ നിന്നോ യാതൊരുവിധത്തിലുള്ള സാമ്പത്തിക സഹായങ്ങളും ഞങ്ങൾ സ്വീകരിക്കാറില്ല ആയതിനാൽ തന്നെ സർവീസ് സംഘടനകളുടെ ഹിതപരിശോധന അന്യായവും അനീതിയും ജനാധിപത്യ വിരുദ്ധവുമാണ്. കേരളത്തിൽ വിവിധ മേഖലകളിലായി നൂറിൽപരം സർവീസ് സംഘടനകൾ പ്രവർത്തിക്കുമ്പോൾ അധ്യാപക മേഖലയിൽ മാത്രം ഹിത പരിശോധന നടത്തുന്നത് അന്യായവും ഭരണഘടന വിരുദ്ധവുമാണ്. അതിനാൽ PGTA അതിനെ ശക്തിയായി എതിർക്കുന്നു .

2) വിവിധ കാറ്റഗറിക്കൽ സംഘടനകൾ KER ചട്ട പ്രകാരം രൂപീകരിക്കാം എന്നിരിക്കെ, അവയുടെ എല്ലാം കൂട്ടായ പ്രവർത്തനത്തിലൂടെയാണ് പൊതുവിദ്യാഭ്യാസരംഗം ഇത്ര നല്ല രീതിയിൽ കേരളത്തിൽ പ്രവർത്തിച്ചു വരുന്നത്. ഓരോ വിഭാഗം സംഘടനകൾക്കും അവരുടെ അംഗങ്ങളുടെ ആവശ്യങ്ങളും ഉത്തരവാദിത്വങ്ങളും സർക്കാരിന് മുമ്പിലും വകുപ്പിന് മുമ്പിലും എത്തിക്കുവാൻ നാളിതുവരെ സാധിച്ചിട്ടുണ്ട്. ഈ കൂട്ടായ്മയിലൂടെയാണ് പൊതുവിദ്യാഭ്യാസ രംഗത്ത് കേരളം ഉന്നതിപ്രാപിച്ചത്. അങ്ങനെ ദീർഘവീക്ഷണത്തോടെ ഉണ്ടാക്കിയിട്ടുള്ള KER ചട്ടങ്ങളിലെ ഭേദഗതി നിയമവിരുദ്ധവും സംഘടനകളെ ഇല്ലായ്മ ചെയ്യുന്നതിനുള്ള ഗൂഢനീക്കമാണ്. ആയതിനാൽ അതിനെയും PGTA ശക്തിയായി എതിർക്കുന്നു.

3.) PGTA KERALA Origin & Recognition: 1961 ഒക്ടോബർ പത്താം തീയതി കേരളത്തിലെ എയ്ഡഡ് സ്കൂളുകളിലെ ഗ്രാജുവേറ്റ് അധ്യാപകർ കോട്ടയം YMCA (A.V.Gorge) ഹാളിൽ ഒത്തുചേർന്ന് ഒരു സ്വതന്ത്ര അധ്യാപക സംഘടന രൂപീകരിക്കുവാൻ തീരുമാനിക്കുകയും അതിൻപ്രകാരം രൂപീകൃതമായ സംഘടനയാണ് പ്രൈവറ്റ് സ്കൂൾ ഗ്രാജുവേറ്റ് ടീച്ചേഴ്സ് അസോസിയേഷൻ കേരള (PGTA Kerala). സ്ഥാപക പ്രസിഡണ്ടായി S.A ജെയിംസിനെയും, ജനറൽ



P. G. T. A. State Committee Office: St. Sebastian's HSS Campus, Kadanad P. O., Kottayam DT, Pin: 686653

സെക്രട്ടറിയായി V.S. മാത്യുവിനെയും യോഗം തെരഞ്ഞെടുത്തു. സംഘടന എല്ലാ വർഷവും അതിൻറെ സംസ്ഥാന സമ്മേളനങ്ങൾ നടത്തി വരാറുണ്ട്. ഈ വർഷം 2025 Jan.31,Feb.1 തീയതികളിൽ പാലക്കാട് തസ്രാക്കിൽ വച്ച് സംഘടനയുടെ 64-മത് സംസ്ഥാന സമ്മേളനം വിവിധ പരിപാടികളോടെ നടത്തപ്പെട്ടു. ബഹു.വൈദ്യുത വകുപ്പ് മന്ത്രി ശ്രീ കെ കൃഷ്ണൻകുട്ടി സമ്മേളനം ഉദ്ഘാടനം ചെയ്തു . ശ്രീ രാഹുൽ മാങ്കൂട്ടത്തിൽ MLA വിദ്യാഭ്യാസ സെമിനാർ ഉദ്ഘാടനം ചെയ്യുകയുണ്ടായി.1962 ൽ റാന്നി, 1963 ൽ എറണാകുളം, 1964 പത്തനംതിട്ട, 1965 തിരുവനന്തപുരം, 1966 തിരുവല്ല ,1967 കോട്ടയം എന്നിവിടങ്ങളിൽ വെച്ച് ആദ്യകാല (1-6) വാർഷിക സമ്മേളനങ്ങൾ നടത്തുകയും പുതിയതായി സംഘടനയിലേക്ക് അംഗങ്ങളെ ചേർക്കുകയും ചെയ്തുകൊണ്ടിരുന്നു. വിശദമായ ചർച്ചകൾക്ക് ശേഷം KER ചട്ടങ്ങൾക്കും, നിയമങ്ങൾക്കും അനുസൃതമായി 1967 ൽ PGTA KERALA യുടെ ഭരണഘടന എഴുതി തയ്യാറാക്കുകയും അത് 15/1/67 ൽ കോട്ടയം YMCA ഹാളിൽ ചേർന്ന ആറാം സംസ്ഥാന സമ്മേളനം ഏകകണ്ഠമായി പാസാക്കുകയും അത് സർക്കാരിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട് .

4). KER Ch. XIVC,Rule 51,52 ചട്ടപ്രകാരമുള്ള PGTA Kerala അംഗങ്ങളുടെ ലിസ്റ്റും (Rule51(b)(7) അനുസൃതമായി), ഭരണഘടനയും, മറ്റ് ആവശ്യമായ രേഖകളും സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് 1971 ൽ G.O.(Ms)No.172/71.S.Edn. Dated 04/12/1971. PGTA KERALA ക്ക് KER Rule 51(b)(9)സർക്കാർ അംഗീകാരം ലഭിച്ചിട്ടുള്ളത്. തുടർന്ന് സർക്കാരും പൊതു വിദ്യാഭ്യാസവകുപ്പും വിളിക്കുന്ന എല്ലാ യോഗങ്ങളിലുംസംഘടനയുടെ പ്രതിനിധികൾ പങ്കെടുത്തത് സംബന്ധിച്ചുള്ള രേഖകൾ പ്രസ്തുത യോഗങ്ങളുടെ മിനിറ്റ്സ് പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്. കേരള സംസ്ഥാന ശമ്പള പരിഷ്കരണ കമ്മീഷനുമായി പി ജി ടി എ കേരള നേതാക്കൾ ചർച്ച നടത്തിയത് സംബന്ധിച്ച് കമ്മീഷൻ റിപ്പോർട്ടുകൾ പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്.

5) KER ചട്ടങ്ങൾക്കും, നിയമങ്ങൾക്കും അനുസൃതമായി എഴുതി തയ്യാറാക്കുകയും ,ആറാം സംസ്ഥാന സമ്മേളനം ഏകകണ്ഠമായി പാസാക്കുകയും,സർക്കാരിലേക്ക് നൽകുകയും ചെയ്ത 1967 ലെ PGTA KERALA മൂല ഭരണഘടനയിലെ Rule-18 ലെ വ്യവസ്ഥകൾക്ക് വിധേയമായി ഭരണഘടന കാലോചിതമായി പരിഷ്കരിക്കുന്നതിനും, സർക്കാർ നൽകിയ G.O.(Ms) No.172/71.S.Edn.Dated 04/12/1971) ഉൾപ്പെടെ, പുതിയ ചട്ടങ്ങളും, വകുപ്പുകളും ചേർത്തുകൊണ്ട് KER ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി കാലോചിതമായി പരിഷ്കരിക്കുവാൻ 18/1/86 ൽ എറണാകുളത്ത് ചേർന്ന PGTA സ്റ്റേറ്റ് കൗൺസിൽ തീരുമാനിച്ചു. ഇങ്ങനെ ഭരണഘടന പരിഷ്കരിക്കുവാൻ ശ്രീ.C.K.കുര്യാക്കോസ് കൺവീനറായും, ശ്രീ പി സി ജോർജ്, ശ്രീ. P മഹേശ്വരൻ പോറ്റി എന്നിവർ അംഗങ്ങളായും ഭരണഘടന പരിഷ്കരണ നിർമ്മാണ കമ്മിറ്റിയെ സ്റ്റേറ്റ് കൗൺസിൽ ചുമതലപ്പെടുത്തി നിയമിക്കുകയുണ്ടായി. ഈ വിവരം സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.വിശദമായ ചർച്ചകൾക്കും ആവശ്യമായ പഠനങ്ങൾക്കും മറ്റു സംഘടനകളുടെ ഭരണഘടന ഉൾപ്പെടെയുള്ളവ പരിശോധിച്ചു ആവശ്യമായ കൂട്ടിച്ചേർക്കലുകളോടുകൂടി ഇന്ത്യൻ ഭരണഘടനയുടെ മാതൃകയിൽ എഴുതി തയ്യാറാക്കിയ പുതുക്കിയ ഭരണഘടനയുടെ കരട് രൂപം തിരുവനന്തപുരം KPSHA ഹാളിൽ 15/2/86 ൽ ചേർന്ന സ്റ്റേറ്റ് കൗൺസിലിൽ അവതരിപ്പിച്ചു. വിശദമായ ചർച്ചകൾക്ക് ശേഷം PGTA Kerala യുടെ 25 വാർഷിക പൊതുയോഗത്തിൽ അവതരിപ്പിച്ച അംഗീകാരം നേടുവാൻ സ്റ്റേറ്റ് കൗൺസിൽ തീരുമാനിക്കുകയും ഈ വിവരം സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.തിരുവനന്തപുരം V.J.T. ഹാളിൽ 6/3/1986 to 8/3/1986 ൽ ചേർന്ന 25 മത് PGTA Kerala വാർഷിക പൊതുസമ്മേളനത്തിൽ പരിഷ്കരിച്ച ഭരണഘടന അവതരിപ്പിക്കുകയും, സംസ്ഥാന പ്രസിഡണ്ട് P.O.തോമസിന്റെ അധ്യക്ഷതയിൽ കൂടിയ 25 മത് വാർഷിക പൊതുസമ്മേളനം ഐക്യകണ്ഠേന അംഗീകരിക്കുകയും പ്രസിഡണ്ട് ഒപ്പു വയ്ക്കുകയും ചെയ്തിട്ടുള്ളതാണ് .ഇപ്രകാരം ഭരണഘടന പുതുക്കിയ വിവരം ബഹു സർക്കാരിനെയും ഡിപിഐയെയും അറിയിക്കുകയും സമ്മേളന തീരുമാനങ്ങൾ ഉൾപ്പെടുന്ന രേഖകൾ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. പരിഷ്കരിച്ച പതിപ്പ് 15/10/1987 അച്ചടിച്ച് പ്രസിദ്ധീകരിക്കുകയും,അത് പൊതു വിദ്യാഭ്യാസ വകുപ്പിലേക്കും സർക്കാരിലേക്കും സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്.

ഇങ്ങനെ പുതുക്കിയ PGTA ഭരണഘടനയിലെ Article-I.ലെ Section I.Name; Section 2.Origin; Section 3.Constitution; Section 4 Govt. Recognition സംബന്ധിച്ചുള്ള പുതിയ കൂട്ടിച്ചേർക്കലുകൾ(Additions) ആണ്. ഇതിൻറെ കവർ പേജ് കളർ ആക്കി 15/2/2009 ൽ Re Print ചെയ്ത് പുന.പ്രസിദ്ധീകരിച്ചിട്ടുണ്ട്.അത് പൊതു വിദ്യാഭ്യാസ വകുപ്പിലേക്കും സർക്കാരിലേക്കും സമർപ്പിക്കുകയും .ചെയ്തിട്ടുള്ളതാണ്. ശ്രീ APM മുഹമ്മദ് ഹനീഷ് IAS ബഹു. DPI ആയിരുന്ന കാലഘട്ടത്തിൽ അംഗീകൃത അധ്യാപക സംഘടനകളുടെ പട്ടിക ഉണ്ടാക്കുന്നതിന് വേണ്ടി, സംഘടനകളുടെ Letter Head ൽ ഭാരവാഹികളുടെ പേരു വിവരവും ,ഭരണഘടന/ബൈലോയുടെ copy, അംഗീകാരം ലഭിച്ച G.O. യുടെ copy, നൽകുവാൻ ആവശ്യപ്പെടുകയും തദവസരത്തിൽ PGTA Kerala ജനറൽ സെക്രട്ടറിയായിരുന്ന സിബി ആൻറണി അത് സമർപ്പിച്ചിട്ടുള്ളതാണ്. ഈ രേഖകളുടെ അടിസ്ഥാനത്തിലാണ് DPI (H) സെക്ഷനിൽ അംഗീകൃത അധ്യാപകരുടെ അധ്യാപക സംഘടന ഭാരവാഹികളുടെ ലിസ്റ്റ് അന്ന് ഉണ്ടാക്കുകയും,അത് അന്ന് DPI-H സെക്ഷനിൽ ലഭ്യമായതും ആണ്.



Generated from eOffice by SREERAJ S K, ASO (JR1) G.EDN, ASO (JR1) G.EDN, General Education on 17/09/2025 06:26 PM

കൂടാതെ സംഘടനാ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതിനാൽ PGTA Kerala യിൽ നിന്ന് പുറത്താവുകയും,മറ്റൊരു സംഘടനയിൽ ചേരുകയും ചെയ്ത K.R ജയകുമാർ എന്ന മുൻ ജനറൽ സെക്രട്ടറി ,PGTAKerala മറ്റൊരു സംഘടനയിൽ ലയിച്ചു എന്ന് വസ്തുതാ വിരുദ്ധവും, അടിസ്ഥാനരഹിതവുമായി ആരോപിക്കുകയും,അങ്ങനെ ലയിച്ചതിനാൽ PGTA KERALA യുടെ നിലവിലുള്ള സർക്കാർ അംഗീകാരം റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിലേക്കും വിദ്യാഭ്യാസ വകുപ്പിലേക്കും പരാതി നൽകുകയും ചെയ്തു. ഇതിനെ തുടർന്ന് ബഹു പൊതു വിദ്യാഭ്യാസഡയറക്ടർ പി ജി ടി എ ഭാരവാഹികളെ സംഘടന നേതാക്കളുടെ യോഗങ്ങളിലേക്ക് ക്ഷണിക്കുന്നത് താൽക്കാലികമായി നിർത്തിവയ്ക്കുകയുണ്ടായി. പിന്നീട് 23/3/2012 ൽ ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രിയെ നേരിൽകണ്ട് PGTA ഭാരവാഹികൾ വസ്തുതകൾ ബോധിപ്പിക്കുകയും പരാതി നൽകുകയും ചെയ്തു. പ്രസ്തുത പരാതി സർക്കാർ പുറത്തെഴുത്ത് നമ്പർ-62/2012/M.Edn.Dated 22/3/12 നമ്പറായി.... പുതിയ ഒരു സംഘടനയുടെ അംഗീകാരമല്ല ഉദ്ദേശിക്കുന്നത് നേരത്തെ അംഗീകാരം ഉണ്ടായ സംഘടന പിളർന്നതിനുശേഷം വീണ്ടും ഒന്നായി തീർന്ന സാഹചര്യത്തിൽ സംഘടനയ്ക്ക് നേരത്തെ ഉണ്ടായിരുന്ന അംഗീകാരം തിരിച്ചു നൽകുകയാണ് വേണ്ടത് .പരിശോധിച്ച് ഇതോടൊന്നിച്ചുള്ള നിവേദനങ്ങൾ സഹിതം റിപ്പോർട്ട് സമർപ്പിക്കുക..എന്ന നിർദ്ദേശത്തോടുകൂടി ബഹു DPI നൽകുകയുണ്ടായി തുടർന്ന് ബഹു. DPI നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഹു. കേരള സർക്കാർ No- 75489 /J3/11/ പൊ.വി.വ. തീയതി 4/4/2013 ഉത്തരവ് വഴി പി.ജി.ടി.എ കേരള എന്ന സംഘടനയ്ക്ക് നിലവിലുള്ള അംഗീകാരം തുടരാവുന്നതാണ് എന്ന് ഉത്തരവായിട്ടുണ്ട്.

6) എല്ലാ വാർഷികസമ്മേളനത്തിനു ശേഷവും സമ്മേളനം അംഗീകരിച്ച വാർഷിക റിപ്പോർട്ട്, പ്രമേയങ്ങളും ആവശ്യങ്ങളും, തെരഞ്ഞെടുക്കപ്പെട്ട പുതിയ സംസ്ഥാന ഭാരവാഹികളുടെയും, സ്റ്റേറ്റ് കൗൺസിൽ അംഗങ്ങളുടെയും പേരുവിവരം,പത്രവാർത്തകൾ എന്നിവ സർക്കാരിലേക്കും, പൊതു വിദ്യാഭ്യാസ വകുപ്പിലേക്കും കൃത്യമായി PGTA Kerala സമർപ്പിക്കാറുണ്ട് എന്ന വസ്തുത അങ്ങേയ്ക്ക് പരിശോധിച്ചാൽ വ്യക്തമാകുന്നത്. സമ്മേളനങ്ങളോട് അനുബന്ധിച്ച് പുറത്തിറക്കാനുള്ള സംഘടനയുടെ വാർഷിക പതിപ്പായ The Graduate 2024 പേജ് 86-108 ഉത്ഭവവും മുതൽ ഇന്നുവരെ നടന്നിട്ടുള്ള 64 വാർഷിക സമ്മേളനങ്ങളും നടന്നതീയതിയും,സ്ഥലവും,പുതിയതായി തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാന പ്രസിഡണ്ട് ,ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവരുടെ പേര് വിവരവും അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ളത് അങ്ങയുടെ പരിശോധനയ്ക്കായി സമർപ്പിക്കുന്നു. കൂടാതെ ഇത്തരം വാർഷിക പതിപ്പുകളിൽ അതാത് കാലത്തെ വാർഷിക റിപ്പോർട്ട്,സമ്മേളനം അംഗീകരിച്ച പ്രമേയങ്ങൾ ആവശ്യങ്ങൾ,സമ്മേളന റിപ്പോർട്ട്,പുതുതായി തെരഞ്ഞെടുക്കപ്പെട്ട സ്റ്റേറ്റ് കൗൺസിൽ അംഗങ്ങളുടെ ഫോട്ടോകൾ സഹിതം അച്ചടിച്ച് വിതരണം ചെയ്തിട്ടുള്ളതാണ് .

7) Inclusive Membership: Nursery മുതൽ Higher Secondary വരെയുള്ള മുഴുവൻ വിഭാഗങ്ങളിലെ അധ്യാപകരും PGTA Kerala-യുടെ അംഗങ്ങളാണ്.

8)Service Character: സംഘടന ഒരു Service Organization മാത്രമാണ്. സർക്കാർ വഴിയോ പൊതുജനങ്ങളിലൂടെയോ യാതൊരു സാമ്പത്തിക സഹായവും സ്വീകരിക്കുന്നില്ല. സംഘടനയുടെ പ്രവർത്തനം മുഴുവനും സ്വമേധായാണ്.

9) Legal Standing: സർക്കാർ ഉത്തരവിലൂടെ അംഗീകാരം ലഭിച്ചിരിക്കുന്ന സംഘടനയായതിനാൽ, വീണ്ടും referendum/verification നടത്തുന്നത് അനാവശ്യവും അന്യായവും ആണ്.

അതിനാൽ,PGTA Kerala-യെ വീണ്ടും referendum/verification വിധേയമാക്കാതെ, ഇതിനകം തന്നെ G.O (MS) 172/71.School Education.Dated 04/12/1971 പ്രകാരം ലഭിച്ച Government അംഗീകാരം തുടരണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

PGTA കേരള സംസ്ഥാന കമ്മിറ്റിക്ക് വേണ്ടി

വിശ്വസ്തതയോടെ

PRIVATE SCHOOL GRADUATE TEACHERS ASSOCIATION KERALA
STATE COMMITTEE

| President | General Secretary | Treasurer |
|---|---|---|
| Siby Antony | Sudheer Chandran | Shafeer K |


P. G. T. A. State Committee Office: St. Sebastian's HSS Campus, Kadanad P. O., Kottayam DT, Pin: 686653
File No. [illegible]
Generated from eOffice by SREERAJ S K, ASO (JR1) G.EDN, ASO (JR1) G.EDN, General Education on 17/09/2025 06:26 PM

# K G P S H A

**Kerala Government Primary School Headmasters' Association**

(Recognized as per G.O.(MS) 58/73 PD. Dated 21-02-1973 Code No. 163/73)

e-mail: kgpshakerala@gmail.com

## KERALA STATE COMMITTEE

**President**
**BIJU THOMAS**
GTLP School Attathode
Pathanamthitta
Mob: 9447037688

**General Secretary**
**ISMAYIL E.T.K.**
GFLP School, Madakkara
Kannookkara P.O.
Kozhikode, PIN : 673102
Mob: 9946000186

**Treasurer**
**SHEEBA. K. MATHEW**
GLPS Karad
Karad Paramba P.O.
Malappuram Dist.
Ph. 9061224206

**Vice Presidents**
**AYYACHAMY P.**
GTLPS Chempakathozhu,
Suriyanelli - 685618
Idukki.
Ph: 9443855921

**BABY K B**
GMLPS Thiruvathra
Chavakkad
Ph: 94955624973

**MUHAMMEDALI CHALIYAN**
GUPS Bheemanad
Palakkad
Ph: 9447239426

**Secretaries**
**SHINE S.S.**
GLPBS Kurakkanni
Varkkala
Thiruvananthapuram
Mob: 9447342489

**SIBY ANTONY**
GLPS Eloor
Ernakulam
Mob: 9746995808

**SREEJITH R.**
GUPS Thottumukkom
Mukkom, Kozhikode
Mob : 9746701462

(1)

19.08.2025
തിരുവനന്തപുരം

പ്രേഷിതൻ
ജനറൽ സെക്രട്ടറി

സ്വീകർത്താവ്
പ്രിൻസിപ്പൽ സെക്രട്ടറി
പൊതുവിദ്യാഭ്യാസവകുപ്പ്

സർ,

വിഷയം: 23.07.2025 ലെ അങ്ങയുടെ കാര്യാലയത്തിൽ നിന്നുള്ള J.R. 1/526/2023 നമ്പർ കത്ത്

മേൽ സൂചന കത്ത് അനുസരിച്ച് വകുപ്പ് തലത്തിലെ സംഘടനകളുടെ ഹിതപരിശോധന നടത്തുന്നതിന് മുന്നോടിയായി വരുത്തുന്ന K.E.R പരിഷ്കരണത്തിൽ 1960ലെ KGSC ചട്ടം 77,78 ചട്ടങ്ങൾ പ്രകാരം അംഗീകാരം നേടിയ KGPSHAയെ ഉൾപ്പെടെ KER പരിധിയിൽ കൊണ്ടുവരാനുള്ള നീക്കം അപ്രായോഗികമാണെന്നും ഇതിൽനിന്ന് പിന്തിരിയണമെന്നും KGPSHA ആവശ്യപ്പെടുന്നു. KER അധ്യായം XIVC ചട്ടം 50,51 അനുസരിച്ച് പ്രധമാധ്യാപകർ, അധ്യാപകർ, ഭാഷാധ്യാപകർ, സ്പെഷ്യലിസ്റ്റ് ടീച്ചേഴ്സ് എന്നിങ്ങനെ തരംതിരിച്ചുള്ള അധ്യാപക സംഘടനകൾക്ക് അംഗീകാരം [illegible] എന്നും KER ലേയോ KGSC ചട്ടങ്ങളുടെയോ പരിധിയിൽ ഒതുങ്ങി നിൽക്കാതെ പ്രവർത്തിക്കുന്ന

# K G P S H A

**Kerala Government Primary School Headmasters' Association**

(Recognized as per G.O.(MS) 58/73 PD. Dated 21-02-1973 Code No. 163/73)

e-mail: kgpshakerala@gmail.com

## KERALA STATE COMMITTEE

(2)


**President**
BIJU THOMAS
GTLP School Attathode
Pathanamthitta
Mob: 9447037688

**General Secretary**
ISMAYIL E.T.K.
GFLP School, Madakkara
Kannookkara P.O.
Kozhikode, PIN : 673102
Mob: 9946000186

**Treasurer**
SHEEBA. K. MATHEW
GLPS Karad
Karad Paramba P.O.
Malappuram Dist.
Ph. 9061224206

**Vice Presidents**
AYYACHAMY P.
GTLPS Chempakathozhu,
Suriyanelli - 685618
Idukki.
Ph: 9443855921

BABY K B
GMLPS Thiruvathra
Chavakkad
Ph: 94955624973

MUHAMMEDALI CHALIYAN
GUPS Bheemanad
Palakkad
Ph: 9447239426

**Secretaries**
SHINE S.S.
GLPBS Kurakkanni
Varkkala
Thiruvananthapuram
Mob: 9447342489

SIBY ANTONY
GLPS Eloor
Ernakulam
Mob: 9746995808

SREEJITH R.
GUPS Thottumukkom
Mukkom, Kozhikode
Mob : 9746701462


സംഘടനകളുടെ പ്രവർത്തനം ഭാഗികമായി വരുന്നത് നിയന്ത്രിക്കാൻ നടപടി കൈക്കൊള്ളണമെന്നും വിദ്യാഭ്യാസ ഓഫീസർമാർ KER ന്റെ പരിധിയിൽ വരാത്തതിനാൽ അവർക്ക് അധ്യാപക സംഘടനകൾ അംഗത്വം നൽകുന്നത് ഒഴിവാക്കാൻ നടപടി വേണമെന്നും ആവശ്യപ്പെടുന്നു.

(signature)

ഇ.ടി.കെ. ഇസ്മയിൽ
(ജനറൽ സെക്രട്ടറി)

അഖിലകേരള
**പൗരസ്ത്യ ഭാഷാദ്ധ്യാപക സംഘടന (പി. ബി. എസ്)**
अखिलकेरल पौरस्त्य भाषाध्यापक संघ
ALL KERALA (PRIVATE SCHOOL) ORIENTAL LANGUAGE TEACHERS ASSOCIATION
അംഗീകൃതം (G.O.M.S) 372 / 1-10-1969
കേന്ദ്രകാര്യാലയം: നാഗമ്പടം, കോട്ടയം - 686 006
ഫോൺ : 82817 35742 ഇ-മെയിൽ: pbsacademic@gmail.com

സംസ്ഥാന പ്രസിഡന്റ്
കെ. ദിനേഷ്കുമാർ
ജനത എച്ച്.എസ്.എസ് തേമ്പാംമൂട്
പുല്ലംപാറ പി.ഒ, വെഞ്ഞാറമൂട്,
തിരുവനന്തപുരം
ഫോൺ : 9495059933

ജനറൽ സെക്രട്ടറി
ഡോ.പി.ആർ.രാമചന്ദ്രൻ
എസ്.ആർ.കെ.ജി.വി.എം.എച്ച്.എസ്.എസ്,
പുറനാട്ടുകര, തൃശൂർ.
ഫോൺ : 9446141905, 8281735742
ഇ-മെയിൽ: ramu100menon100@gmail.com

ഖജാൻജി
ഫ്രാൻസീസ് ടി ആന്റണി
എച്ച്.എസ്.എസ്. അരിമ്പൂർ
അരിമ്പൂർ, തൃശൂർ
ഫോൺ : 9847105044

തിയ്യതി: ...........................

**സർക്കാർ അംഗീകൃത അദ്ധ്യാപക സംഘടനകളെ നിയന്ത്രിക്കുന്നതിനു വേണ്ടി 19. 08.2025 നു പൊതു വിദ്യാഭ്യാസ സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ അഖിലകേരള പൗരസ്ത്യ ഭാഷാദ്ധ്യാപക സംഘടന (പി ബി എസ്) ഈ വിഷയത്തിലുള്ള വിയോജനക്കുറിപ്പ് പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് സമർപ്പിക്കുന്നു.**

കേരള സംസ്ഥാനം രൂപീകൃതമാകുന്നതിന് മുമ്പുതന്നെ അധ്യാപക മേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഭാഷാധ്യാപക കൂട്ടായ്മയാണ് പിന്നീട് അഖിലകേരള പൗരസ്ത്യ ഭാഷാദ്ധ്യാപക സംഘടന (പി ബി എസ്) എന്ന പേരിൽ രൂപം കൊണ്ടത്. ഈ ഭാഷാധ്യാപക സംഘടനയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് 77 വർഷം പൂർത്തിയായിരിക്കുന്നു. കേരള സംസ്ഥാനം രൂപീകൃതമായതിനു ശേഷം കെ ഇ ആർ നിയമപ്രകാരം 1969 ൽ പൊതുവിദ്യാഭ്യാസ സെക്രട്ടറി അഖിലകേരള പൗരസ്ത്യ ഭാഷാധ്യാപക സംഘടനയ്ക്ക് അംഗീകാരം നൽകി. **(G. O. M. S)372/1.10.1969)** ഇപ്പോൾ സംഘടനയ്ക്ക് അംഗീകാരം ലഭിച്ച് **56** വർഷം പിന്നിട്ടിരിക്കുന്നു. കേരളത്തിലെ എയ്ഡഡ് സ്കൂളുകളിൽ യു പി, ഹൈസ്കൂൾ, ഹയർസെക്കൻഡറി, പ്രൈമറി ടീച്ചർ ട്രെയിനിങ് സെന്റർ തുടങ്ങിയവയിലെ മലയാളം, ഹിന്ദി, സംസ്കൃതം ഭാഷകൾ പഠിപ്പിക്കുന്ന അധ്യാപകരുടെ അംഗീകൃത സംഘടനയാണ് അഖിലകേരള പൗരസ്ത്യ ഭാഷാധ്യാപക സംഘടന. ഭാഷാധ്യാപക സമൂഹം ഒരുകാലത്ത് നേരിടേണ്ടി വന്ന അവഗണനയിൽ നിന്നും തുല്യതയില്ലായ്മയിൽ നിന്നും ഉണർന്നെഴുന്നേറ്റതിന്റെ ഫലമായാണ് ഈ സംഘടന രൂപം കൊണ്ടത്. കെ ഇ ആർ നിയമത്തിൽ ഭാഷാധ്യാപക സംഘടനകളുടെ അംഗീകാരത്തെ വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്. ഒരു സംഘടനയ്ക്ക് വേണ്ട എല്ലാ ഘടകങ്ങളും ഉണ്ടെന്ന് പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് അന്ന് സംഘടനയ്ക്ക് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഭാഷാധ്യാപക സമൂഹം ഇന്നും നിരവധി പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നുണ്ട്. അത്തരം സന്ദർഭങ്ങളിൽ സംഘടന കൃത്യമായ ഇടപെടലുകൾ നടത്തി പരിഹാരം കാണുന്നു. ഭാഷാധ്യാപകരുടെ പ്രശ്നങ്ങൾ കൃത്യമായി മനസ്സിലാക്കി

ഈ കാര്യങ്ങൾ അതുമായി ബന്ധപ്പെട്ടവരെ ബോധ്യപ്പെടുത്തി അതിനു പരിഹാരം കാണാൻ ഇന്നും ഭാഷാധ്യാപക സംഘടനയായ പി ബി എസിന് മാത്രമേ സാധിക്കുകയുള്ളൂ. കാരണം ഈ കാറ്റഗറിയിലുള്ള അധ്യാപകരുടെ സംഘടനയാണ് പി ബി എസ്. പൊതുസംഘടനയിലൂടെ ഇത്തരം അധ്യാപകരുടെ പ്രശ്നങ്ങളെ പരിഹരിക്കുവാൻ യാതൊരു കാരണവശാലും സാധ്യമല്ല. അവർക്ക് കാര്യങ്ങളെ പൊതുവായി നോക്കി കാണുവാൻ മാത്രമേ സാധിക്കു. അതിനാൽ ഭാഷാധ്യാപകരുടെ സംഘടനയായ പി ബി എസ് ഈ വിഭാഗം അധ്യാപകർക്ക് വേണ്ടി നിലനിൽക്കേണ്ടത് അനിവാര്യമാണ്. അധ്യാപകരുടെ കാര്യങ്ങളിൽ മാത്രമല്ല വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ മുന്നേറ്റത്തിനും സംഘടന സർക്കാരിന്റെ അംഗീകാരത്തോടെ വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

ഇന്ന് കേരളത്തിൽ 42 അംഗീകൃത അധ്യാപക സംഘടനകൾ ഉണ്ട്. ഈ സംഘടനകൾ അധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനപ്പുറത്ത് വിദ്യാർത്ഥികളുടെ ക്ഷേമ കാര്യങ്ങൾക്ക് ശക്തമായ പിന്തുണ നൽകുന്നു. സ്കൂൾതലം മുതൽ സംസ്ഥാനതലം വരെ നടക്കുന്ന വിവിധ കലാമേളകൾ, കായികമേളകൾ, പ്രവർത്തിപരിചയമേളകൾ തുടങ്ങി നിരവധി കാര്യങ്ങൾ ഉത്തരവാദിത്വത്തോടും ഭംഗിയായും നടത്തിക്കൊണ്ടുപോകാൻ പ്രത്യേകം ശ്രദ്ധിക്കുന്നു. പൊതു സംഘടനകൾ അധ്യാപക മേഖലയിൽ വളരെ കുറവാണ് ഉള്ളത്. മാത്രമല്ല അധ്യാപക മേഖലയിൽ പൊതുസംഘടനയ്ക്ക് യാതൊരു പ്രസക്തിയും ഇല്ല. മറ്റ് തൊഴിൽ മേഖല പോലെയല്ല അധ്യാപക മേഖല. ഇവിടെ കാറ്റഗറിക്കൽ സംഘടനകൾക്കാണ് പ്രാധാന്യം. അല്ലാതെ പൊതുസംഘടനകൾക്ക് അല്ല. ഓരോ വിഭാഗം അധ്യാപകരുടെയും പ്രശ്നങ്ങൾ വ്യത്യസ്തമാണ്. അത് കൃത്യമായി മനസ്സിലാക്കി പ്രവർത്തിക്കുകയും പരിഹാരം കണ്ടെത്തുകയും ചെയ്യുവാൻ അവർക്ക് മാത്രമേ സാധിക്കുകയുള്ളൂ. പൊതു സംഘടന ആണെങ്കിൽ പൊതുവായ കാര്യങ്ങളിൽ മാത്രമേ അവർക്ക് തീരുമാനം കൈക്കൊള്ളുവാൻ സാധിക്കു. ഓരോ കാറ്റഗറിയെയും സംരക്ഷിക്കുവാൻ അവർക്ക് കഴിയില്ല. ആയതിനാൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിനും അധ്യാപകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും കാറ്റഗറിക്കൽ സംഘടനകളെ മാത്രം നിലനിർത്തുക.

അഖിലകേരള പൗരസ്ത്യ ഭാഷാധ്യാപക സംഘടന(പി ബി എസ്) കെ ഇ ആർ വ്യവസ്ഥയനുസരിച്ച് യാതൊരു വിധത്തിലും രാഷ്ട്രീയ പിൻബലം ഇല്ലാതെ പ്രവർത്തിക്കുന്ന ഭാഷാധ്യാപക സംഘടനയാണ്. ഇന്നും നിരവധി പ്രശ്നങ്ങൾ ഈ വിഭാഗം അധ്യാപകർ നേരിട്ടുകൊണ്ടിരിക്കുന്നു. വിവിധങ്ങളായ പ്രശ്നങ്ങൾ ബന്ധപ്പെട്ട അധികാരികളെ ബോധ്യപ്പെടുത്തി അതിന് പരിഹാരം കണ്ടെത്തുവാൻ ഈ സംഘടനയ്ക്ക് മാത്രമേ സാധിക്കുകയുള്ളൂ. കേരള വിദ്യാഭ്യാസ ചട്ട പ്രകാരം രാഷ്ട്രീയ പിൻബലത്തോടുകൂടിയുള്ള സംഘടനകൾ പ്രവർത്തിക്കാൻ പാടില്ല എന്നുണ്ട്. അതിനാൽ

തന്നെ ആ നിയമം വ്യക്തമായി പാലിച്ചുകൊണ്ടാണ് സംഘടന മുന്നോട്ട് പോകുന്നത്. ഇവിടെ പ്രവർത്തിക്കുന്ന സംഘടനകൾ പൊതു സംഘടനകൾ ആണെങ്കിലും കാറ്റഗറിക്കൽ സംഘടനകൾ ആണെങ്കിലും രാഷ്ട്രീയ പിൻബലം ഇല്ലാതെയാണ് മുന്നോട്ടുപോകുന്നത് എന്ന് തിരിച്ചറിയേണ്ടതുണ്ട്. രാഷ്ട്രീയ പിൻബലമുള്ള സംഘടനകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വന്നാൽ അത്തരം സംഘടനകളെയാണ് നിയന്ത്രിക്കേണ്ടത്. കാരണം അധ്യാപകർക്കിടയിൽ രാഷ്ട്രീയ സംഘടനകൾ ഉണ്ടാകരുത് എന്നുള്ള ചട്ടം നിലനിൽക്കുന്നു.

വിദ്യാലയ ഏകീകരണത്തിന്റെ പേര് പറഞ്ഞ് അംഗീകൃത അധ്യാപക സംഘടനകളുടെ അംഗീകാരം നഷ്ടപ്പെടുത്തുന്നതിന് വേണ്ടി കെ ഇ ആറിൽ മാറ്റം വരുത്തി ഹിത പരിശോധന നടത്തുവാനാണ് പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ ഭാഗത്ത് നിന്നുള്ള നീക്കം. ഇത് കോടതിയുടെ നിർദ്ദേശപ്രകാരമാണ് എന്ന് പറയുന്നതിൽ അടിസ്ഥാനമില്ല. പൊതുസംഘടനകൾ മതിയെന്നും കാറ്റഗറിക്കൽ സംഘടനകൾ വേണ്ട എന്നും കോടതി പറഞ്ഞിട്ടില്ല. ഇപ്പോൾ നിലനിൽക്കുന്ന അധ്യാപക സംഘടനകളെ നിലനിർത്തുകയും ഇനി അധ്യാപക സംഘടനകൾക്ക് അംഗീകാരം നൽകാതിരിക്കുകയും ചെയ്യുന്നതാണ് ഉചിതം. ഹിതപരിശോധന നടത്തുന്നു എന്ന പേര് പറഞ്ഞ് മറ്റ് സംഘടനകൾക്ക് അംഗീകാരം നൽകുവാനുള്ള ശ്രമമല്ലെ ഇതിന് പിന്നിൽ എന്ന് പോലും സംശയിക്കേണ്ടിയിരിക്കുന്നു. ആയതിനാൽ ഇനിയെങ്കിലും പുതിയ അധ്യാപക സംഘടനകൾക്ക് അംഗീകാരം നൽകാതിരിക്കുവാനാണ് സർക്കാർതലത്തിൽ നിന്ന് തീരുമാനം ഉണ്ടാകേണ്ടത്. ഗവൺമെന്റ്, എയ്ഡഡ് മേഖലകളിലെ അധ്യാപകർ ഒന്നിച്ചു നിൽക്കുന്ന സംഘടനകൾ മതിയെന്ന് പറയുന്നത് കേരള വിദ്യാഭ്യാസ ചട്ടത്തിനു വിരുദ്ധമാണ്. കാരണം രണ്ടും രണ്ട് ഇടങ്ങളാണ്. സർക്കാർ- എയ്ഡഡ് മേഖലകൾ ഒന്നിച്ച് നിലനിർത്തിക്കൊണ്ടു പോകുവാൻ സാധിക്കുകയില്ല എന്നും കെ ഇ ആർ വ്യക്തമാക്കുന്നു. അപ്പോൾ കെ ഇ ആർ ഭേദഗതി ചെയ്തു ഈ വിഭാഗത്തെ ഒന്നിച്ച് കൊണ്ടുപോകാം എന്ന് പറയുന്നതിൽ തന്നെ എന്തോ അപകടം ഉള്ളതുപോലെയാണ് തോന്നുന്നത്. അതിനാൽ നിലനിൽക്കുന്ന അധ്യാപക സംഘടനകളെ നിലനിർത്തിക്കൊണ്ട് പോകാനുള്ള ശ്രമമാണ് സർക്കാർ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടത്. 42 അധ്യാപക അംഗീകൃത സംഘടനകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ടെങ്കിൽ സർക്കാരിനു എന്ത് സാമ്പത്തിക പ്രതിസന്ധിയാണ് ഉണ്ടാക്കുന്നത്. അല്ലെങ്കിൽ മറ്റെന്ത് പ്രശ്നങ്ങളാണ് ഉള്ളത്. ഈ സംഘടനകൾ നിലനിൽക്കുന്നത് കൊണ്ടല്ലേ വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾ എല്ലാം വളരെ ഭംഗിയായി നടക്കുന്നത്. അതിനാൽ ഹിതപരിശോധന എന്ന തലത്തിലേക്ക് പോകാതിരിക്കുകയായിരിക്കും ഉചിതം. മറ്റൊരു തരത്തിൽ ചിന്തിച്ചാൽ എന്തിനാണ് പൊതുസംഘടനകൾ. അധ്യാപകർക്ക് ഒരു സംഘടന മാത്രമല്ലേ ആവശ്യമായിട്ടുള്ളു. അല്ലാതെ പൊതുസംഘടനകൾ ഒന്നിൽ കൂടുതൽ ആവശ്യമില്ല. അവിടെ ഹിത

പരിശോധനയുടെയും പ്രസക്തിയില്ല. അധ്യാപകർക്ക് ഒരു സംഘടന മാത്രമാക്കി തീർക്കുക. അതിന് പറ്റുന്നില്ലെങ്കിൽ ഇപ്പോൾ നിലനിൽക്കുന്ന രീതിയിൽ സംഘടനകളെ നിലനിർത്തുക. പുതിയ സംഘടനകൾക്ക് അംഗീകാരം നൽകാതിരിക്കുക.

**ഹിത പരിശോധനയുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസ സെക്രട്ടറിയുടെ യോഗത്തിൽ പി ബി എസ് നൽകുന്ന നിർദ്ദേശങ്ങൾ.**

1. അഖില കേരള പൗരസ്ത്യ ഭാഷാധ്യാപക സംഘടന (പി ബി എസ്) കേരളത്തിൽ ഇന്നുള്ള സംഘടനകളിൽ ഏറെ പഴക്കമേറിയ സംഘടനയാണ്. **77** വർഷം പിന്നിട്ട സംഘടനയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ട് **56** വർഷം പൂർത്തീകരിച്ചിരിക്കുന്നു. **(G.O. M. S)372/01.10 1969** ഉത്തരവ് പ്രകാരം സംഘടന സർക്കാർ അംഗീകാരത്തോടെ പ്രവർത്തിക്കുന്നു. കെ ഇ ആർ റൂൾ പ്രകാരമുള്ള ഭാഷാധ്യാപക സംഘടനയാണ് പി ബി എസ്.
2. സർക്കാർ അംഗീകരിച്ച പി ബി എസിന്റെ നിയമാവലി അനുസരിച്ച് കേരളത്തിലെ എയ്ഡഡ് മേഖലയിലെ യു പി വിഭാഗം മലയാളം, ഹിന്ദി, സംസ്കൃതം അധ്യാപകർ, ഹൈസ്കൂൾ വിഭാഗം മലയാളം, ഹിന്ദി, സംസ്കൃതം അധ്യാപകർ, പ്രൈമറി അധ്യാപക പരിശീലന കേന്ദ്രത്തിലെ മലയാളം ഹിന്ദി,സംസ്കൃതം അധ്യാപകർ എന്നിവരാണ് സംഘടനയുടെ അംഗങ്ങൾ. എന്നാൽ **1998** ലാണ് ഹയർസെക്കൻഡറി വിഭാഗം പൊതുവായി നിലവിൽ വന്നത്. ആയതിനാൽ ഈ വിഭാഗത്തിലെ മലയാളം, ഹിന്ദി, സംസ്കൃതം അധ്യാപകരും പി ബി എസ് അംഗങ്ങളാണ്. നിയമാവലി പൊതുവിദ്യാഭ്യാസ സെക്രട്ടറി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ വിഭാഗം ഭാഷാധ്യാപകർക്ക് മറ്റൊരു സംഘടനയിലും പ്രവർത്തിക്കാൻ സാധിക്കുകയില്ല. കാരണം ഈ വിഭാഗം അധ്യാപകർക്കായി നിലനിൽക്കുന്ന സംഘടനയാണിത്. അതിനാൽ ഈ വിഭാഗം അധ്യാപകർ ഈ സംഘടനയിൽ ശക്തമായി നിന്ന് പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഈ വിഭാഗം അധ്യാപകർ മറ്റ് സംഘടനയിലേക്ക് പോകുവാൻ അധ്യാപകർക്ക് രാഷ്ട്രീയ സംഘടനകൾ ഇല്ല. മാത്രമല്ല ഹിതപരിശോധന നടത്തുകയാണെങ്കിൽ ഈ വിഭാഗം അധ്യാപകർക്ക് മറ്റൊരു സംഘടനയിൽ പ്രവർത്തിക്കാനോ അവരുടെ കൂടെ നിൽക്കുവാനോ കഴിയില്ല. ഇവർ പി ബി എസ് അംഗങ്ങളാണ്.
3. പി ബി എസ് എയ്ഡഡ് മേഖലയിലെ അധ്യാപകരുടെ സംഘടനയാണ്. മലയാളത്തിനും ഹിന്ദിക്കും സർക്കാർ മേഖലയിൽ അധ്യാപക സംഘടനകൾ ഇല്ല. സർക്കാർ വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന മലയാളം, ഹിന്ദി അധ്യാപകർക്ക് വേണ്ടി പുതിയ സംഘടനകൾ വരുന്നതിൽ പി ബി എസിന് യാതൊരു തർക്കവുമില്ല. എന്നാൽ എയ്ഡഡ് മേഖലയിൽ മലയാളത്തിനും ഹിന്ദിക്കും അംഗീകാരം നൽകരുത്. അതിനുള്ള

ശ്രമം ഉണ്ടായാൽ തീർച്ചയായും സംഘടന നിയമപരമായി അതിനെ നേരിടുന്നതാണ്. ഇനി സർക്കാർ, എയ്ഡഡ് മേഖലകളിൽ ഒന്നിച്ച് മലയാളത്തിനും ഹിന്ദിക്കും അംഗീകാരം നൽകരുത്. കാരണം എയ്ഡഡ് മേഖലയിൽ ഈ വിഷയങ്ങൾക്ക് പി ബി എസ് എന്ന സംഘടന ഉണ്ട്. എന്നാൽ സർക്കാർതലത്തിൽ മലയാളത്തിനും ഹിന്ദിക്കും അംഗീകാരം നൽകുന്നതിനോട് യാതൊരു വിയോജിപ്പും സംഘടനയ്ക്ക് ഇല്ല.

പൊതുവിദ്യാഭ്യാസ മേഖലയിൽ വളരെ ശക്തമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചു കൊണ്ടാണ് **42** അംഗീകൃത അധ്യാപക സംഘടനകളും മുന്നോട്ട് പോകുന്നത്. അവിടെ ഒരു ഹിതപരിശോധന നടത്തി പൊതുവിദ്യാഭ്യാസ മേഖലയെ തകർക്കുവാനുള്ള ശ്രമം നടത്തരുത്. ഇവിടെ പൊതു സംഘടനയ്ക്ക് അപ്പുറത്ത് കാറ്റഗറിക്കൽ സംഘടനകൾ ആണ് നിലനിൽക്കേണ്ടത്. വിദ്യാഭ്യാസ ചട്ട പ്രകാരം സർക്കാർ -എയ്ഡഡ് മേഖലകൾ രണ്ടായി തന്നെ നിലനിൽക്കേണ്ടതുണ്ട്. അതിനാൽ ഈ വിഭാഗം സംഘടനകൾ നിലനിന്നെ മതിയാവൂ. പൊതു സംഘടനകൾ മാത്രം നിലനിന്നാൽ അത് ഏറെ അപകടകരമായിരിക്കും പൊതുവിദ്യാഭ്യാസ മേഖലയ്ക്ക്. കെ ഇ ആർ നിഷ്കർഷിക്കുന്നത് പോലെ അധ്യാപക സംഘടനകൾക്ക് രാഷ്ട്രീയം പാടുള്ളതല്ല. അത്തരം സംഘടനകൾ ഉണ്ടെങ്കിൽ അവരുടെ അംഗീകാരം റദ്ദാക്കേണ്ടത് അനിവാര്യമാണ്. പി ബി എസ് **77** വർഷമായി രാഷ്ട്രീയമില്ലാതെ പ്രവർത്തിക്കുന്നു. ആയതിനാൽ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് ശക്തമായ പിന്തുണ നൽകുന്ന **42** അംഗീകൃത അധ്യാപക സംഘടനകളെ നിലനിർത്തുകയും പുതിയ സംഘടനകൾക്ക് അംഗീകാരം നൽകാതിരിക്കുകയും ചെയ്യുക. അധ്യാപക സംഘടനകളെ നിയന്ത്രിക്കുന്നതിന് വേണ്ടി പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഹിത പരിശോധന സംബന്ധമായി വിളിച്ചുചേർക്കുന്ന യോഗത്തിന് അഖില കേരള പൗരസ്ത്യ ഭാഷാധ്യാപക സംഘടന (പി ബി എസ്) ശക്തമായ എതിർപ്പ് രേഖപ്പെടുത്തുന്നു. ഇതുമായി ബന്ധപ്പെട്ടുള്ള പി ബി എസിന്റെ വിയോജനക്കുറിപ്പ് സമർപ്പിക്കുന്നു.

കോട്ടയം

19.08.2025

കെ.ദിനേഷ്കുമാർ
സംസ്ഥാന പ്രസിഡന്റ്
**9495059933**

ഡോ. പി.ആർ.രാമചന്ദ്രൻ
ജനറൽ സെക്രട്ടറി
**9446141905**



File No. GE-JR1/526/2023-G.EDN (Computer No. 2565304)

Generated from eOffice by SREERAJ S K, ASO (JR1) G.EDN, ASO (JR1) G.EDN, General Education on 17/09/2025 06:26 PM

# KATF
## STATE COMMITTEE
## KERALA ARABIC TEACHER'S FEDERATION

katfkeralastate@gmail.com

**TC 29/4895(1), Chembaka Nagar, Thiruvananthapuram**

Recognized by Govt. of Kerala as per GO (MS)48/74 End dt 8-3-74, GO (MS) 207/74/PD End dt 28-8-74

President:
**M.T. SAINUL ABIDEEN**
**Mob: 99462 84665**
mtsabideen@gmail.com

General Secretary:
**MANSOOR MADAMPAT**
**Mob: 98461 97555**
mansoormadampat@gmail.com

Treasurer:
**A.P. BASHEER**
**Mob: 94477 62544**
basheerapkyd@gmail.com


**സ്വീകർത്താവ്**

**ബഹു.പൊതുവിദ്യാഭ്യാസ സെക്രട്ടറി**

**ഗവ: സെക്രട്ടറിയേറ്റ്,**

**തിരുവനന്തപുരം**

**വിഷയം: പൊതുവിദ്യാഭ്യാസം: അധ്യാപക സംഘടനകളുടെ ഹിത പരിശോധന: കേരള അറബിക് ടീച്ചേഴ്സ് ഫെഡറേഷൻ നിലപാട് സംബന്ധിച്ച്.**

**സൂചന : JR /526 /2023 / പൊ.വി. വ കത്ത് തിയ്യതി 23 /7 / 2025**

**H3 / 14667 /2025 ഡി.ജി.ഇ കത്ത് തിയ്യതി 28.7. 2025**

**സുചനകൾ പ്രകാരമുള്ള കത്തിൽ പരാമർശിച്ച, സർക്കാർ, എയ്ഡഡ് മേഖലകളിലെ അധ്യാപക സംഘടനകളുടെ ഹിത പരിശോധന നടത്തുന്നതിനായി കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി വരുത്താനുള്ള സർക്കാർ നീക്കത്തെ കേരള അറബിക് ടീച്ചേഴ്സ് ഫെഡറേഷൻ ശക്തമായി എതിർക്കുന്നു. എല്ലാ വിഭാഗം അധ്യാപക സംഘടനകളെയും ഒത്തൊരുമിച്ച് കൊണ്ടുപോയിരുന്നത് മാറ്റി ചില സംഘടനകളെ ഒഴിവാക്കാനുള്ള നീക്കം ഉപേക്ഷിക്കുകയും നിലവിലെ കെ.ഇ. ആർ ചട്ടങ്ങൾ അനുസരിച്ച് മുന്നോട്ട് പോകണമെന്ന് ആവശ്യപ്പെടുന്നു.**

**ഇതുമായി ബന്ധപ്പെട്ട് ബഹു: വിദ്യാഭ്യാസ സെക്രട്ടറി വിളിച്ചു ചേർക്കുന്ന യോഗത്തിന്റെ കുറിപ്പുകളിൽ മുന്നോട്ട് വെക്കുന്ന നിർദ്ദേശങ്ങളോട് താഴെ പറയുന്ന കാരണങ്ങളാൽ സംഘടനക്ക് യോജിക്കാൻ കഴിയില്ല.**

1. ബഹു: ഹൈക്കോടതിയുടെ 26-03-2010 ലെ വിധിന്യായത്തിൽ അധ്യാപക സംഘടനകളുടെ റഫറണ്ടം നടത്താൻ നിർദ്ദേശിച്ചിട്ട് 15 വർഷം പിന്നിട്ടു. ഇപ്പോൾ അടിയന്തരമായ ഒരു ഹിതപരിശോധന നടത്തേണ്ട സാഹചര്യം നിലവിലില്ല.

2. ബഹു: ഹൈക്കോടതി കെ.ഇ. ആർ അധ്യായം XIV C റൂൾ 51,52 ന്റെ അടിസ്ഥാനത്തിലാണ് റഫറണ്ടം നടത്താൻ നിർദ്ദേശം നൽകിയിട്ടുള്ളത്. കേരളത്തിലെ വിദ്യഭ്യാസ രംഗത്തെ സാഹചര്യങ്ങൾ വിശദമായ പഠിച്ചതിന് ശേഷമാണ് കേരള വിദ്യഭ്യാസ ചട്ടം രൂപീകരിച്ചിട്ടുള്ളത്. അതിൽ അധ്യാപക സംഘടനകളുടെ രൂപീകരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ഏതൊന്നും മാറ്റേണ്ട സാഹചര്യം നിലവിൽ ഇല്ല.

3. സർക്കാർ മേഖലയിലും, എയ്ഡഡ് മേഖലയിലും പ്രവർത്തിക്കുന്ന അധ്യാപകർ നേരിടുന്ന പ്രശ്നങ്ങൾ വ്യത്യസ്തമാണ്. എയ്ഡഡ് മേഖലയിലെ അധ്യാപക നിയമനം നടുത്തുന്നത്, സർവ്വീസ് വെരിഫിക്കേഷൻ, പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നത്,ഗ്രേഡ്, പ്രമോഷൻ, ഇൻഗ്രിമെന്റ്, തുടങ്ങിയ മുഴുവൻ സർവ്വീസ് സംബന്ധമായ കാര്യങ്ങളും തീരുമാനമെടുക്കാനുള്ള അധികാരം മാനേജറിൽ നിക്ഷിപ്തമാണ്. നിയമന അംഗീകാരം നൽകേണ്ടതും, സേവന വേതന വ്യവസ്ഥകൾ അംഗീകരിച്ച് നൽകേണ്ടതും, എയ്ഡഡ് സ്കൂൾ പ്രോവിഡന്റ് ഫണ്ട് ഉൾപ്പെടെ പാസ്സാക്കി നൽകേണ്ടതും എ.ഇ.ഒ., ഡി.ഇ. ഒ , ഡി.ഡി.ഇ തുടങ്ങിയ ഓഫീസുകളിൽ നിന്നാണ്. എന്നാൽ സർക്കാർ സ്കൂളുകളിൽ സേവനമനുഷ്ഠിക്കുന്ന അധ്യാപകരുടെ നിയമനം മുതൽ മുഴുവൻ കാര്യങ്ങളും വ്യത്യസ്തമാണ്. അത് കൊണ്ട് തന്നെ എയ്ഡഡ്, സർക്കാർ മേഖലയിലെ അധ്യാപകരുടെ പ്രശ്നങ്ങളും വ്യത്യസ്തമാണ്. കെ. ഇ ആർ പ്രകാരുള്ള കാറ്റഗറി സംഘടനകൾ നില നിൽക്കേണ്ടത് അത്യാവശ്യമാണ്.

# പൊതുവിദ്യാഭ്യാസ രംഗത്ത് നടക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും അധ്യാപക സംഘടനകളുടെ പൂർണ്ണമായ പിന്തുണയും സഹകരണവും എക്കാലത്തും നൽകിയിട്ടുണ്ട്. കേരളത്തിലെ പൊതുവിദ്യാലയങ്ങളുടെ ഇന്ന് കാണുന്ന പുരോഗതിയിൽ എല്ലാ അധ്യാപക സംഘടനകളുടെയും സംഭാവനകൾ വിസ്മരിക്കാനാവില്ല.

അധ്യാപക സംഘടനകളുടെ പ്രവർത്തനം സ്കൂളുകളുടെ പ്രവർത്തനത്തെ ദോഷകരമായി ഒരിക്കലും ബാധിക്കുന്നില്ല. കെ.ഇ. ആർ ലെ നിർദ്ദേശങ്ങൾക്ക് വിപരീതമായി എതൊരു തത്ത്വദീക്ഷയുമില്ലാതെ സംഘടനകൾക്ക് അംഗീകാരം നൽകിയ സർക്കാർ നടപടി തന്നെയാണ് നിലവിൽ സംഘടനകളുടെ ആധിക്യത്തിന് കാരണമായത്.

# എല്ലാ വിഭാഗത്തെയും പ്രതിനിധാനം ചെയ്യുന്ന സംഘടനകളെ 'മാത്രം' ഹിതപരിശോധനയിൽ ഉൾപ്പെടുത്താനുള്ള നീക്കം തികച്ചും തെറ്റാണ്. കെ.ഇ. ആർ ചട്ടങ്ങളിൽ തന്നെ ഭാഷാധ്യാപകർ, സ്പെഷ്യ ലിസ്റ്റ് അധ്യാപകർ , പ്രധാനാധ്യപകർ തുടങ്ങി കാറ്റഗറി സംഘടനകൾക്ക് പ്രത്യേകം പ്രവർത്തിക്കാനും, സർക്കാറുമായി ചർച്ചകൾ നടത്തുവാനും അനുവാദം നൽകിയതാണ്. അതിന് കാരണം ഈ വിഭാഗം അധ്യാപകരുടെ പ്രശ്നങ്ങളും, സാഹചര്യങ്ങളും വ്യതസ്തമാണ് എന്നതാണ്. കാറ്റഗറി സംഘടനകളെ ഒഴിവാക്കാനുള്ള നീക്കം പൂർണ്ണമായും തെറ്റാണ്.

4. ഭാഷാധ്യാപകരുടെയും, പ്രധാനധ്യാപകരുംടയും , സ്പെഷ്യലിസ്റ്റ് അധ്യാപകരുടെയും യോഗ്യതകളും, അവരുടെ തസ്തികകളും, അവരുടെ സർവ്വീസ് സംബന്ധമായതും, പാഠ്യ പാഠ്യേതര വിഷയങ്ങളുടെ വ്യത്യസ്തതയുമെല്ലാം മറ്റധ്യാപകരിൽ നിന്നും തീർത്തും വ്യത്യസ്തമാണ്. അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സർക്കാറിന്റെ മുന്നിൽ കൊണ്ടുവരാനും, അതിന് വേണ്ടി പ്രവർത്തിക്കാനും അവർക്ക് മാത്രമെ സാധിക്കുകയുള്ളൂ. അതിനാൽ കാറ്റഗറി സംഘടനകൾക്ക് അംഗീകാരം നൽകുന്നതല്ലെന്ന നിലപാട് അംഗീകരിക്കാൻ കഴിയില്ല. ഭാഷാധ്യപകരുടെ തസ്തിക നിർണ്ണയം, യോഗ്യത, തുടങ്ങിയവ പ്രതേക നിയമങ്ങൾക്കും, ചട്ടങ്ങൾക്കും വിധേയമായിട്ടാണ്. അതിനാൽ ഭാഷാധ്യപകരുടെ പ്രശ്നങ്ങളും വ്യത്യസ്തമാണ്.

നിലവിൽ LP, UP & ഹൈസ്കൂൾ വിഭാഗങ്ങളിലെ എല്ലാ വിഷയ അധ്യാപകർക്കും പ്രത്യേകം സംഘടനകൾ രൂപീകരിക്കുന്നതിന് കേരള വിദ്യാഭ്യാസ ചട്ടങ്ങളും നിയമങ്ങളും അനുവദിക്കുന്നുണ്ട്. കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ 2019 ലെ ഭേദഗതികൾ ബഹു.ഹൈക്കോടതിയിൽ ചോദ്യം ചെയ്യപ്പെട്ട കേസിൽ (WPC No 20959 / 2019) സർക്കാർ നൽകിയ സത്യവാങ്മൂലത്തിൽ നിലവിലുള്ള രീതി തുടരുമെന്നും അറിയിച്ചിട്ടുണ്ട്. കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്ത് എക്കാലത്തും സർക്കാരിന്റെ എല്ലാ നല്ല പ്രവർത്തനങ്ങൾക്കും പിന്തുണ നൽകുകയും, വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും മുന്നിൽ നിന്നിട്ടുള്ള സംഘടനയാണ് കെ. എ. ടി. എഫ്. പിന്നാക്ക ന്യൂനപക്ഷ സമൂഹത്തെ പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിലേക്ക് പൂർണ്ണമായും അടുപ്പിച്ചതിന് പിന്നിൽ കേരള അറബിക് ടീച്ചേഴ്സ് ഫെഡറേഷന്റെ പ്രവർത്തനങ്ങൾ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ഭാഷാധ്യാപക സംഘടന എന്ന നിലക്ക് കേരള അറബിക് ടീച്ചേഴ്സ് ഫെഡറേഷൻ സുത്യർഹമായ സേവനമാണ് നടത്തികൊണ്ടിരിക്കുന്നത്. അറബി അധ്യാപകരുടെ ആവശ്യങ്ങൾ ഉന്നയിക്കുന്നതിനും , താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും ഇതര സംഘടനകൾ ഫലപ്രദമായി ഇടപെടാറില്ല എന്നത് ഞങ്ങളെ ആശങ്കപ്പെടുത്തുന്നു. അതിനാൽ ഭാഷാധ്യാപക സംഘടനകളെ മാറ്റി നിർത്താനുള്ള ഒരു നീക്കവും സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടവരുത്.

പൊതുവിദ്യാഭ്യാസ മേഖലയെ കരുത്തോടെ മുന്നോട്ടു നയിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയെന്നതാണ് അധ്യാപക സംഘടനകളുടെ മുഖ്യമായ ലക്ഷ്യം. കേരള വിദ്യാഭ്യാസ ചട്ടങ്ങളും നിയമങ്ങളും ഉറപ്പുവരുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശകമാണ് കെ ഇ ആർ. കേരള സംസ്ഥാനം രൂപീകരിക്കപ്പെട്ട ശേഷം നാളിതുവരെ നടന്ന നിരവധിയായ കെ ഇ ആർ പരിഷ്കരണങ്ങൾ പൊതുവിദ്യാഭ്യാസത്തെ ശാക്തീകരിക്കുക എന്ന ഉദ്ദേശത്തോടുകൂടിയായിരുന്നു. എന്നാൽ അധ്യാപക സംഘടനകളെ നിയന്ത്രിക്കുന്നതിനുള്ള ഭേദഗതി അതിന് വിരുദ്ധമാണ്. കാറ്റഗറി സംഘടനകളെ ഒഴിവാക്കി റഫറണ്ടം ( ഹിത പരിശോധന ) നടത്തി പൊതുവിദ്യാഭ്യാസ മേഖലയിലെ അധ്യാപക സംഘടനകളെ നിയന്ത്രിക്കുന്നതിന് വേണ്ടി നടത്തുന്ന നീക്കങ്ങൾ നമ്മുടെ സംസ്ഥാനത്തിന്റെ ജനാധിപത്യ - മതേതരത്വ പാരമ്പര്യങ്ങളെയും ഭരണഘടന വിഭാവനം ചെയ്യുന്ന വിശാലമായ കാഴ്ചപ്പാടുകളെയും തള്ളികളയുന്നതിന് തുല്യമാണ്. കേന്ദ്ര സർക്കാർ സ്വേച്ഛാധിപത്യ ഫാഷിസ്റ്റ് പ്രവണതകൾ അടിച്ചേൽപ്പിക്കുമ്പോൾ ന്യൂനപക്ഷങ്ങളും, വ്യത്യസ്തതകളും സംരക്ഷിക്കപ്പെടണമെന്ന സർക്കാർ നയത്തിന് വിരുദ്ധമാണ് പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ഇത്തരം നീക്കങ്ങൾ . ജനാധിപത്യമൂല്യങ്ങളെ പ്രതിനിധാനം ചെയ്യുക കയും പൊതുവിദ്യാഭ്യാസ മേഖലക്കും, പൊതു സമൂഹത്തിനും വേണ്ടി പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന അധ്യാപക സംഘടനകളെ കെ.ഇ. ആർ ഭേദഗതി വഴി ഇല്ലാതാക്കുവാനുള്ള നീക്കം ഉപേക്ഷിച്ച് എല്ലാ വിഭാഗം സംഘടനകളുടെയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചും പരിശോധിച്ചുമാണ് വിദ്യാഭ്യാസ നയങ്ങൾ രൂപപ്പെടുത്തേണ്ടത്. ആയതിനാൽ അധ്യാപക സംഘടനകളുടെ റഫറണ്ടം നടത്തുന്നതിന് വേണ്ടി കേരള വിദ്യാഭ്യസ ചട്ടം ഭേദഗതി വരുത്താനുള്ള ശ്രമങ്ങളിൽ നിന്നും സർക്കാർ പിന്മാറണമെന്ന് ആവശ്യപ്പെടുന്നു.

KERALA ARABIC TEACHERS FEDERATION
Date...................
STATE COMMITTEE

എന്ന്

മൻസൂർ മാടമ്പാട്ട്
ജനറൽ സെക്രട്ടറി

സഫലബോധനം
സമർപ്പിത മുന്നേറ്റം

# KSTU
## STATE COMMITTEE
Puthiyapalam P.O., Calicut

KERALA SCHOOL TEACHERS UNION
(Recognized as per G.O. (MS) 39/86 dated 1.3.86)

President: **K.M. ABDULLA**, Mob: 9846224586, Email: kmabdullakstu@gmail.com
Gen. Secretary: **KALLOOR MUHAMMADALI**, Mob: 9846323750, Email: kalloormuhammadali@gmail.com
Treasurer: **SIDHIQ PAROKKOD**, Mob: 9447743117, Email: sidhiqparokod@gmail.com

സ്വീകർത്താവ്

പൊതുവിദ്യാഭ്യാസ സെക്രട്ടറി,
കേരള സർക്കാർ,
സെക്രട്ടറിയേറ്റ്സ് അനക്സ്,
തിരുവനന്തപുരം.

സർ,

വിഷയം: പൊതുവിദ്യാഭ്യാസ വകുപ്പ്-- അധ്യാപക സംഘടനകളുടെ റഫറണ്ടം _ അഭിപ്രായം അറിയിക്കുന്നത് സംബന്ധിച്ച്:-

കോടതി ഉത്തരവിന്റെയും നേരത്തെ ഇറങ്ങിയ സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ കേരളത്തിലെ സർക്കാർ എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന അധ്യാപക സംഘടനകളുടെ റഫറണ്ടം നടത്തുന്നതുമായി ബന്ധപ്പെട്ട് യോഗത്തിൽ KSTU പ്രതിനിധി അറിയിച്ചത് പോലെ നിലവിലുള്ള സാഹചര്യത്തിൽ തിരക്ക് പിടിച്ച് റഫറണ്ടം നടത്തേണ്ടതില്ല എന്നതാണ് കേരള സ്കൂൾ ടീച്ചേഴ്സ് യൂണിയൻ (കെ.എസ്.ടി.യു) നിലപാട് എന്നറിയിക്കുന്നു.

നിയമനാംഗീകാരം ഉൾപ്പെടെ ഒട്ടേറെ പ്രശ്നങ്ങൾ ആണ് പൊതുവിദ്യാഭ്യാസ മേഖലയിൽ ഇപ്പോൾ ഉള്ളത്. ഭിന്നശേഷി നിയമനത്തിന്റെ പേരിൽ പതിനാറായിരത്തിലധികം അധ്യാപകർ താൽക്കാലികമായാണ് ജോലി ചെയ്യുന്നത്. ഇത്തരം സന്ദർഭങ്ങളിൽ തൊഴിലാളി സംഘടനകൾക്കായി നടത്തുന്നതുപോലെ റഫറണ്ടം നടത്തേണ്ട ആവശ്യമില്ല. ആയതിനാൽ മറ്റ് തൊഴിൽ ശാലകളിലെ പോലെ അധ്യാപക സംഘടനക്കായി റഫറണ്ടം നടത്തുന്നതിന് വേണ്ടിയുള്ള നീക്കം വിദ്യാലയങ്ങളിൽ പരസ്പര സൗഹാർദ്ദം നഷ്ടപ്പെടാൻ ഇടയാകുമെന്ന് സംഘടന മനസ്സിലാക്കുന്നു. ആയതിനാൽ ഈ ആവശ്യങ്ങൾക്കായി തൽക്കാലം കേരള വിദ്യാഭ്യാസ ചട്ടങ്ങളിലും നിയമങ്ങളിലും ഭേദഗതി വരുത്തേണ്ടതില്ല എന്നുകൂടി അങ്ങയെ അറിയിക്കുന്നു.

ഈ വർഷം നിലവിലെ സ്ഥിതി തുടർന്ന് ഭാവിയിൽ കൂടുതൽ ചർച്ചകൾക്ക് ശേഷം അംഗീകാരം സംബന്ധിച്ച് തീരുമാനമെടുക്കാവുന്നതാണെന്നും സംഘടനയ്ക്ക് വേണ്ടി അറിയിക്കുന്നു.

എന്ന്,
വിശ്വസ്തതയോടെ

കെ.എം. അബ്ദുള്ള
പ്രസിഡന്റ്

കല്ലൂർ മുഹമ്മദലി
ജനറൽ സെക്രട്ടറി

# KATF (G)

## STATE COMMITTEE

**KERALA ARABIC TEACHER'S FEDERATION (Govt.)**

**TC 29/4895(1), Chembaka Nagar, Thiruvananthapuram**

Recognized by Govt. of Kerala as per GO (MS)48/74 End dt 8-3-74, GO (MS) 207/74/PD End dt 28-8-74

President:
**MAHI K A**
**Mob: 9447874688**
mahinbaqavi@gmail.com

General Secretary:
**RASHEED M A**
**Mob: 7907808052**
marasheed74@gmail.com

Treasurer:
**ABDUL SALAM M P**
**Mob: 9074187240**
salamkunnumpetta@gmail.com


സ്വീകർത്താവ്

ബഹു.പൊതുവിദ്യാഭ്യാസ സെക്രട്ടറി

ഗവ: സെക്രട്ടറിയേറ്റ്,

തിരുവനന്തപുരം

വിഷയം: പൊതുവിദ്യാഭ്യാസം: അധ്യാപക സംഘടനകളുടെ ഹിത പരിശോധന: കേരള അറബിക് ടീച്ചേഴ്സ് ഫെഡറേഷൻ (ഗവൺമെന്റ്) നിലപാട് സംബന്ധിച്ച്.

സൂചന : JR /526 /2023 / പൊ.വി. വ കത്ത് തിയ്യതി 23 /7 / 2025

H3 / 14667 /2025 ഡി.ജി.ഇ കത്ത് തിയ്യതി 28.7. 2025

സൂചനകൾ പ്രകാരമുള്ള കത്തിൽ പരാമർശിച്ച, സർക്കാർ, എയ്ഡഡ് മേഖലകളിലെ അധ്യാപക സംഘടനകളുടെ ഹിത പരിശോധന നടത്തുന്നതിനായി കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി വരുത്താനുള്ള സർക്കാർ നീക്കത്തെ കേരള അറബിക് ടീച്ചേഴ്സ് ഫെഡറേഷൻ (ഗവൺമെന്റ് ) ശക്തമായി എതിർക്കുന്നു. എല്ലാ വിഭാഗം അധ്യാപക സംഘടനകളെയും ചർച്ചകളിലും മറ്റും പങ്കെടുപ്പിക്കുന്നത് ഒഴിവാക്കി ചില സംഘടനകളെ ഒഴിവാക്കാനുള്ള നീക്കം ഉപേക്ഷിക്കുകയും നിലവിലെ കെ.ഇ. ആർ ചട്ടങ്ങൾ അനുസരിച്ച് മുന്നോട്ട് പോകണമെന്ന് ആവശ്യപ്പെടുന്നു.

ഇതുമായി ബന്ധപ്പെട്ട് ബഹു: വിദ്യാഭ്യാസ സെക്രട്ടറി വിളിച്ചു ചേർക്കുന്ന യോഗത്തിന്റെ കുറിപ്പുകളിൽ മുന്നോട്ട് വെക്കുന്ന നിർദ്ദേശങ്ങളോട് താഴെ പറയുന്ന കാരണങ്ങളാൽ സംഘടനക്ക് യോജിക്കാൻ കഴിയില്ല. .

1. ബഹു: ഹൈക്കോടതിയുടെ 26-03-2010 ലെ വിധിന്യായത്തിൽ അധ്യാപക സംഘടനകളുടെ റഫറണ്ടം നടത്താൻ നിർദ്ദേശിച്ചിട്ട് 15 വർഷം പിന്നിട്ടു. ഇപ്പോൾ അടിയന്തരമായ ഒരു ഹിതപരിശോധന നടത്തേണ്ട സാഹചര്യം നിലവിലില്ല.

2. ബഹു: ഹൈക്കോടതി കെ.ഇ. ആർ അധ്യായം XIV C റൂൾ 51,52 ന്റെ അടിസ്ഥാനത്തിലാണ് റഫറണ്ടം നടത്താൻ നിർദ്ദേശം നൽകിയിട്ടുള്ളത്. കേരളത്തിലെ വിദ്യഭ്യാസ രംഗത്തെ സാഹചര്യങ്ങൾ വിശദമായ പഠിച്ചതിന് ശേഷമാണ് കേരള വിദ്യഭ്യാസ ചട്ടം രൂപീകരിച്ചിട്ടുള്ളത്. അതിൽ അധ്യാപക സംഘടനകളുടെ രൂപീകരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ഏതൊന്നും മാറ്റേണ്ട സാഹചര്യം നിലവിൽ ഇല്ല.

3. സർക്കാർ മേഖലയിലും, എയ്ഡഡ് മേഖലയിലും പ്രവർത്തിക്കുന്ന അധ്യാപകർ നേരിടുന്ന പ്രശ്നങ്ങൾ വ്യത്യസ്തമാണ്. എയ്ഡഡ് മേഖലയിലെ അധ്യാപക നിയമനം നടുത്തുന്നത്, സർവ്വീസ് വെരിഫിക്കേഷൻ, പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നത്,ഗ്രേഡ്, പ്രമോഷൻ, ഇൻഗ്രിമെന്റ്, തുടങ്ങിയ മുഴുവൻ സർവ്വീസ് സംബന്ധമായ കാര്യങ്ങളും തീരുമാനമെടുക്കാനുള്ള അധികാരം മാനേജറിൽ നിക്ഷിപ്തമാണ്. നിയമന അംഗീകാരം നൽകേണ്ടതും, സേവന വേതന വ്യവസ്ഥകൾ അംഗീകരിച്ച് നൽകേണ്ടതും, എയ്ഡഡ് സ്കൂൾ പ്രോവിഡന്റ് ഫണ്ട് ഉൾപ്പെടെ പാസ്സാക്കി നൽകേണ്ടതും എ ഇ.ഒ., ഡി.ഇ. ഒ , ഡി.ഡി.ഇ തുടങ്ങിയ ഓഫീസുകളിൽ നിന്നാണ്. എന്നാൽ സർക്കാർ സ്കൂളുകളിൽ സേവനമനുഷ്ഠിക്കുന്ന അധ്യാപകരുടെ നിയമനം മുതൽ മുഴുവൻ കാര്യങ്ങളും വ്യത്യസ്തമാണ്. അത് കൊണ്ട് തന്നെ എയ്ഡഡ്, സർക്കാർ മേഖലയിലെ അധ്യാപകരുടെ പ്രശ്നങ്ങളും വ്യത്യസ്തമാണ്. കെ. ഇ ആർ പ്രകാരുള്ള കാറ്റഗറി സംഘടനകൾ നില നിൽക്കേണ്ടത് അത്യാവശ്യമാണ്.

പൊതുവിദ്യാഭ്യാസ രംഗത്ത് നടക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും അധ്യാപക സംഘടനകളുടെ പൂർണ്ണമായ പിന്തുണയും സഹകരണവും എക്കാലത്തും നൽകിയിട്ടുണ്ട്. കേരളത്തിലെ പൊതുവിദ്യാലയങ്ങളുടെ ഇന്ന് കാണുന്ന പുരോഗതിയിൽ എല്ലാ അധ്യാപക സംഘടനകളുടെയും സംഭാവനകൾ വിസ്മരിക്കാനാവില്ല.

അധ്യാപക സംഘടനകളുടെ പ്രവർത്തനം സ്കൂളുകളുടെ പ്രവർത്തനത്തെ ദോഷകരമായി ഒരിക്കലും ബാധിക്കുന്നില്ല. കെ.ഇ. ആർ ലെ നിർദ്ദേശങ്ങൾക്ക് വിപരീതമായി എതൊരു തത്ത്വദീക്ഷയുമില്ലാതെ സംഘടനകൾക്ക് അംഗീകാരം നൽകിയ സർക്കാർ നടപടി തന്നെയാണ് നിലവിൽ സംഘടനകളുടെ ആധിക്യത്തിന് കാരണമായത്.

എല്ലാ വിഭാഗത്തെയും പ്രതിനിധാനം ചെയ്യുന്ന സംഘടനകളെ 'മാത്രം' ഹിതപരിശോധനയിൽ ഉൾപ്പെടുത്താനുള്ള നീക്കം തികച്ചും തെറ്റാണ്. കെ.ഇ. ആർ ചട്ടങ്ങളിൽ തന്നെ ഭാഷാധ്യാപകർ, സ്പെഷ്യ ലിസ്റ്റ് അധ്യാപകർ , പ്രധാനാധ്യപകർ തുടങ്ങി കാറ്റഗറി സംഘടനകൾക്ക് പ്രത്യേകം പ്രവർത്തിക്കാനും, സർക്കാറുമായി ചർച്ചകൾ നടത്തുവാനും അനുവാദം നൽകിയതാണ്. അതിന് കാരണം ഈ വിഭാഗം അധ്യാപകരുടെ പ്രശ്നങ്ങളും, സാഹചര്യങ്ങളും വ്യതസ്തമാണ് എന്നതാണ്. കാറ്റഗറി സംഘടനകളെ ഒഴിവാക്കാനുള്ള നീക്കം പൂർണ്ണമായും തെറ്റാണ്.

4. ഭാഷാധ്യാപകരുടെയും, പ്രധാനധ്യാപകരുംടയും , സ്പെഷ്യലിസ്റ്റ് അധ്യാപകരുടെയും യോഗ്യതകളും, അവരുടെ തസ്തികകളും, അവരുടെ സർവ്വീസ് സംബന്ധമായതും, പാഠ്യ പാഠ്യേതര വിഷയങ്ങളുടെ വ്യത്യസ്തതയുമെല്ലാം മറ്റധ്യാപകരിൽ നിന്നും തീർത്തും വ്യത്യസ്തമാണ്. അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സർക്കാറിന്റെ മുന്നിൽ കൊണ്ടുവരാനും, അതിന് വേണ്ടി പ്രവർത്തിക്കാനും അവർക്ക് മാത്രമെ സാധിക്കുകയുള്ളു. അതിനാൽ കാറ്റഗറി സംഘടനകൾക്ക് അംഗീകാരം നൽകുന്നതല്ലെന്ന നിലപാട് അംഗീകരിക്കാൻ കഴിയില്ല. ഭാഷാധ്യപകരുടെ തസ്തിക നിർണ്ണയം, യോഗ്യത, തുടങ്ങിയവ പ്രതേക നിയമങ്ങൾക്കും, ചട്ടങ്ങൾക്കും വിധേയമായിട്ടാണ്. അതിനാൽ ഭാഷാധ്യപകരുടെ പ്രശ്നങ്ങളും വ്യത്യസ്തമാണ്.



File No. GE-JR1/526/2023-G.EDN (Computer No. 2565304)

Generated from eOffice by SREERAJ S K, ASO (JR1) G.EDN, ASO (JR1) G.EDN, General Education on 17/09/2025 06:26 PM

നിലവിൽ LP, UP & ഹൈസ്കൂൾ വിഭാഗങ്ങളിലെ എല്ലാ വിഷയ അധ്യാപകർക്കും പ്രത്യേകം സംഘടനകൾ രൂപീകരിക്കുന്നതിന് കേരള വിദ്യാഭ്യാസ ചട്ടങ്ങളും നിയമങ്ങളും അനുവദിക്കുന്നുണ്ട്. കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ 2019 ലെ ഭേദഗതികൾ ബഹു.ഹൈക്കോടതിയിൽ ചോദ്യം ചെയ്യപ്പെട്ട കേസിൽ (WPC No 20959 / 2019) സർക്കാർ നൽകിയ സത്യവാങ്മൂലത്തിൽ നിലവിലുള്ള രീതി തുടരുമെന്നും അറിയിച്ചിട്ടുണ്ട്. കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്ത് എക്കാലത്തും സർക്കാരിന്റെ എല്ലാ നല്ല പ്രവർത്തനങ്ങൾക്കും പിന്തുണ നൽകുകയും, വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും മുന്നിൽ നിന്നിട്ടുള്ള സംഘടനയാണ് കെ. എ. ടി. എഫ്. പിന്നാക്ക ന്യൂനപക്ഷ സമൂഹത്തെ പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിലേക്ക് പൂർണ്ണമായും അടുപ്പിച്ചതിന് പിന്നിൽ കേരള അറബിക് ടീച്ചേഴ്സ് ഫെഡറേഷന്റെ പ്രവർത്തനങ്ങൾ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ഭാഷാധ്യാപക സംഘടന എന്ന നിലക്ക് കേരള അറബിക് ടീച്ചേഴ്സ് ഫെഡറേഷൻ സുത്യർഹമായ സേവനമാണ് നടത്തികൊണ്ടിരിക്കുന്നത്. അറബി അധ്യാപകരുടെ ആവശ്യങ്ങൾ ഉന്നയിക്കുന്നതിനും , താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും ഇതര സംഘടനകൾ ഫലപ്രദമായി ഇടപെടാറില്ല എന്നത് ഞങ്ങളെ ആശങ്കപ്പെടുത്തുന്നു. അതിനാൽ ഭാഷാധ്യാപക സംഘടനകളെ മാറ്റി നിർത്താനുള്ള ഒരു നീക്കവും സർക്കാറിന്റെ ഭാഗത്ത് നിന്നുണ്ടവരുത്.

പൊതുവിദ്യാഭ്യാസ മേഖലയെ കരുത്തോടെ മുന്നോട്ടു നയിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയെന്നതാണ് അധ്യാപക സംഘടനകളുടെ മുഖ്യമായ ലക്ഷ്യം. കേരള വിദ്യാഭ്യാസ ചട്ടങ്ങളും നിയമങ്ങളും ഉറപ്പുവരുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശകമാണ് കെ ഇ ആർ. കേരള സംസ്ഥാനം രൂപീകരിക്കപ്പെട്ട ശേഷം നാളിതുവരെ നടന്ന നിരവധിയായ കെ ഇ ആർ പരിഷ്കരണങ്ങൾ പൊതുവിദ്യാഭ്യാസത്തെ ശാക്തീകരിക്കുക എന്ന ഉദ്ദേശത്തോടുകൂടിയായിരുന്നു. എന്നാൽ അധ്യാപക സംഘടനകളെ നിയന്ത്രിക്കുന്നതിനുള്ള ഭേദഗതി അതിന് വിരുദ്ധമാണ്. കാറ്റഗറി സംഘടനകളെ ഒഴിവാക്കി റഫറണ്ടം ( ഹിത പരിശോധന ) നടത്തി പൊതുവിദ്യാഭ്യാസ മേഖലയിലെ അധ്യാപക സംഘടനകളെ നിയന്ത്രിക്കുന്നതിന് വേണ്ടി നടത്തുന്ന നീക്കങ്ങൾ നമ്മുടെ സംസ്ഥാനത്തിന്റെ ജനാധിപത്യ - മതേതരത്വ പാരമ്പര്യങ്ങളെയും ഭരണഘടന വിഭാവനം ചെയ്യുന്ന വിശാലമായ കാഴ്ചപ്പാടുകളെയും തള്ളികളയുന്നതിന് തുല്യമാണ്. കേന്ദ്ര സർക്കാർ സ്വേച്ഛാധിപത്യ - ഫാഷിസ്റ്റ് പ്രവണതകൾ അടിച്ചേൽപ്പിക്കുമ്പോൾ ന്യൂനപക്ഷങ്ങളും, വ്യത്യസ്തതകളും സംരക്ഷിക്കപ്പെടണമെന്ന സർക്കാർ നയത്തിന് വിരുദ്ധമാണ് പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ഇത്തരം നീക്കങ്ങൾ . ജനാധിപത്യമൂല്യങ്ങളെ പ്രതിനിധാനം ചെയ്യുക കയും പൊതുവിദ്യാഭ്യാസ മേഖലക്കും, പൊതു സമൂഹത്തിനും വേണ്ടി പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന അധ്യാപക സംഘടനകളെ കെ.ഇ. ആർ ഭേദഗതി വഴി ഇല്ലാതാക്കുവാനുള്ള നീക്കം ഉപേക്ഷിച്ച് എല്ലാ വിഭാഗം സംഘടനകളുടെയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചും പരിശോധിച്ചുമാണ് വിദ്യാഭ്യാസ നയങ്ങൾ രൂപപ്പെടുത്തേണ്ടത്.

ആയതിനാൽ അധ്യാപക സംഘടനകളുടെ റഫറണ്ടം നടത്തുന്നതിന് വേണ്ടി കേരള വിദ്യാഭ്യാസ ചട്ടം ഭേദഗതി വരുത്താനുള്ള ശ്രമങ്ങളിൽ നിന്നും സർക്കാർ പിന്മാറണമെന്ന് ആവശ്യപ്പെടുന്നു.

KERALA ARABIC TEACHERS FEDERATION • STATE COMMITTEE •
Date..............

എന്ന്

റഷീദ് എം.എ

ജനറൽ സെക്രട്ടറി

# KERALA URDU TEACHER'S ASSOCIATION (KUTA)

## STATE COMMITTEE, KOZHIKODE

Recognized as per GO (MS) 33/85 G.Edn., TVM/19-02-1985


President
**DR. K.P. SHAMSUDDIN**
A.M. High School
P.O. Tirurkad, Angadipuram
Malappuram-679 321
Mob: 9847 422 682
Ph: (Off) 0493-3236556
shamsurdutkd@gmai.com

General Secretary
**ABDU SALAM K.K.**
GMUPS Poonoor
P.O. Unnikulam
Thamarassery Via
Kozhikode-673 574
Mob: 9447316851
salukkm@gmail.com

Treasurer
**ABDUL RASHEED T**
HSTURDU
GHSS Irumbuzhi
Malappuram
Mob: 9495490702
rasheedt1978@gmail.com


Ref

Date : 19/08/2023

ബഹുമാനപ്പെട്ട വിദ്യാഭ്യാസ സെക്രട്ടറി,
പൊതുവിദ്യാഭ്യാസ വകുപ്പ്
സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.

സർ,

വിഷയം, സർവ്വീസ് അധ്യാപക സംഘടനകളുടെ [illegible] നടത്തുന്നതിനുള്ള തീരുമാനം പിൻവലിക്കുന്നത് സംബന്ധിച്ച്.

പൊതുവിദ്യാഭ്യാസരംഗത്തെ ശാക്തീകരിക്കുന്നതിൽ അധ്യാപക സർവ്വീസ് സംഘടനകൾക്ക് വലിയ പങ്കുണ്ട്. ഇത്തരത്തിൽ പൊതു വിദ്യാഭ്യാസ രംഗത്തെ ഉറുദു അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും അവകാശങ്ങൾക്കായി എക്കാലത്തും പ്രവർത്തിക്കുന്ന ഒരു സർവ്വീസ് സംഘടനയാണ് കേരള ഉറുദു ടീച്ചേഴ്സ് അസോസിയേഷൻ.

എന്നാൽ ഇത്തരം [illegible] സംഘടനകളെ ഹിത പരിശോധന നടത്തി ഇല്ലാതാക്കാനുള്ള നടപടി നടന്നു വരികയാണ്. ഈ നീക്കം തികച്ചും ജനാധിപത്യ [illegible]



File No. GE-JR1/526/2023-G.EDN (Computer No. 2565304)
Generated from eOffice by SREERAJ S K, ASO (JR1) G.EDN, ASO (JR1) G.EDN, General Education on 17/09/2025 06:26 PM

# KERALA URDU TEACHER'S ASSOCIATION (KUTA)

## STATE COMMITTEE, KOZHIKODE

Recognized as per GO (MS) 33/85 G.Edn., TVM/19-02-1985

President
**DR. K.P. SHAMSUDDIN**
A.M. High School
P.O. Tirurkad, Angadipuram
Malappuram-679 321
Mob: 9847 422 682
Ph: (Off) 0493-3236556
shamsurdutkd@gmai.com

General Secretary
**ABDU SALAM K.K.**
GMUPS Poonoor
P.O. Unnikulam
Thamarassery Via
Kozhikode-673 574
Mob: 9447316851
salukkm@gmail.com

Treasurer
**ABDUL RASHEED T**
HSTURDU
GHSS Irumbuzhi
Malappuram
Mob: 9495490702
rasheedt1978@gmail.com

Ref

Date : ..................................

ളെ ഏറെ പ്രയാസമുളവാക്കുന്നതാണ്. ഉറുദു അധ്യാപകരുടെയും വിദ്യാർ ത്ഥികളുടെയും പ്രശ്നങ്ങൾ കണ്ടെത്താനും പരിഹരിക്കാനും ആവശ്യമായ ഇടപെടലുകൾ നടത്താനും ഏക ഉറുദു അധ്യാപക സംഘടനയാണ്. കെ.ഇ.ആർ നിയമങ്ങൾ അനുസരിച്ചാണ് ഈ സംഘടനക്ക് അംഗീകാരം നൽകിയിട്ടുള്ളത്.

ആയതിനാൽ കെ.ഇ.ആർ ഭേദഗതി നടത്തി ഇതര അറബി സംഘടനകളെ ഉൾക്കൊള്ളിച്ചതുപോലെ ഞങ്ങളെയും പോലെ ഒഴിവാക്കിയ നിയമത്തിൽ നിന്ന് സർക്കാർ പിന്മാറണമെന്ന് അഭ്യർത്ഥിക്കുന്നു.

ABDU SALAM KK
General Secretary
Kerala Urdu Teachers Association
GMUPS Poonoor, Unnikulam (P.O)
Kozhikode-673574



File No. GE-JR1/526/2023-G.EDN (Computer No. 2565304)
Generated from eOffice by SREERAJ S K, ASO (JR1) G.EDN, ASO (JR1) G.EDN, General Education on 17/09/2025 06:26 PM

# KPTF

## KERALA PRADESH TEACHERS' FRONT
## STATE COMMITTEE
H.O. THIRUVANANTHAPURAM

*Recognised by Govt. as per GO (MS) 179/84 G. Edn. dt. 29-8-1984*

**President**
**SHAJI V. MATHEW**
KVM LPS Kumpalamthanam
Theodical P O-689613
Pathanamthitta
**Mob: 9947774963, 9387025963**
Email: shajimash@gmail.com

**General Secretary**
**Dr. ALEX BOSCO K.P.**
Headmaster, St. Thresias L.P.S.
Thoongampara, Kattakkada P. O
Thiruvananthapuram Pin 695572
**Mob: 9847529274**
Email: alexbosco47@gmail.com

**Treasurer**
**BINU JACOB**
UPST
Sacred Heart HSS
Payyavoor
Kannur - 670633
**Mob: 82818 35690**


*Ref:16/2025*

Date : 19-08-2025

പ്രേഷകൻ

ഡോ. അലക്സ് ബോസ്കോ K.P,
ജനറൽ സെക്രട്ടറി, KPTF

സ്വീകർത്താവ്

ബഹു. ഗവൺമെന്റ് സെക്രട്ടറി ,
പൊതു വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.

സർ,

വിഷയം:- അധ്യാപക സംഘടനകളുടെ റഫറണ്ടം - ചട്ടങ്ങളുടെ രൂപീകരണവും ഭേദഗതിയും - KPTF ന്റെ നിർദ്ദേശങ്ങൾ എഴുതി നൽകുന്നത്.

സൂചന:- കത്തു നമ്പർ H3/14667/2025/DGE തീയതി : 28-07-2025

KER Chapter XIV Rules 51, 52 എന്നിവ ഭേദഗതി വരുത്തുന്നതിനും സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന അധ്യാപക സംഘടനകളെ KGSC Rules 77, 78 -നു അതിപ്രഭാവം നൽകി KER ചട്ടങ്ങളുടെ പരിധിയിൽ കൊണ്ടുവരുമ്പോഴും താഴെ പറയുന്ന വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി വ്യക്തമായ ചട്ടങ്ങൾ രൂപീകരിക്കണമെന്നു കേരള പ്രദേശ് ടീച്ചേഴ്സ് ഫ്രണ്ട് (KPTF) ആവശ്യപ്പെടുന്നു.

I. എല്ലാ വിഭാഗം അംഗങ്ങളെയും പ്രതിനിധാനം ചെയ്യുന്ന സംഘടനകളിൽ അംഗത്വം നൽകുന്നതിനും സ്വീകരിക്കുന്നതിനും, കേരള വിദ്യാഭ്യാസ ചട്ടത്തിൽ അനുശാസിക്കുന്ന വിധം അധ്യാപകവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥരെ മാത്രം അനുവദിക്കുകയുള്ളൂവെന്ന് വ്യക്തമാകും വിധം ചട്ട രൂപീകരണം കൊണ്ടു വരുക. എന്നാൽ ഇപ്പോൾ ഭരണാനുകൂല സംഘടനകളുടെ (അത് LDF ആയാലും UDF ആയാലും) താൽപര്യം സംരക്ഷിക്കുന്നതിനും അവരുടെ പ്രീതിക്കു പാത്രമായി, അനുയോജ്യമായ Posting കളും Transfer കളും സംഘടിപ്പിക്കുന്നതിനുവേണ്ടി ഉപജില്ല, ജില്ല വിദ്യാഭ്യാസ ഓഫീസറന്മാരും വിദ്യാഭ്യാസ ഉപഡയറക്ടർമാരും (AEOs, DEOs and Deputy Directors of Edn) ചില സംഘടനകളുടെ അംഗത്വം (Membership) സ്വീകരിക്കുന്നതും സംഘടനയുടെ സമര പരിപാടികളിലും മീറ്റിംഗുകളിലും അംഗങ്ങളെ

പോലെ പങ്കെടുത്തു വരുന്നതും പൊതുവിൽ കാണുന്നു. ഇത് Impartial ആയി പ്രവർത്തിക്കുന്നതിനും തങ്ങളുടെ അധികാരത്തിൻ കീഴിൽ വരുന്ന അധ്യാപകരെ എല്ലാം ഒരേ പോലെ കാണാനുള്ള ധാർമിക ഉത്തരവാദിത്വത്തിൽ നിന്നും ഇവരെ മാറ്റി നിർത്തുന്നതും ഇവർ വഹിക്കുന്ന സ്ഥാനത്തിന് അനുയോജ്യമായ കാര്യവുമല്ല. ആകയാൽ ഇത്തരം ഉദ്യോഗസ്ഥർക്ക് അംഗത്വം നൽകാതിരിക്കാനുള്ള വ്യക്തമായ ചട്ടം, ഭേദഗതി ചെയ്തു വരുന്ന ചട്ടങ്ങളിൽ ഉൾക്കൊള്ളിക്കുന്നതിനു വേണ്ടി KGSC Rule 77(a), 1(i) ന്റെ Note 1 ഉം KER Ch XVI C Rules 51(a) (ii) & (iii) ഉം വിപുലപ്പെടുത്തുക.

II. Membership fees ഒഴികെ മറ്റു പിരിവുകൾ നടത്തുന്നതിന് സംഘടനകൾ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങണമെന്ന KGSC Rule 77(8) ഉം KER Ch XVI C Rules 51(b) (8) ഉം കർശനമായി നടപ്പാക്കുന്നതിനും അത്തരം പിരിവുകളുടെ കണക്കുകളും ചെലവുകളും വകുപ്പിന്റെ അറിവിനായി വാർഷികമായി ലഭ്യമാക്കുന്നതിനും RTI -യുടെ പരിധിയിൽ കൊണ്ടു വരുന്നതിനും മേൽ പരാമർശം ചട്ടങ്ങളെ വിപുലപ്പെടുത്തി ചട്ട ഭേദഗതി കൊണ്ടുവരിക.

III. കാറ്റഗറി സംഘടനകളുടെ അംഗീകാരം റദ്ദാക്കുന്ന സാഹചര്യം ഉണ്ടാകുന്ന പക്ഷം ഇത്തരം സംഘടനകളുടെ നിലവിലെ ആസ്തികളും വിവിധങ്ങളായ അക്കൗണ്ടുകളുലെ പണവും സംബന്ധമായ പരിശോധന നടത്തുന്നതിനും ചട്ടഭേദഗതി തീരുമാനമാകുന്ന തീയതി പ്രാബല്യത്തിൽ ടി ഫണ്ടുകളും ആസ്തികളും ക്രയവിക്രയം ചെയ്യാൻ കഴിയാത്തവിധം മരവിപ്പിക്കുന്നതിനും, ഇവ വർഷങ്ങളായി ഈ സംഘടനകളിൽ പ്രവർത്തിച്ചുവന്നവർ ഉൾപ്പെടെ സ്വരൂപിച്ചതാകയാൽ നിലവിലുള്ളവർ അനധികൃതമായി കൈയ്യടക്കാതിരിക്കാനുള്ള വ്യക്തമായ ചട്ടം രൂപീകരിക്കുകയും വേണം.

വിശ്വസ്തതയോടെ,

*Dr. ALEX BOSCO K. P.*
*General Secretary*
*Kerala Pradesh Teachers' Front*
*Thiruvananthapuram*

# DEPARTMENTAL PHYSICAL EDUCATION TEACHERS' ASSOCIATION

## (D.P.E.T.A) KERALA STATE COMMITTEE

Recognised as per G.O.M.S 236/79 (Dated: 02-04-1979) No: 207/79

**President:**
**SHIHABDEEN.S**
GHSS Ayirooppara
Ayirooppara PO
Thiruvananthapuram Dist.
Pin: 695584
Ph: 9745039161
ddsports4@gmail.com

**Gen.Secretary:**
**V.SAJATH SAHIR**
GHSS Kadungapuram
Kadungapuram PO
Malappuram Dist.
Pin:679321
Ph:9961202999
sajathromario@gmail.com

**Treasurer:**
**K. KRISHNADASAN**
GHSS Erimayur
Erimayur PO
Palakkad Dist.
Pin: 678546
Ph: 9447276989
krishnadas@gmail.com

സ്വീകർത്താവ്,

ബഹു: വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി
പൊതുവിദ്യാഭ്യാസവകുപ്പ്

വിഷയം: അദ്ധ്യാപക സംഘടനകളുടെ ഹിതപരിശോധന ചട്ടഭേദഗതി നടപടിയിലാകുന്നത് സംബന്ധിച്ച്:-

സൂചന: H3/14667/2025 പി.ജി.ഇ.

സർ,

ഇന്ത്യൻ ഭരണഘടനയുടെ 19-അനുഛേദം പ്രതിപാദിക്കുന്ന സംഘടിക്കാനുള്ള സ്വാതന്ത്ര്യത്തിന് എതിരെയും നാളിതുവരെയും കായികാധ്യാപകരുടെ നിരവധി പ്രശ്നങ്ങൾ, QIP അധ്യാപക സംഘടനകൾ, പൊതുവിദ്യാഭ്യാസ വകുപ്പ് ഓഫീസർമാർ, വിദ്യാഭ്യാസമന്ത്രി, മുഖ്യമന്ത്രി എന്നിവരുമായി ചർച്ച ചെയ്തിട്ടും നാളിതുവരെ യാതൊരു തീരുമാനം ഉണ്ടാകാത്ത സാഹചര്യത്തിൽ DPETA 27/8/1979 ൽ അംഗീകരിച്ച സംഘടനയായ [illegible] വിയോജിപ്പ് രേഖപ്പെടുത്തുന്നു.

എന്ന്
[signature] 19/8/25
വിശ്വസ്തതയോടെ

തിരുവനന്തപുരം
19/8/25



File No. GE-JR1/526/2023-G.EDN (Computer No. 2565304)
Generated from eOffice by SREERAJ S K, ASO (JR1) G.EDN, ASO (JR1) G.EDN, General Education on 17/09/2025 06:26 PM

തിരുവനന്തപുരം
19-8-2025

# അദ്ധ്യാപക ഐക്യവേദി

JR

പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ 2025 ആഗസ്റ്റ് 19-20 തീയതി സെക്രട്ടറിയേറ്റ് അനക്സ് II ലയം ഹാളിൽ വച്ച് യാതൊരു തത്വദീക്ഷയുമില്ലാതെ വെറും രാഷ്ട്രീയ പ്രേരിതമായി നിലവിലെ KER അട്ടിമറിച്ച് പൊതുവിദ്യാഭ്യാസത്തെ തകർക്കാനുള്ള ശ്രമം ഉപേക്ഷിക്കുക. ബഹു. ഹൈക്കോടതിയിൽ ഇ വിഷയ പരിശോധന സംബന്ധിച്ച് നിലവിൽ രണ്ട് കേസുകൾ ഉള്ളപ്പോൾ വിദ്യാഭ്യാസ വകുപ്പ് അത് നേരിട്ട് ബാധിക്കുന്ന അദ്ധ്യാപക സംഘടനകളെ അറിയിക്കാതെയും ചി. സംഘടനകൾക്ക് ബഹു. ഹൈക്കോടതിയെ സമീപിക്കാനുള്ള അവസരം നിഷേധിച്ചുകൊണ്ട് നടത്തുന്ന ഇത്തരം മീറ്റിംഗ് ബഹിഷ്കരിക്കുക.

ഫെഡറേഷൻ ഓഫ് ഹയർ സെക്കണ്ടറി ടീച്ചേഴ്സ് അസോസിയേഷൻസ് 16-8-25 ൽ WP(C) 30457/2025 എന്ന കേസ് പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ ഇത്തരം മീറ്റിംഗിനെതിരെ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസിൽ കോടതി വിധി വരുന്നതുവരെ അഭിപ്രായം പറയരുത്.

ഈ കാരണങ്ങളാലും ഇതോടൊപ്പം ഓരോ സംഘടനകൾ പ്രത്യേകം എഴുതി സമർപ്പിക്കുന്ന കാരണങ്ങളാലും ഇത്തരത്തിലുള്ള യോഗം നിയമവിരുദ്ധമായതിനാൽ താഴെ പറയുന്ന സംഘടനകൾ യോഗം ബഹിഷ്കരിക്കുന്നു

1. ആർ. അരുൺകുമാർ സംസ്ഥാന പ്രസിഡന്റ് AHSTA (signature)
2. എ. വി. ഇന്ദുലാൽ ജനറൽ സെക്രട്ടറി KATA (signature)
3. [illegible] ജന. സെക്രട്ടറി HSSTA (signature)

4 M.T. SAINUL ABIDEEN President KATF
5 SIBY ANTONY President PGTA Kerala
6. G. Sunilkumar. Gen. Secy KPPHA
7 E.T.K. ISMAYIL Gen: Secretary KGPSHA
8 Rejimon V.M President KPSHA
9. Dineshkumar. k President PBS
10. K. GOPAKUMAR. GEN. SECRETARY NVLA(VHSE)
11. SIJU. K. President. KAHSTA.
12 Abdul Salam. KR Gen Secy KUTA
13 Abdul Jaleel. P. Gen. secretary KHSTU
14. ABHILASH. G. Vice president DSTA
15 SANAL CHANDRAN CP President KSTF(P)

# K P S P E T A

( KERALA PRIVATE SCHOOL PHYSICAL EDUCATION TEACHERS ASSOCIATION )

Reg.G.O.(M.S.)143/79 Gen.Edn.dtd27-08-1979, Email: kpspetakerala@gmail.com

## STATE COMMITTEE

JR

*President:*
**BIJU DIVAKARAN**
NSSKPT VHSS
Ottapalam - 679 101
Palakkad
Mob : 7510250749
divakaranb281@gmail.com

*Genaral Secretary:*
**NABEEL K.**
AMHSS Poovambbayi
Kinalur Balussery
Kozhikode - 673 512
Mob : 9605153223
kandiyilnabeelnabco@gmail.com

*Tresurer*
**NOBLE JOSE**
SGHS Udumbannoor
Thodupuzha
Idukki
Mob : 9495575375
nobleonweb@gmail.com


സ്വീകർത്താവ്,

Date: 19/8/2025

ബഹു: പൊതുവിദ്യാഭ്യാസ സെക്രട്ടറി
പൊതുവിദ്യാഭ്യാസ വകുപ്പ്

വിഷയം:- അദ്ധ്യാപക സംഘടനകളുടെ ഹിതപരിശോധന ചട്ടഭേദഗതി നടപ്പിലാക്കുന്നത് സംബന്ധിച്ച്:-

സൂചന:- H3/14667/2025 ഡി.ജി.ഇ.

സാർ,

ഇന്ത്യൻ ഭരണഘടനയുടെ 19-ാം അനുച്ഛേദം പ്രതിപാദിക്കുന്ന സംഘടിക്കാനുള്ള സ്വാതന്ത്ര്യത്തിന് എതിരെയും നാളിതുവരെ കായികാദ്ധ്യാപകരുടെ നിരവധി പ്രശ്നങ്ങൾ QIP അദ്ധ്യാപകസംഘടനകൾ, പൊതുവിദ്യാഭ്യാസ വകുപ്പ് ഓഫീസർമാർ വിദ്യാഭ്യാസമന്ത്രി, മുഖ്യമന്ത്രി എന്നിവരുമായി ചർച്ച ചെയ്തിട്ടും നാളിതുവരെ യാതൊരു തീരുമാനം ഉണ്ടാകാത്തതിനാലും 27/8/1979 ൽ അംഗീകരിച്ച സംഘടനയായ KPSPETA ഹിതപരിശോധനയോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

എന്ന്
വിശ്വസ്തതയോടെ

(Signature)

KERALA PRIVATE SCHOOL PHYSICAL EDUCATION ASSOCIATION ★ STATE COMMITTEE

**BIJU DIVAKARAN**
**President, State Committee**
**KPSPETA - Kerala**
**Mob: 7510250749**

DEPARTMENTAL
# HIGHER SECONDARY SCHOOL TEACHERS ASSOCIATION
Recognised as per Order Number – GO (MS) 22/2011, P & ARD Dated 18/07/2011.
STATE COMMITTEE, THIRUVANANTHAPURAM
HSSTA TC 11/2082 C-6, "Krishna Vilas" Kanaka Nagar, Kowdiar P.O., Thiruvananthapuram - 695 003

PRESIDENT
VENKITA MOORTHY K
Principal
GVHSS Pazhanji, Thrissur
Phone : 9496444254
Email : venkitamoorthy@gmail.com

TREASURER
RIYAZ M
HSST Commerce
GHSS Payambra, Kozhikode
Phone : 9745640655
Email : irinriyaz@gmail.com

GENERAL SECRETARY
ANIL M GEORGE
Principal
GHSS Chittar, Pathanamthitta
Phone : 9745591677
Email : anilmodiyil@gmail.com

JR

പ്രേഷകൻ

**അനിൽ എം ജോർജ്,**

ജനറൽ സെക്രട്ടറി, എച്ച് എസ് എസ് ടി എ

സ്വീകർത്താവ്

**പ്രിൻസിപ്പൽ സെക്രട്ടറി**

പൊതു വിദ്യാഭ്യാസ വകുപ്പ്,

തിരുവനന്തപുരം

മാഡം,

വിഷയം : ഹിതപരിശോധനയിലൂടെ അധ്യാപക സംഘടനകൾക്ക് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ ചർച്ച നടത്തുന്നതിലേക്കായി 19.08.2025 ൽ തിരുവനന്തപുരത്ത് വിളിച്ചിരിക്കുന്ന അധ്യാപക സംഘടനാ പ്രതിനിധികളുടെ യോഗത്തെ സംബന്ധിച്ച്;

സൂചന : യോഗത്തിന്റെ പരിഗണനയ്ക്കായി തയാറാക്കി വിതരണം ചെയ്ത ചർച്ചാ കുറിപ്പ്;

മേൽ സൂചന പ്രകാരം KER Chapter XIV C Rule 51, 52 എന്നിവ ഭേദഗതി ചെയ്ത് ഹിതപരിശോധനയിലൂടെ അധ്യാപക സംഘടനകൾക്ക് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ ചർച്ച നടത്തുന്നതിലേക്കായി 2025 ഓഗസ്റ്റ് മാസം പത്തൊമ്പതാം തീയതി തിരുവനന്തപുരത്ത് വിളിച്ചിരിക്കുന്ന അധ്യാപക സംഘടനാ പ്രതിനിധികളുടെ യോഗത്തിന് മുന്നോടിയായി തയ്യാറാക്കി നൽകിയിട്ടുള്ള ചർച്ചാ കുറിപ്പിൽ പറഞ്ഞിരിക്കുന്നത് എല്ലാവിഭാഗങ്ങളേയും പ്രതിനിധീകരിക്കുന്ന സംഘടനകൾക്ക് മാത്രമേ അംഗീകാരം നൽകേണ്ടതുള്ളൂ എന്നും കാറ്റഗറി സംഘടനകൾക്ക് അംഗീകാരം നൽകേണ്ടതില്ല എന്നുമുള്ള നിലപാട് സ്വീകരിച്ചുകൊണ്ടുള്ള ഒരു ചർച്ച എന്നതാണ്. അതിനാൽ തന്നെ വളരേയേറെ മുൻവിധിയോടുകൂടിയതും ഇതിനോടകം തീരുമാനം എടുത്തുകൊണ്ടുള്ളതുമായ ഒരു അജണ്ടയുമായിട്ടാണ് യോഗം വിളിച്ചിരിക്കുന്നത് എന്ന് വ്യക്തമായിരിക്കുകയാണ്. മുൻകൂട്ടി. നിർണായകമായ തീരുമാനങ്ങൾ കൈക്കൊണ്ട ശേഷം പേരിന് വേണ്ടി ഒരു യോഗം വിളിച്ചുചേർക്കുന്നത് അനുചിതമാണെന്ന് മാത്രമല്ല, ചർച്ചയിൽ പങ്കെടുത്ത് ജനാധിപത്യ രീതിയിൽ തീരുമാനത്തിലെത്തുന്നതിനുള്ള ഒരു വിഭാഗത്തിന്റെ നിയമപരമായ അവകാശത്തിൻമേലുള്ള കടന്നുകയറ്റവും കൂടിയാണ്.

ചർച്ചാ കുറിപ്പിൽ സൂചിപ്പിച്ച കേസുകളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ സർക്കാർ നൽകിയിരിക്കുന്ന സത്യവാങ്മൂലങ്ങളിൽ പറയുന്നത് KER Chapter XIV- C Rule 51 പ്രകാരം അധ്യാപക സംഘടനകൾക്ക് അംഗീകാരം നൽകുന്നതിന് ആവശ്യമായ ഹിതപരിശോധന നടത്തുന്നതാണ് എന്നാണ്. ഈ ചട്ടം അനുസരിച്ച് സെക്കന്ററി വിഭാഗത്തിൽപ്പെട്ട പ്രത്യേക ക്ലാസുകളായ ഹെഡ്മാസ്റ്റർ,



File No. GE-JR1/526/2023-G.EDN (Computer No. 2565304)
Generated from eOffice by SREERAJ S K, ASO (JR1) G.EDN, ASO (JR1) G.EDN, General Education on 17/09/2025 06:26 PM

സബ്ജക്ട് അധ്യാപകർ, ഭാഷാ അധ്യാപകർ, സ്പെഷ്യലിസ്റ്റ് അധ്യാപകർ എന്ന നാല് വിഭാഗത്തിനും സമാനമായി പ്രൈമറി വിഭാഗത്തിൽപ്പെട്ട നാല് പ്രത്യേക ക്ലാസുകളിൽ പെട്ട അധ്യാപകർക്കിടയിലുമായിരുന്നു ഹിതപരിശോധന നടത്തേണ്ടിയിരുന്നത്. അങ്ങനെ വന്നാൽ എല്ലാ വിഭാഗത്തിൽപ്പെട്ടവരേയും പ്രതിനിധീകരിക്കുന്നവർ എന്ന് അവകാശപ്പെടുന്ന ചില സംഘടനകളുടെ അംഗബലം നിലവിലേതുപോലെ നിലനിർത്താനാവില്ല എന്ന തിരിച്ചറിവ് മൂലമാകാം KER വ്യവസ്ഥകൾക്ക് അനുസൃതമായ ഒരു ഹിതപരിശോധന നാളിതുവരെ നടക്കാതിരുന്നത്. ഇപ്രകാരം ഹിതപരിശോധന നടത്തണമെന്ന് 2010 ൽ തന്നെ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവുണ്ടായിട്ടും അത് നടപ്പാക്കാൻ KER ഭേദഗതി വേണം എന്ന് കേവലം പിടിവാശി മാത്രമല്ല ദുരുദ്ദേശപരവുമാണെന്ന് സംശയിക്കേണ്ട സാഹചര്യമാണ് ചർച്ചാ കുറിപ്പിലൂടെ വെളിവാക്കപ്പെടുന്നത്

സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമാണെങ്കിലും ഹയർ സെക്കന്ററി ഒരു Distinct Class ആയിട്ടാണ് നിൽക്കുന്നത്. അധ്യാപക സംഘടനകൾ രൂപീകരിക്കുന്നത് അവരവർ പ്രതിനിധീകരിക്കുന്ന മേഖലയുമായി ബന്ധപ്പെട്ട അക്കാദമികവും സർവീസ് സംബന്ധിച്ചതുമായ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും വിവിധ മാർഗങ്ങളിലൂടെ പ്രശ്ന പരിഹാരം തേടുന്നതിനുമാണെന്നിരിക്കേ, ഹയർസെക്കന്ററി മേഖലയുമായി അക്കാദമികമായോ ഘടനാപരമായോ റെഗുലേറ്ററി ചട്ടങ്ങൾ സംബന്ധമായോ യാതൊരുവിധ ബന്ധങ്ങളുമില്ലാത്ത വിഭാഗത്തിൽപ്പെട്ടവരെ കൂട്ടിക്കെട്ടി സംഘടന രൂപീകരിക്കുന്നതും അംഗീകാരം നൽകുന്നതും അധ്യാപക സംഘടനയുടെ രൂപീകരണ ലക്ഷ്യത്തെ പരാജയപ്പെടുത്തുന്നതും ഹയർസക്കന്ററി മേഖലയുടെ മുന്നോട്ടുള്ള സുഗമമായ നടത്തിപ്പിന് വിഘാതം സൃഷ്ടിക്കുന്നതുമാണ്. മാത്രമല്ല ഇന്ന് ഹയർസെക്കന്ററി മേഖല കൈവരിച്ചിട്ടുള്ള നേട്ടങ്ങളെപ്പോലും ഇല്ലാതാക്കുകയും ചെയ്യും.

ഹയർ സെക്കന്ററി അധ്യാപക നിയമനവും സ്ഥാനക്കയറ്റവുമെല്ലാം നിയന്ത്രിക്കുന്നത് Special Rules for the Kerala Higher Secondary Education State Service 2001 and Special Rules for Kerala Higher Secondary Education Subordinate Service 2001 എന്നിവ പ്രകാരമാണെന്നിരിക്കേ ഹൈസ്കൂൾ വിഭാഗത്തിൽപ്പെട്ടവർ Special Rules for Kerala General Education State Service / Special Rules for Kerala General Education Subordinate Service എന്നിവയുടെ പരിധിയിൽ വരുന്നവരാണ്.

കൂടാതെ ഗവൺമെന്റ് ഹയർ സെക്കന്ററി അധ്യാപകരുടെ അച്ചടക്കവുമായി ബന്ധപ്പെട്ട എല്ലാ ചട്ടങ്ങളും Kerala Government Servants' Conduct Rules 1960 ന്റെ പരിധിയിലായിരിക്കെ സംഘടനാ സ്വാതന്ത്ര്യം മാത്രമായി വേർതിരിച്ച് KER ന്റെ പരിധിയിലാക്കുന്നത് വിവേചനപരവും ദുരുദ്ദേശപരവുമാണ്.

ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളുമായി ബന്ധപ്പെട്ട് എയ്ഡഡ് സ്കൂൾ ജീവനക്കാർക്കും സർക്കാർ സ്കൂൾ ജീവനക്കാർക്കും വ്യത്യസ്ത ചട്ടങ്ങളാണ് നിലനിൽക്കുന്നത്. ഉദാഹരണമായി എയ്ഡഡ് മേഖലയിലുള്ളവർക്ക് രാഷ്ട്രീയ പ്രവർത്തനങ്ങളും തെരഞ്ഞെടുപ്പുകളിൽ മൽസരവും അനുവദനീയമാണെന്നിരിക്കേ സർക്കാർ സ്കൂൾ ജീവനക്കാർക്ക് ഇവ നിഷിദ്ധമാണ്.

ഇത്തരത്തിൽ ഒട്ടേറെ വൈവിധ്യങ്ങളും സങ്കീർണതകളും ഈ വിഷയവുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരിക്കേ തികച്ചും മുൻവിധിയോടെ ഹിഡൺ അജണ്ടയുമായി സംഘടിപ്പിക്കുന്ന ഒരു ചർച്ച ഒഴിവാക്കണമെന്നും ഹിതപരിശോധന ആവശ്യമെങ്കിൽ ആയത് KER Chapter XIV C Rule 51 ന്റെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് തന്നെ ഹയർ സെക്കന്ററി അധ്യാപകർ ഉൾപ്പെടെ ഓരോ Distinct class of teachers നും പ്രത്യേകമായ ഹിതപരിശോധന നടത്തി അംഗീകാരം നൽകുന്നതിനും ആവശ്യമായ നിയമാനുസൃത നടപടികൾ സ്വീകരിക്കണമെന്നും വിനീതമായി അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

HIGHER SECONDARY SCHOOL TEACHERS ASSOCIATION HSSTA

തിരുവനന്തപുരം,

അനിൽ എം ജോർജ്,

05/08/2025.

ജനറൽ സെക്രട്ടറി, എച്ച് എസ് എസ് ടി എ

ANIL. M. GEORGE
General Secretary
Higher Secondary School
Teachers Association

AKVHSVIA

ALL KERALA VOCATIONAL HIGHER SECONDARY
**VOCATIONAL INSTRUCTORS ASSOCIATION**
STATE COMMITTEE

Reg.No.3/97 G.O (Rt) 2861/ 97G.Edn (T).Dtd 19-08-97
akvhsviakerala@gmail.com www.facebook.com/vhsevi

**President**
SAMEER SIDEEQUI.P
GVHSS East Marady
Eranakulam
Mob:9447220332
advsameersp@gmail.com

**Vice Presidents**
Praveenkumar.G.S
Thiruvananthapuram
Mob:9388821112

Jahfar.P
Kozhikkode
Mob:9496342810

Pradeep Kumar.P
Kasargod
Mob-9447062833

**General secretary**
SHALU JOHN
St.George's VHSS Chowalloor
Edaikadom.PO Kollam 691505
shalujohn11@gmail.com
Mob:9400524282

**Joint Secretaries**
Syam.D
Kollam
Mob:9446915542

Behesh.E.R
Eranakulam
Mob-9495794640

**Secretaries**
Rajeev.P
Kottayam
Mob:9495749916

Sajeev.B
Idukki
Mob:9447332464

Sanjeev.G
Pathanamthitta
Mob:9447472833

**Treasurer**
VINOD.K.S
VHSS Arkannur
Arkannur P.O Kollam
PH:8086355300
ksvinodcrown@gmail.com

JR

Ref:No. Date: 19/8/2025

സ്വീകർത്താവ്

പൊതു വിദ്യാഭ്യാസ സെക്രട്ടറി
തിരുവനന്തപുരം

Sir,

വിഷയം: പൊതു വിദ്യാഭ്യാസം – സംഘടനാ- അംഗീകാര ഹിതപരിശോധന – ചട്ടം ഭേദഗതി സംബന്ധിച്ച് -

സൂചന: H3/14677/2025/DGE.

ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന (Art. 19) സ്വാതന്ത്ര്യം ഉപയോഗിച്ച് കൊണ്ട് 1997 മുതൽ പൊതു വിദ്യാഭ്യാസം (VHSE) മേഖലയിൽ അംഗീകാരമുള്ള ക്യാഡറിന്റെ സംഘടനയായ (AKVHSVIA) ഇപ്പോഴത്തെ പുതിയ KER ഭേദഗതി വരുത്തി ഹിതപരിശോധന നടത്തുവാനുള്ള സർക്കാർ വിളിച്ചു ചേർത്ത യോഗത്തിൽ ഉന്നയിക്കുന്ന വിയോജിപ്പിനോടും പ്രതിഷേധവും അറിയിക്കുന്നു.

KER ഹിതപരിശോധന നടത്തുവാനുള്ള തീരുമാനം പിൻവലിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുന്നു.

വിശ്വസ്തതയോടെ

Shalu John
Gen. Secretary

SR

# KERALA SCHOOL TEACHERS FRONT
## (K.S.T.F.)

GO (MS) 114/2001 - Gen. (J) Dept. Govt. of Kerala TVM. Dt. 27-3-2001
*State Committee, Kottayam*

President : Biju M.K., Iype Memorial H.S. Kaloor, Ernakulam, Mob : 9447872115
Gen. Secretary : P.M. Muhammadali, ALP School, Perumana, Kozhikode, Mob : 944797434
Treasurer : James Xavior, St. Joseph's H.S.S. Vilakkumadom, Kottayam, Mob : 9544151355

No. Date 19-08-2025

സ്വീകർത്താവ്

ബഹു. പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസവകുപ്പ്

സെക്രട്ടറിയേറ്റ് ആനക്സ്-II, തിരുവനന്തപുരം

**വിഷയം: കേരള വിദ്യാഭ്യാസ ചട്ടങ്ങൾ (KER) ഭേദഗതി ചെയ്ത് അധ്യാപക സംഘടനകളുടെ അംഗീകാര മാനദണ്ഡങ്ങൾ പുനഃപരിശോധിക്കുന്നതിനായി റഫറണ്ടം നടപ്പിലാക്കുന്നത് സംബന്ധിച്ച് കേരള സ്കൂൾ ടീച്ചേഴ്സ് ഫ്രണ്ട് (KSTF) സമർപ്പിക്കുന്ന നയരേഖ.**

**സമർപ്പിക്കുന്നത് : കേരള സ്കൂൾ ടീച്ചേഴ്സ് ഫ്രണ്ട് (KSTF)**

**മീറ്റിംഗ് തീയതി : 19-08-2025**

### 1. ആമുഖം

പൊതുവിദ്യാഭ്യാസവകുപ്പ് വകുപ്പ് 19-08-2025-ന് വിളിച്ചുചേർത്തിട്ടുള്ള യോഗത്തിൽ ഗവ. അംഗീകൃത അധ്യാപക സംഘടനയായ കേരള സ്കൂൾ ടീച്ചേഴ്സ് ഫ്രണ്ട് (KSTF), കേരള വിദ്യാഭ്യാസ ചട്ടങ്ങൾ (KER) ഭേദഗതി ചെയ്ത് അംഗീകൃത സംഘടനകളുടെ തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ റഫറണ്ടം വഴി പുനഃക്രമീകരിക്കുന്നതിനുള്ള സർക്കാരിന്റെ നീക്കത്തിനെതിരെ ശക്തമായ എതിർപ്പ് രേഖപ്പെടുത്തിക്കൊണ്ട് ഈ നായരേഖ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.



File No. GE-JR1/526/2023-G.EDN (Computer No. 2565304)
Generated from eOffice by SREERAJ S K, ASO (JR1) G.EDN, ASO (JR1) G.EDN, General Education on 17/09/2025 06:26 PM

2. **പശ്ചാത്തലം**

- പൊതുവിദ്യാഭ്യാസവകുപ്പ്, അധ്യാപക സംഘടനകളുടെ അംഗീകാര മാനദണ്ഡങ്ങളിൽ ഭേദഗതി നിർദ്ദേശിക്കുന്നതിന് യോഗം വിളിച്ചിരിക്കുന്നു.
- അംഗീകാരം നൽകുന്നതിന് ആവശ്യമായ കുറഞ്ഞ അംഗസംഖ്യ ഉറപ്പാക്കുക എന്നതാണ് സർക്കാരിന്റെ പ്രസ്താവിത ലക്ഷ്യം.
- നിർദ്ദേശിച്ച മാറ്റം ചെറുതും പ്രാദേശികതലത്തിലുള്ളതുമായ നിരവധി സംഘടനകളെ — പ്രതികൂലമായി ബാധിക്കുകയും അവരുടെ നിലനില്പ് തന്നെ അപകടത്തിലാക്കുകയും ചെയ്യും.

3. **നിയമ വശങ്ങൾ**

A. കേരള വിദ്യാഭ്യാസ ചട്ടങ്ങൾ (KER)

- KER XIV C, റൂൾസ് 51, 52 : അധ്യാപക സംഘടനകളുടെ അംഗീകാരവും പ്രവർത്തനവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ.
- റഫറണ്ടം സംബന്ധിച്ച് KER-ൽ വ്യവസ്ഥയൊന്നുമില്ല; ജനാധിപത്യപരമായ പ്രാതിനിധ്യത്തിനാണ് നിലവിലെ ചട്ടങ്ങൾ മുൻതൂക്കം നൽകുന്നത്.
- KER റൂൾസ് 77, 78 : നിയമാനുസൃതമായി രൂപീകരിക്കപ്പെട്ട സംഘടനകൾക്ക് പ്രവർത്തന സ്വാതന്ത്ര്യം ഉറപ്പുനൽകുന്നു.

B. **വിഷയവുമായി ബന്ധപ്പെട്ട കോടതി വിധികളും സർക്കുലറുകളും**

- WP(C) No. 19292/2021, WP(C) 21645/2022 എന്നീ കേസുകളിൽ ഹൈക്കോടതി വ്യക്തമായ തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ വേണമെന്നു പറഞ്ഞിട്ടുള്ളതും, പക്ഷേ സംഘടനകളുടെ അവകാശങ്ങളെ അനാവശ്യമായി നിയന്ത്രിക്കാൻ കഴിയില്ലെന്നു വ്യക്തമാക്കിയിട്ടുള്ളതുമാണ്.
- G.O.(P) No.99/11/G.Edn പ്രകാരമുള്ള സർക്കാരിന്റെ സർക്കുലറിൽ വൈവിധ്യമാർന്ന സംഘടനകൾക്ക് അംഗീകാരം നൽകണമെന്ന് പറഞ്ഞിട്ടുണ്ട്.
- സുപ്രീംകോടതിയും ഹൈക്കോടതിയും പല വിധികളിലും ചെറുസംഘടനകൾ ഉൾപ്പെടെ നിയമപരമായി അംഗീകരിക്കപ്പെട്ട സംഘടനകളുടെ അവകാശം സംരക്ഷിക്കേണ്ടതുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

4. **എതിർപ്പിന്റെ നിയമപരമായ അടിസ്ഥാനം**

A. അടിസ്ഥാനാവകാശ ലംഘനം

- ഭരണഘടനയിലെ ആർട്ടിക്കിൾ 19(1)(c) പ്രകാരം ഭരണഘടന ഉറപ്പുനൽകുന്ന സംഘടനാ സ്വാതന്ത്ര്യത്തെ റഫറണ്ടവും ഉയർന്ന അംഗസംഖ്യാ മാനദണ്ഡവും ലംഘിക്കുന്നു.

B. നടപടിക്രമത്തിലെ വീഴ്ചകൾ

- ആവശ്യമായ ആലോചനയും പങ്കാളിത്തവും കൂടാതെ സർക്കാർ അജണ്ട നിശ്ചയിച്ചിട്ടുള്ളത് സ്വാഭാവിക നീതിയുടെ ലംഘനമാണ്.

C. പ്രതിനിധാനത്തിലുള്ള അവകാശ ലംഘന പ്രശനങ്ങൾ

- ചെറുസംഘടനകൾ പുറത്താക്കപ്പെടുന്നതോടെ നിരവധി അധ്യാപകർക്ക് സ്വന്തം പ്രശ്നങ്ങൾ ഉന്നയിക്കാൻ വേദി നഷ്ടപ്പെടും.

- വലിയ സംഘടനകൾക്ക് എല്ലാ വിഭാഗങ്ങളുടെയും ആവശ്യങ്ങൾ പ്രതിനിധാനം ചെയ്യാൻ സാധിക്കണമെന്നില്ല.

D. നിയമപരമായ അമിതധികാര പ്രവണത

- KER-ൽ റഫറണ്ടം നടത്താനോ സംഘടനകളുടെ എണ്ണം പരിമിതപ്പെടുത്താനോ വ്യവസ്ഥയില്ല. ഭരണഘടനാനുസൃതമായ നിയമ ഭേദഗതി വഴിയല്ലാതെ, ഭരണനിർദ്ദേശങ്ങളിലൂടെ മാത്രം ഇത്തരമൊരു നടപടിയെടുക്കാനാവില്ല.

E. മുൻ കോടതി വിധികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

- ഹൈക്കോടതിയും സുപ്രീംകോടതിയും സംഘടനാ വൈവിധ്യം നിലനിർത്തുന്നതിനും ചെറുസംഘടനകളെ സംരക്ഷിക്കുന്നതിനും നൽകിയ വിധികൾക്ക് വിരുദ്ധമാണ് സർക്കാർ നീക്കം.

5. **ആവശ്യങ്ങൾ**

മുകളിൽ പറഞ്ഞ സാഹചര്യങ്ങളിൽ, KSTF അഭ്യർത്ഥിക്കുന്നു :

1. റഫറണ്ടം നടത്തി അധ്യാപക സംഘടനകളുടെ അംഗീകാരം പരിമിതപ്പെടുത്താനുള്ള നിർദ്ദേശം ഭരണഘടനാ വിരുദ്ധവും നിയമവിരുദ്ധവും ആയതിനാൽ പിൻവലിക്കണം.

2. ഈ നീക്കം KSTF ഉൾപ്പെടെയുള്ള സംഘടനകളുടെ നിയമാനുസൃതമായ നിലനില്പിനും പ്രവർത്തനത്തിനും നേരിട്ടുള്ള ഭീഷണിയാണ്.

3. വകുപ്പ്, എല്ലാ പങ്കാളികളുടെയും പ്രതിനിധാനം ഉറപ്പാക്കുന്ന സമിതിയെ രൂപീകരിച്ച് വിഷയത്തെസമീപിക്കണം.

4. ഭാവിയിൽ നടത്തുന്ന ഏതെങ്കിലും നിയമഭേദഗതികൾ, സുതാര്യമായതും , നിയമാനുസൃതമായതും ഉൾച്ചേർന്നതും ആയിരിക്കണം.

5. നിലവിലുള്ള നിയമങ്ങളും കോടതി വിധികളും സംഘടനാ വൈവിധ്യത്തെ പിന്തുണയ്ക്കുന്നവയാണ്, അത് സംരക്ഷിക്കപ്പെടണം.

6. **സംഗ്രഹം**

കേരള സ്കൂൾ ടീച്ചേഴ്സ് ഫ്രണ്ട് (KSTF) ജനാധിപത്യ മൂല്യങ്ങളുടെയും അധ്യാപകരുടെ വൈവിധ്യമാർന്ന ശബ്ദങ്ങളുടെയും സംരക്ഷണത്തിനും പ്രതിനിധാനത്തിനും പ്രതിബദ്ധമാണ്. സംഘടനാ ബഹുസ്വരതയെ നിയന്ത്രിക്കുന്ന സർക്കാരിന്റെ നീക്കം അധ്യാപകരുടെ അവകാശങ്ങളിലേയ്ക്കുള്ള കടന്നുകയറ്റമാണെന്നും, റെഫറണ്ടം നടപ്പിലാക്കാനുള്ള തീരുമാനത്തിൽനിന്നും സർക്കാർ പിന്നോട്ടുപോകണമെന്നും കേരള സ്കൂൾ ടീച്ചേഴ്സ് ഫ്രണ്ട്(KSTF) )ആവശ്യപ്പെടുന്നു. .

**സൂചന പരാമർശങ്ങൾ:**

- കേരള എജുക്കേഷൻ റൂൾസ് XIV C, റൂൾസ് 51, 52, 77, 78
- G.O.(P) No.99/11/G.Edn
- WP(C) No.19292/2021, WP(C) 21645/2022
- ഹൈക്കോടതിയും സുപ്രീംകോടതിയും : സംഘടനാ അവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട വിധികൾ

KSTF (KERALA SCHOOL TEACHERS FRONT) KOTTAYAM State Committee

BIJU M.K.
President, KSTF

# P. G. T. A. KERALA

**PRIVATE SCHOOL GRADUATE TEACHERS ASSOCIATION, KERALA**

(Recognised by the Government of Kerala as per G.O. (Ms) 172/71. S. Edn. Dated 04/12/1971.)

**STATE COMMITTEE**

E Mail:pgtapresident@gmail.com,pgtakerala1@gmail.com

| *President* | *General Secretary* | *Treasurer* |
|---|---|---|
| SIBY ANTONY THEKKEDATHE | SUDHEER CHANDRAN | SHAFEER K |
| SS HSS KADANAD | SV HS PULLAD, Thiruvalla | SPS ANIKODE |
| Kottayam - 686653 | Pathanamthitta - 689548 | Kariankode P. O. |
| 9446608780(M), 04822246230(S) | 9400425600(M) | Palakkad - 678572 |
| 6282644070(M) | 04692680311(S) | 9037171788(M) 9539393578(S) |


No-165/2025 Date-19/08/2025

To,

ബഹു. പൊതു വിദ്യാഭ്യാസ സെക്രട്ടറി
കേരള സർക്കാർ സെക്രട്ടറിയേറ്റ്.
തിരുവനന്തപുരം.

വിഷയം - അധ്യാപക സംഘടനകളുടെ ഹിതപരിശോധന -ചട്ടഭേദഗതി സംബന്ധിച്ച്;
സൂചന - Lr.No.-H3/14667/2025 DGE. Dated-28/07/25.

സർ,

മേൽ വിഷയവുമായി ബന്ധപ്പെട്ട് 19/ 8/ 25 ന് സർക്കാർ വിളിച്ചു ചേർക്കുന്ന അധ്യാപക സംഘടന യോഗത്തിൽ പ്രൈവറ്റ് സ്കൂൾ ഗ്രാജ്വേറ്റ് ടീച്ചേഴ്സ് അസോസിയേഷൻ PGTA കേരള താഴെപ്പറയുന്ന ജനാധിപത്യവിരുദ്ധവും, അന്യായവുമായ കാരണങ്ങളാൽ കെ ഇ ആർ ചട്ടഭേദഗതിയെയും, ഹിതപരിശോധനയെയും എതിർക്കുന്നു.

1) കേരളത്തിലെ അധ്യാപക സംഘടനകൾ പൊതുവിദ്യാഭ്യാസത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കുന്ന സംഘടന അംഗങ്ങളായ അധ്യാപകരുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനും അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് വേണ്ടി രൂപീകരിക്കപ്പെടുകയും,KER ചട്ട പ്രകാരം സർക്കാർ അംഗീകാരം നൽകുകയും ചെയ്തിട്ടുള്ളതാണ്. സർക്കാരിൽ നിന്നോ പൊതുജനങ്ങളിൽ നിന്നോ യാതൊരുവിധത്തിലുള്ള സാമ്പത്തിക സഹായങ്ങളും ഞങ്ങൾ സ്വീകരിക്കാറില്ല ആയതിനാൽ തന്നെ സർവീസ് സംഘടനകളുടെ ഹിതപരിശോധന അന്യായവും അനീതിയും ജനാധിപത്യ വിരുദ്ധവുമാണ്. കേരളത്തിൽ വിവിധ മേഖലകളിലായി നൂറിൽപരം സർവീസ് സംഘടനകൾ പ്രവർത്തിക്കുമ്പോൾ അധ്യാപക മേഖലയിൽ മാത്രം ഹിത പരിശോധന നടത്തുന്നത് അന്യായവും ഭരണഘടന വിരുദ്ധവുമാണ്. അതിനാൽ PGTA അതിനെ ശക്തിയായി എതിർക്കുന്നു .

2) വിവിധ കാറ്റഗറിക്കൽ സംഘടനകൾ KER ചട്ട പ്രകാരം രൂപീകരിക്കാം എന്നിരിക്കെ, അവയുടെ എല്ലാം കൂട്ടായ പ്രവർത്തനത്തിലൂടെയാണ് പൊതുവിദ്യാഭ്യാസരംഗം ഇത്ര നല്ല രീതിയിൽ കേരളത്തിൽ പ്രവർത്തിച്ചു വരുന്നത്. ഓരോ വിഭാഗം സംഘടനകൾക്കും അവരുടെ അംഗങ്ങളുടെ ആവശ്യങ്ങളും ഉത്തരവാദിത്വങ്ങളും സർക്കാരിന് മുമ്പിലും വകുപ്പിന് മുമ്പിലും എത്തിക്കുവാൻ നാളിതുവരെ സാധിച്ചിട്ടുണ്ട്. ഈ കൂട്ടായ്മയിലൂടെയാണ് പൊതുവിദ്യാഭ്യാസ രംഗത്ത് കേരളം ഉന്നതിപ്രാപിച്ചത്. അങ്ങനെ ദീർഘവീക്ഷണത്തോടെ ഉണ്ടാക്കിയിട്ടുള്ള KER ചട്ടങ്ങളിലെ ഭേദഗതി നിയമവിരുദ്ധവും സംഘടനകളെ ഇല്ലായ്മ ചെയ്യുന്നതിനുള്ള ഗൂഢനീക്കമാണ്. ആയതിനാൽ അതിനെയും PGTA ശക്തിയായി എതിർക്കുന്നു.

3.) PGTA KERALA Origin & Recognition: 1961 ഒക്ടോബർ പത്താം തീയതി കേരളത്തിലെ എയ്ഡഡ് സ്കൂളുകളിലെ ഗ്രാജ്വേറ്റ് അധ്യാപകർ കോട്ടയം YMCA (A.V.Gorge) ഹാളിൽ ഒത്തുചേർന്ന് ഒരു സ്വതന്ത്ര അധ്യാപക സംഘടന രൂപീകരിക്കുവാൻ തീരുമാനിക്കുകയും അതിൻപ്രകാരം രൂപീകൃതമായ സംഘടനയാണ് പ്രൈവറ്റ് സ്കൂൾ ഗ്രാജ്വേറ്റ് ടീച്ചേഴ്സ് അസോസിയേഷൻ കേരള (PGTA Kerala). സ്ഥാപക പ്രസിഡണ്ടായി S.A ജെയിംസിനെയും, ജനറൽ


File No. GE-JR1/526/2023-G.EDN (Computer No 2266530)
P. G. T. A. State Committee Office: St. Sebastian's HSS Campus, Kadanad P. O., Kottayam DT, Pin: 686653
Generated from eOffice by SREERAJ S K, ASO (JR1) G.EDN, ASO (JR1) G.EDN, General Education on 17/09/2025 06:26 PM

സെക്രട്ടറിയായി V.S. മാതൃവിനെയും യോഗം തെരഞ്ഞെടുത്തു. സംഘടന എല്ലാ വർഷവും അതിൻറെ സംസ്ഥാന സമ്മേളനങ്ങൾ നടത്തി വരാറുണ്ട്. ഈ വർഷം 2025 Jan.31,Feb.1 തീയതികളിൽ പാലക്കാട് തസ്രാക്കിൽ വച്ച് സംഘടനയുടെ 64-മത് സംസ്ഥാന സമ്മേളനം വിവിധ പരിപാടികളോടെ നടത്തപ്പെട്ടു. ബഹു.വൈദ്യുത വകുപ്പ് മന്ത്രി ശ്രീ കെ കൃഷ്ണൻകുട്ടി സമ്മേളനം ഉദ്ഘാടനം ചെയ്തു . ശ്രീ രാഹുൽ മാങ്കൂട്ടത്തിൽ MLA വിദ്യാഭ്യാസ സെമിനാർ ഉദ്ഘാടനം ചെയ്യുകയുണ്ടായി.1962 ൽ റാന്നി, 1963 ൽ എറണാകുളം, 1964 പത്തനംതിട്ട, 1965 തിരുവനന്തപുരം, 1966 തിരുവല്ല ,1967 കോട്ടയം എന്നിവിടങ്ങളിൽ വെച്ച് ആദ്യകാല (1-6) വാർഷിക സമ്മേളനങ്ങൾ നടത്തുകയും പുതിയതായി സംഘടനയിലേക്ക് അംഗങ്ങളെ ചേർക്കുകയും ചെയ്തുകൊണ്ടിരുന്നു. വിശദമായ ചർച്ചകൾക്ക് ശേഷം KER ചട്ടങ്ങൾക്കും, നിയമങ്ങൾക്കും അനുസൃതമായി 1967 ൽ PGTA KERALA യുടെ ഭരണഘടന എഴുതി തയ്യാറാക്കുകയും അത് 15/1/67 ൽ കോട്ടയം YMCA ഹാളിൽ ചേർന്ന ആറാം സംസ്ഥാന സമ്മേളനം ഏകകണ്ഠമായി പാസാക്കുകയും അത് സർക്കാരിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട് .

4). KER Ch. XIVC,Rule 51,52 ചട്ടപ്രകാരമുള്ള PGTA Kerala അംഗങ്ങളുടെ ലിസ്റ്റും (Rule51(b)(7) അനുസൃതമായി), ഭരണഘടനയും, മറ്റ് ആവശ്യമായ രേഖകളും സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് 1971 ൽ G.O.(Ms)No.172/71.S.Edn. Dated 04/12/1971. PGTA KERALA ക്ക് KER Rule 51(b)(9)സർക്കാർ അംഗീകാരം ലഭിച്ചിട്ടുള്ളത്. തുടർന്ന് സർക്കാരും പൊതു വിദ്യാഭ്യാസവകുപ്പും വിളിക്കുന്ന എല്ലാ യോഗങ്ങളിലുംസംഘടനയുടെ പ്രതിനിധികൾ പങ്കെടുത്തത് സംബന്ധിച്ചുള്ള രേഖകൾ പ്രസ്തുത യോഗങ്ങളുടെ മിനിറ്റ്സ് പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്. കേരള സംസ്ഥാന ശമ്പള പരിഷ്കരണ കമ്മീഷനുമായി പി ജി ടി എ കേരള നേതാക്കൾ ചർച്ച നടത്തിയത് സംബന്ധിച്ച് കമ്മീഷൻ റിപ്പോർട്ടുകൾ പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്.

5) KER ചട്ടങ്ങൾക്കും, നിയമങ്ങൾക്കും അനുസൃതമായി എഴുതി തയ്യാറാക്കുകയും ,ആറാം സംസ്ഥാന സമ്മേളനം ഏകകണ്ഠമായി പാസാക്കുകയും,സർക്കാരിലേക്ക് നൽകുകയും ചെയ്ത 1967 ലെ PGTA KERALA മൂല ഭരണഘടനയിലെ Rule-18 ലെ വ്യവസ്ഥകൾക്ക് വിധേയമായി ഭരണഘടന കാലോചിതമായി പരിഷ്കരിക്കുന്നതിനും, സർക്കാർ നൽകിയ G.O.(Ms) No.172/71.S.Edn.Dated 04/12/1971) ഉൾപ്പെടെ, പുതിയ ചട്ടങ്ങളും, വകുപ്പുകളും ചേർത്തുകൊണ്ട് KER ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി കാലോചിതമായി പരിഷ്കരിക്കുവാൻ 18/1/86 ൽ എറണാകുളത്ത് ചേർന്ന PGTA സ്റ്റേറ്റ് കൗൺസിൽ തീരുമാനിച്ചു. ഇങ്ങനെ ഭരണഘടന പരിഷ്കരിക്കുവാൻ ശ്രീ.C.K.കുര്യാക്കോസ് കൺവീനറായും, ശ്രീ പി സി ജോർജ്, ശ്രീ. P മഹേശ്വരൻ പോറ്റി എന്നിവർ അംഗങ്ങളായും ഭരണഘടന പരിഷ്കരണ നിർമ്മാണ കമ്മിറ്റിയെ സ്റ്റേറ്റ് കൗൺസിൽ ചുമതലപ്പെടുത്തി നിയമിക്കുകയുണ്ടായി. ഈ വിവരം സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.വിശദമായ ചർച്ചകൾക്കും ആവശ്യമായ പഠനങ്ങൾക്കും മറ്റ് സംഘടനകളുടെ ഭരണഘടന ഉൾപ്പെടെയുള്ളവ പരിശോധിച്ച് ആവശ്യമായ കൂട്ടിച്ചേർക്കലുകളോടുകൂടി ഇന്ത്യൻ ഭരണഘടനയുടെ മാതൃകയിൽ എഴുതി തയ്യാറാക്കിയ പുതുക്കിയ ഭരണഘടനയുടെ കരട് രൂപം തിരുവനന്തപുരം KPSHA ഹാളിൽ 15/2/86 ൽ ചേർന്ന സ്റ്റേറ്റ് കൗൺസിലിൽ അവതരിപ്പിച്ചു. വിശദമായ ചർച്ചകൾക്ക് ശേഷം PGTA Kerala യുടെ 25 വാർഷിക പൊതുയോഗത്തിൽ അവതരിപ്പിച്ച അംഗീകാരം നേടുവാൻ സ്റ്റേറ്റ് കൗൺസിൽ തീരുമാനിക്കുകയും ഈ വിവരം സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.തിരുവനന്തപുരം V.J.T. ഹാളിൽ 6/3/1986 to 8/3/1986 ൽ ചേർന്ന 25 മത് PGTA Kerala വാർഷിക പൊതുസമ്മേളനത്തിൽ പരിഷ്കരിച്ച ഭരണഘടന അവതരിപ്പിക്കുകയും, സംസ്ഥാന പ്രസിഡണ്ട് P.O.തോമസിന്റെ അധ്യക്ഷതയിൽ കൂടിയ 25 മത് വാർഷിക പൊതുസമ്മേളനം ഐക്യകണ്ഠേന അംഗീകരിക്കുകയും പ്രസിഡണ്ട് ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുള്ളതാണ് .ഇപ്രകാരം ഭരണഘടന പുതുക്കിയ വിവരം ബഹു സർക്കാരിനെയും ഡിപിഐയെയും അറിയിക്കുകയും സമ്മേളന തീരുമാനങ്ങൾ ഉൾപ്പെടുന്ന രേഖകൾ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. പരിഷ്കരിച്ച പതിപ്പ് 15/10/1987 അച്ചടിച്ച് പ്രസിദ്ധീകരിക്കുകയും,അത് പൊതു വിദ്യാഭ്യാസ വകുപ്പിലേക്കും സർക്കാരിലേക്കും സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്.

ഇങ്ങനെ പുതുക്കിയ PGTA ഭരണഘടനയിലെ Article-I.ലെ Section I.Name; Section 2.Origin; Section 3.Constitution; Section 4 Govt. Recognition സംബന്ധിച്ചുള്ള പുതിയ കൂട്ടിച്ചേർക്കലുകൾ(Additions) ആണ്. ഇതിൻറെ കവർ പേജ് കളർ ആക്കി 15/2/2009 ൽ Re Print ചെയ്ത് പുന.പ്രസിദ്ധീകരിച്ചിട്ടുണ്ട്.അത് പൊതു വിദ്യാഭ്യാസ വകുപ്പിലേക്കും സർക്കാരിലേക്കും സമർപ്പിക്കുകയും .ചെയ്തിട്ടുള്ളതാണ്. ശ്രീ APM മുഹമ്മദ് ഹനീഷ് IAS ബഹു. DPI ആയിരുന്ന കാലഘട്ടത്തിൽ അംഗീകൃത അധ്യാപക സംഘടനകളുടെ പട്ടിക ഉണ്ടാക്കുന്നതിന് വേണ്ടി, സംഘടനകളുടെ Letter Head ൽ ഭാരവാഹികളുടെ പേരു വിവരവും ,ഭരണഘടന/ബൈലോയുടെ copy, അംഗീകാരം ലഭിച്ച G.O. യുടെ copy, നൽകുവാൻ ആവശ്യപ്പെടുകയും തദവസരത്തിൽ PGTA Kerala ജനറൽ സെക്രട്ടറിയായിരുന്ന സിബി ആൻറണി അത് സമർപ്പിച്ചിട്ടുള്ളതാണ്. ഈ രേഖകളുടെ അടിസ്ഥാനത്തിലാണ് DPI (H) സെക്ഷനിൽ അംഗീകൃത അധ്യാപകരുടെ അധ്യാപക സംഘടന ഭാരവാഹികളുടെ ലിസ്റ്റ് അന്ന് ഉണ്ടാക്കുകയും,അത് അന്ന് DPI-H സെക്ഷനിൽ ലഭ്യമായതും ആണ്.

കൂടാതെ സംഘടനാ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതിനാൽ PGTA Kerala യിൽ നിന്ന് പുറത്താവുകയും,മറ്റൊരു സംഘടനയിൽ ചേരുകയും ചെയ്ത K.R ജയകുമാർ എന്ന മുൻ ജനറൽ സെക്രട്ടറി ,PGTAKerala മറ്റൊരു സംഘടനയിൽ ലയിച്ചു എന്ന് വസ്തുതാ വിരുദ്ധവും, അടിസ്ഥാനരഹിതവുമായി ആരോപിക്കുകയും,അങ്ങനെ ലയിച്ചതിനാൽ PGTA KERALA യുടെ നിലവിലുള്ള സർക്കാർ അംഗീകാരം റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിലേക്കും വിദ്യാഭ്യാസ വകുപ്പിലേക്കും പരാതി നൽകുകയും ചെയ്തു. ഇതിനെ തുടർന്ന് ബഹു പൊതു വിദ്യാഭ്യാസഡയറക്ടർ പി ജി ടി എ ഭാരവാഹികളെ സംഘടന നേതാക്കളുടെ യോഗങ്ങളിലേക്ക് ക്ഷണിക്കുന്നത് താൽക്കാലികമായി നിർത്തിവയ്ക്കുകയുണ്ടായി. പിന്നീട് 23/3/2012 ൽ ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രിയെ നേരിൽകണ്ട് PGTA ഭാരവാഹികൾ വസ്തുതകൾ ബോധിപ്പിക്കുകയും പരാതി നൽകുകയും ചെയ്തു. പ്രസ്തുത പരാതി സർക്കാർ പുറത്തെഴുത്ത് നമ്പർ-62/2012/M.Edn.Dated 22/3/12 നമ്പറായി.... പുതിയ ഒരു സംഘടനയുടെ അംഗീകാരമല്ല ഉദ്ദേശിക്കുന്നത് നേരത്തെ അംഗീകാരം ഉണ്ടായ സംഘടന പിളർന്നതിനുശേഷം വീണ്ടും ഒന്നായി തീർന്ന സാഹചര്യത്തിൽ സംഘടനയ്ക്ക് നേരത്തെ ഉണ്ടായിരുന്ന അംഗീകാരം തിരിച്ചു നൽകുകയാണ് വേണ്ടത് .പരിശോധിച്ച് ഇതോടൊന്നിച്ചുള്ള നിവേദനങ്ങൾ സഹിതം റിപ്പോർട്ട് സമർപ്പിക്കുക..എന്ന നിർദ്ദേശത്തോടുകൂടി ബഹു DPI നൽകുകയുണ്ടായി തുടർന്ന് ബഹു. DPI നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഹു. കേരള സർക്കാർ No- 75489 /J3/11/ പൊ.വി.വ. തീയതി 4/4/2013 ഉത്തരവ് വഴി പി.ജി.ടി.എ കേരള എന്ന സംഘടനയ്ക്ക് നിലവിലുള്ള അംഗീകാരം തുടരാവുന്നതാണ് എന്ന് ഉത്തരവായിട്ടുണ്ട് .

6) എല്ലാ വാർഷികസമ്മേളനത്തിനു ശേഷവും സമ്മേളനം അംഗീകരിച്ച വാർഷിക റിപ്പോർട്ട്, പ്രമേയങ്ങളും ആവശ്യങ്ങളും, തെരഞ്ഞെടുക്കപ്പെട്ട പുതിയ സംസ്ഥാന ഭാരവാഹികളുടെയും, സ്റ്റേറ്റ് കൗൺസിൽ അംഗങ്ങളുടെയും പേരുവിവരം,പത്രവാർത്തകൾ എന്നിവ സർക്കാരിലേക്കും, പൊതു വിദ്യാഭ്യാസ വകുപ്പിലേക്കും കൃത്യമായി PGTA Kerala സമർപ്പിക്കാറുണ്ട് എന്ന വസ്തുത അങ്ങേയ്ക്ക് പരിശോധിച്ചാൽ വ്യക്തമാകുന്നത്. സമ്മേളനങ്ങളോട് അനുബന്ധിച്ച് പുറത്തിറക്കാനുള്ള സംഘടനയുടെ വാർഷിക പതിപ്പായ The Graduate 2024 പേജ് 86-108 ഉത്ഭവവും മുതൽ ഇന്നുവരെ നടന്നിട്ടുള്ള 64 വാർഷിക സമ്മേളനങ്ങളും നടന്നതീയതിയും,സ്ഥലവും,പുതിയതായി തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാന പ്രസിഡണ്ട് ,ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവരുടെ പേര് വിവരവും അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ളത് അങ്ങയുടെ പരിശോധനയ്ക്കായി സമർപ്പിക്കുന്നു. കൂടാതെ ഇത്തരം വാർഷിക പതിപ്പുകളിൽ അതാത് കാലത്തെ വാർഷിക റിപ്പോർട്ട്,സമ്മേളനം അംഗീകരിച്ച പ്രമേയങ്ങൾ ആവശ്യങ്ങൾ,സമ്മേളന റിപ്പോർട്ട്,പുതുതായി തെരഞ്ഞെടുക്കപ്പെട്ട സ്റ്റേറ്റ് കൗൺസിൽ അംഗങ്ങളുടെ ഫോട്ടോകൾ സഹിതം അച്ചടിച്ച് വിതരണം ചെയ്തിട്ടുള്ളതാണ് .

7) Inclusive Membership: Nursery മുതൽ Higher Secondary വരെയുള്ള മുഴുവൻ വിഭാഗങ്ങളിലെ അധ്യാപകരും PGTA Kerala-യുടെ അംഗങ്ങളാണ്.

8)Service Character: സംഘടന ഒരു Service Organization മാത്രമാണ്. സർക്കാർ വഴിയോ പൊതുജനങ്ങളിലൂടെയോ യാതൊരു സാമ്പത്തിക സഹായവും സ്വീകരിക്കുന്നില്ല. സംഘടനയുടെ പ്രവർത്തനം മുഴുവനും സ്വമേധയായാണ്.

9) Legal Standing: സർക്കാർ ഉത്തരവിലൂടെ അംഗീകാരം ലഭിച്ചിരിക്കുന്ന സംഘടനയായതിനാൽ, വീണ്ടും referendum/verification നടത്തുന്നത് അനാവശ്യവും അന്യായവും ആണ്.

**അതിനാൽ,PGTA Kerala-യെ വീണ്ടും referendum/verification വിധേയമാക്കാതെ, ഇതിനകം തന്നെ G.O (MS) 172/71.School Education.Dated 04/12/1971 പ്രകാരം ലഭിച്ച Government അംഗീകാരം തുടരണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.**

PGTA കേരള സംസ്ഥാന കമ്മിറ്റിക്ക് വേണ്ടി

വിശ്വസ്തതയോടെ

| President | General Secretary | Treasurer |
| --- | --- | --- |
| Siby Antony | Sudheer Chandran | Shafeer K |